# മലങ്കര സുറിയാനി കത്തോലിക്കാസഭ

## പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി

21–23 സെപ്റ്റംബർ, 2011

## "സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ"

**പരി. കാതോലിക്കാ ബാവായുടെ കല്പന**
**അസംബ്ലിയുടെ നിബന്ധനകൾ**
**പഠനത്തിനും ചർച്ചയ്ക്കുമായുള്ള മാർഗരേഖ**

മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം - 695 004

2011

# ഉള്ളടക്കം

| | പേജ് |
|---|---|
| പരി. കാതോലിക്കാ ബാവായുടെ കല്പന | 5 |
| അസംബ്ലിയുടെ നിബന്ധനകൾ | 11 |
| പഠനത്തിനും ചർച്ചയ്ക്കുമായുള്ള മാർഗരേഖ | 19 |
| അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന | 69 |

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 1/2011

സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും

സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

## പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ദൈവത്തിന്റെ അനന്തമായ നടത്തിപ്പിൽ നമ്മുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ 6-ാം വാർഷികവും കാതോലിക്കാദിനവും 2011 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച നാം ആചരിക്കുകയാണല്ലൊ. നമ്മുടെ കർത്താവിന്റെ വത്സല ശിഷ്യനായ മാർത്തോമ്മായുടെ ശ്ലൈഹിക പാരമ്പര്യത്തിൽ നിന്നുത്ഭവിച്ച നമ്മുടെ സഭയുടെമേൽ ദൈവം വർഷിക്കുന്ന അനുഗ്രഹങ്ങൾക്ക് നമുക്ക് കൃതജ്ഞതയർപ്പിക്കാം. ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ സഭാമക്കൾക്കേവർക്കും ഞാൻ ആശംസിക്കുന്നു.

ഈ അവസരത്തിൽ നമ്മുടെ സഭാജീവിതത്തിന്റെ ദൗത്യവും ദർശനവും പരിശുദ്ധാത്മാവിൽ പുനർചിന്തനം ചെയ്യുന്നതിനും പുനഃപ്രതിഷ്ഠിക്കുന്നതിനുമായി മലങ്കര സുറിയാനി കത്തോലിക്കാസഭാഅസംബ്ലി (സീറോ മലങ്കര കാത്തലിക് ചർച്ച് അസംബ്ലി) വിളിച്ചുകൂട്ടുവാനുള്ള നമ്മുടെ സഭയുടെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം ഞാൻ നിങ്ങളെ സസന്തോഷം അറിയിക്കുന്നു.

പിതാവായ ദൈവത്താൽ ലോകത്തിലേക്കയയ്ക്കപ്പെട്ട സ്നേഹത്തിന്റെയും രക്ഷയുടെയും സുവിശേഷകനാണ് കർത്താവായ യേശുക്രിസ്തു. "ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). പിതാവായ ദൈവം തന്റെ പുത്രനെ ഏല്പിച്ച ഈ രക്ഷാകര ദൗത്യം ഭൂമിയിൽ അനസ്യൂതം തുടരുന്നതിനും, "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനുമായി" (മർക്കോ 3:14, 15) തെരഞ്ഞെടുത്ത വി. ശ്ലീഹന്മാരെ "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും" (മത്താ 28:18) നൽകി ലോകത്തിന്റെ അതിർത്തികൾവരെ അയച്ചു. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:19). തന്റെയും പരിശുദ്ധാത്മാവിന്റെയും നിരന്തരമായ സാന്നിദ്ധ്യവും ശ്കതിയും വാഗ്ദാനം ചെയ്ത കർത്താവ് അരുളിചെയ്തു: "പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അ.പ്ര 1:8).

കർത്താവായ യേശുക്രിസ്തു മൂലക്കല്ലായി "അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട" സഭ സ്വഭാവത്താൽത്തന്നെ സുവിശേഷകയാണ്. ഈ സഭ "കർത്താവിൽ പരിശുദ്ധ ആലയമായി വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2:20-22). സഭ കർത്താവിന്റെ ആലയം മാത്രമല്ല അവിടുത്തെ മൗതീകശരീരം തന്നെയാണ്: "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12:27). യേശുവിന്റെ മൗതികശരീരമായ സഭ "തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്." (1 പത്രോ 2:9). അങ്ങനെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി സാർവ്വത്രികസഭ വിളങ്ങി പ്രകാശിക്കുന്നു (തിരുസഭ 4).

മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിൽ നിന്നു ത്ഭവിച്ച മലങ്കരസഭ സാർവത്രിക സഭാസർഗം വീണ്ടെടുക്കുകയും സാർവത്രികസഭയുടെ ചൈതന്യത്തിലധിഷ്ഠിതമായി സഭാദൗത്യം ഈ ഭാരതമണ്ണിൽ നിർവഹിച്ചു വരുന്നു. പൗരസ്ത്യ സഭാജീവിതാവി ഷ്ക്കാരമായ ആരാധനാക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷ ണക്രമം, എന്നിവ ഭാരത ജനതയുടെ സംസ്ക്കാരത്തോടും ദൈവാഭി മുഖ്യത്തോടും സമന്വയിപ്പിച്ചുകൊണ്ട് തനതായ സഭാജീവിതപൈതൃകം മലങ്കര സുറിയാനി കത്തോലിക്കാസഭ ആർജ്ജിച്ചു. സഭാജീവിതത്തിന്റെ എല്ലാ മേഖലകളിലും എല്ലാ വിശ്വാസികളുടെയും സജീവമായ ഭാഗഭാ ഗിത്തം ഈ സഭയുടെ മഹത്തായ പാരമ്പര്യമാണ്. സഭയുടെ കെട്ടുപ ണിയിൽ ഓരോരുത്തരും അവരവരുടെ ജീവിതാവസ്ഥയ്ക്കു അനുസൃ തമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നു. ദൈവവചനത്തിലും കൗദാ ശിക ജീവിതത്തിലും അധിഷ്ഠിതമായി പള്ളിയോഗങ്ങൾ, പ്രതിനിധി സമ്മേളനങ്ങൾ എന്നിവയിലൂടെയാണ് ഈ ഭാഗഭാഗിത്തം കാര്യക്ഷമ മായി നിർവഹിച്ചു വരുന്നത്.

മലങ്കര സുറിയാനി കത്തോലിക്കാസഭ സാർവത്രികസഭാകൂട്ടായ്മ യിൽ ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽസഭയായി ഉയർത്തപ്പെട്ട തോടെ പൗരസ്ത്യകാനൻ നിയമം അനുശാസിക്കുന്നപ്രകാരം ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി നമുക്ക് വിളിച്ചുകൂട്ടാവു ന്നതാണ്. "കൂടുതൽ പ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യു ന്നതിന്, പ്രത്യേകിച്ച് സ്വന്തം സഭയുടെ പൊതുനന്മയും അതുപോലെ തന്നെ പല സ്വയാധികാരസഭകൾ ഒരുമിച്ചു നിലനിൽക്കുന്ന പ്രദേശം മുഴുവന്റെയും പൊതുനന്മയും കണക്കിലെടുത്തുകൊണ്ട് കാലത്തിന്റെ ഇപ്പോഴത്തെ സാഹചര്യങ്ങളനുസരിച്ച് പ്രേഷിതത്വത്തിന്റെ ഘടനയും കർമ്മപരിപാടികളും സഭാപരമായ അച്ചടക്കവും വേണ്ടരീതിയിൽ ഏകീ കരിക്കുന്നതിനു"മാണ് (140-ാം കാനോന) ഈ പൊതു സഭാ അസംബ്ലി. ഈ അസംബ്ലി അഞ്ചു വർഷത്തിൽ ഒരിക്കൽ കൂടാവുന്നതുമാണ്. നമ്മുടെ സഭയിൽ ഈ സമ്മേളനം 'മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി' (സീറോ-മലങ്കര കാത്തലിക് ചർച്ച് അസംബ്ലി) എന്ന് വിളിക്കപ്പെടുന്നു.

2010 നവംബർ 29 മുതൽ ഡിസംബർ 2 വരെ സമ്മേളിച്ച നമ്മുടെ സഭയുടെ പത്താം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹ

ദോസിന്റെ തീരുമാനപ്രകാരം **2011 സെപ്തംബർ 21-ാം തീയതി മുതൽ 23-ാം തീയതി വരെ** ഈ സഭാഅസംബ്ലി വിളിച്ചുകൂട്ടുന്നുവെന്ന് ഇതിനാൽ ഞാൻ സഭാമക്കൾ ഏവരേയും അറിയിക്കുന്നു.

'**സുവിശേഷകയായ മലങ്കരസഭ**' എന്ന പ്രതിപാദ്യത്തിലധിഷ്ഠിതമായിരിക്കും സഭായോഗ നടപടികൾ. സഭ സ്വഭാവത്താൽ തന്നെ സുവിശേഷകയാണ്. മലങ്കരസഭ ഈ സുവിശേഷപ്രഘോഷണ നിർവഹണത്തിൽ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ടെന്ന് നമ്മുടെ സഭാപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി നമ്മെ ഓർമ്മപ്പെടുത്തുന്നു. "പുണ്യശ്ലോകനായ മാർത്തോമ്മാശ്ലീഹായാൽ സംസ്ഥാപിതമെന്നും, പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുവരുന്ന മലങ്കരസുറിയാനി സമുദായം ഇക്കാലത്തിനകം, അതിന്റെ കർത്തവ്യകർമ്മമേതോ ആ വിഷയത്തിൽ-ഇതഃപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേണ്ടതാണ്. ക്രിസ്താബ്ദം 52-ാം ആണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവെക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേ നിലയിൽത്തന്നെ ഇരിക്കുന്നതല്ലാതെ, അതുകൊണ്ട് നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്കു പ്രകാശവും പ്രസരിപ്പും ലഭിക്കുവാൻ ഇടയായിട്ടില്ലെന്നുള്ളത് സമ്മതിച്ചേ മതിയാകുകയുള്ളു"(ഗിരിദീപം പേജ് 55). ദൈവദാസനാൽ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു മിഷനറി സഭയായി രൂപീകൃതമായി എന്നതിന്റെ വലിയ സാക്ഷ്യമാണല്ലോ മാർത്താണ്ഡം ഭദ്രാസനവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ തെക്കൻപ്രദേശങ്ങളും നമ്മുടെ വിവിധ ഭദ്രാസനങ്ങളിലെ മിഷൻ ദൈവാലയങ്ങളും. ഈ വലിയ കൃപയ്ക്ക് ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക ദൗത്യമായ സഭൈക്യശ്രമങ്ങളും സുവിശേഷവത്ക്കരണ പ്രക്രിയകളും കൂടുതൽ ശക്തമാക്കാനുള്ള ഒരു പുനഃപ്രതിഷ്ഠയ്ക്കുള്ള അവസരമായി നമ്മുടെ പ്രഥമ സഭാതല അസംബ്ലി പരിണമിക്കട്ടെ.

2011-ലെ പുനരൈക്യവാർഷികത്തോടനുബന്ധിച്ച് പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി 2011 സെപ്തംബർ 21-ാം തീയതി വൈകിട്ട് 6 മണിമുതൽ 23-ാം തീയതി വൈകിട്ട് 4 മണിവരെ നമ്മുടെ സഭയുടെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാ സ്ഥിതി ചെയ്യുന്ന കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

തുടർന്ന് നമ്മുടെ സഭയുടെ 12-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമ്മേളിക്കുന്നതും യോഗനിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതും സഭയ്ക്ക് പൊതുവായുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ്. യോഗത്തിന്റെ നടത്തിപ്പിനായി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി ചെയർമാനായും അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ് എന്നീ തിരുമേനിമാർ വൈസ്ചെയർമാന്മാരായും റവ. ഡോ. ജോൺ വൈപ്പിൽ ജനറൽ സെക്രട്ടറിയായും ഒരു കേന്ദ്രകമ്മിറ്റി പ്രവർത്തിക്കുന്നതാണ്.

പ്രതിപാദ്യ വിഷയത്തിന്റെ സന്ദേശവും ചൈതന്യവും സഭായോഗത്തിലുള്ള ഭാഗഭാഗിത്തവും ഓരോ സഭാവിശ്വാസിയിലും എത്തേണ്ടതുണ്ട്. നമ്മുടെ കുടുംബങ്ങൾ, ഇടവകയിലെ വായനായോഗങ്ങൾ, ഇടവകകൾ, വൈദിക ജില്ലകൾ, സന്യാസ സമൂഹങ്ങൾ, ഭദ്രാസനങ്ങൾ, എന്നീ തലങ്ങളിലെല്ലാം പ്രതിപാദ്യവിഷയം ചർച്ച ചെയ്യേണ്ടതും പ്രായോഗിക നിർദ്ദേശങ്ങൾ ഉരുത്തിരിയേണ്ടതുമാണ്. സഭാതലയോഗം ഫലപ്രദമാകുവാൻ 2011 ആഗസ്റ്റ് 15-ന് മുമ്പ് ഭദ്രാസന യോഗങ്ങൾ കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം ഭദ്രാസനാദ്ധ്യക്ഷന്മാർ വിളിച്ചുകൂട്ടേണ്ടതാണ് എന്ന പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിർദ്ദേശം ഇതിനാൽ ഏവരെയും അറിയിക്കുന്നു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് രൂപീകരിച്ച കേന്ദ്രകമ്മിറ്റി അംഗങ്ങൾ എല്ലാ ഭദ്രാസനങ്ങളും സന്ദർശിച്ച് ഭദ്രാസന യോഗങ്ങൾ പൊതു യോഗത്തിന്റെ പ്രധാന പഠനവിഷയവുമായി ബന്ധപ്പെട്ട് നടത്തുവാനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

സഭായോഗത്തിന്റെ നടത്തിപ്പ് സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ, ഉദ്യോഗവശാൽ യോഗത്തിൽ അംഗങ്ങളായിരിക്കുന്നവരുടെ ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ ലിസ്റ്റ്, യോഗത്തിന്റെ ഘടന, നടത്തിപ്പ്, ഭാഗഭാഗിത്തം, യോഗനടപടികളിൽ പാലിക്കേണ്ട അച്ചടക്കം, എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ ഏവരെയും ഉടനെ അറിയിക്കുന്നതാണ്.

ഇന്നുമുതൽ യോഗാവസാനം വരെ സഭയിലും, യോഗത്തിലും ദൈവീക ഇടപെടലും വിശിഷ്യാ പരിശുദ്ധാത്മ പ്രചോദനവും ഉണ്ടാകുവാൻ സഭാമക്കളേവരും നിരന്തരമായി പ്രാർത്ഥിക്കണം. ഇതോടൊപ്പം തന്നിരിക്കുന്ന പ്രാർത്ഥന നമ്മുടെ എല്ലാ ഭവനങ്ങളിലും സന്ധ്യാനമ

സ്ക്കാരത്തിനുശേഷവും നമ്മുടെ എല്ലാ ഇടവകകളിലും ആശ്രമങ്ങളിലും മഠങ്ങളിലും വി. കുർബാനയ്ക്ക് അനുബന്ധമായും ചൊല്ലേണ്ടതാണ്.

പതിവുപോലെ കാതോലിക്കാദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും കാതോലിക്കാ പതാക ഉയർത്തേണ്ടതും കാതോലിക്കാദിന പ്രതിജ്ഞ ചെയ്യേണ്ടതുമാണ്. ഈ ദിവസത്തെ വി. കുർബാനയുടെ സ്തോത്രകാഴ്ച ഭദ്രാസനകാര്യാലയത്തിലൂടെ ഭദ്രാസനാദ്ധ്യക്ഷനെ ഏല്പിക്കേണ്ടതാണ്.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്- കാതോലിക്കാബാവാ

02.02.11
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

മലങ്കര സുറിയാനി കത്തോലിക്കാ സഭാ

# മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗരേഖ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

## ആമുഖം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രതിപുരുഷ യോഗമാണ് മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലി. സഭയുടെ അതിപ്രാധാന്യ മുള്ള വിഷയങ്ങളും വിവിധ സഭാവിഭാഗങ്ങളും മതങ്ങളും അടങ്ങിയ ഭാരതത്തിന്റെ വൈവിധ്യമായ സാഹചര്യത്തിൽ ഈ സഭയുടെ ദൗത്യവും കൈകാര്യംചെയ്യാനുള്ള ആലോചനാ സമിതിയാണിത്. ആനുകാലിക സാഹചര്യങ്ങൾ കണക്കിലെടുത്ത് സഭയുടെ പൊതു നന്മയ്ക്കായി പ്രേഷിതത്വത്തിന്റെയും സഭാപരമായ അച്ചടക്കത്തിന്റെയും ഘടനയും കർമ്മപരിപാടികളും ഏകോപിപ്പിക്കാൻ നമ്മുടെ സഭയുടെ മേജർ ആർച്ചു ബിഷപ്പ്-കാതോലിക്കോസിനെയും പരിശുദ്ധ എപ്പിസക്കോപ്പൽ സുന്ന ഹദോസിനെയും ഇത് സഹായിക്കുന്നു (കാനോന 140).

### പ്രതിപാദ്യ വിഷയം

സുവിശേഷകയായ മലങ്കര സഭ

### സമ്മേളന തീയതി

21–23 സെപ്തംബർ, 2011

### സ്ഥലം

കാതോലിക്കേറ്റ് സെന്റർ, പട്ടം,
തിരുവനന്തപുരം

## തലങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലി രണ്ടു തലങ്ങളിലായി സംഘടിപ്പിക്കുന്നു. ഭദ്രാസന/ എക്സാർക്കേറ്റ്/ സഭാതിർത്തിക്കു പുറത്തെ പ്രദേശം/ സന്യാസ സമൂഹം എന്നിവ സംഘടിപ്പിക്കുന്ന അസംബ്ലിയാണ് ആദ്യത്തെ ഒരുക്കതലം. ഭദ്രാസനങ്ങളിൽ ഇവ, പൗരസ്ത്യ കാനോനകൾ 235 മുതൽ 242 വരെ അനുശാസിക്കുന്ന ഭദ്രാ സന അസംബ്ലിക്ക് തുല്യമാണ്. ആകമാന മലങ്കര സുറിയാനി കത്തോ ലിക്കാ സഭയ്ക്കായി പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സംഘ ടിപ്പിക്കുന്ന പൊതുഅസംബ്ലിയാണ് രണ്ടാമത്തെ തലം.

### അദ്ധ്യക്ഷൻ

പരിശുദ്ധ മോറാൻ മോർ ബസേലിയോസ് ക്ലീമീസ്, മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാബാവാ. അദ്ദേഹം അസംബ്ലി വിളിച്ചു കൂട്ടുകയും അതിന്റെ തീയതിയും സ്ഥലവും പ്രതിപാദ്യവിഷയവും പ്രഖ്യാപിക്കുന്നു.

## കേന്ദ്ര കമ്മിറ്റി

**ചെയർമാൻ, വൈസ് ചെയർമാൻ** : മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവായുടെ സമ്മതത്തോടെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, അസംബ്ലിയുടെ ഒരുക്കത്തിനായുള്ള കേന്ദ്രകമ്മിറ്റിയുടെ ചെയർമാനായി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് പിതാവിനെയും വൈസ് ചെയർമാന്മാരായി അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ് എന്നീ തിരുമേനിമാരെയും തെരഞ്ഞെടുത്തു.

**ജനറൽ സെക്രട്ടറി:** ഈ കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായി മാവേലിക്കര ഭദ്രാസനത്തിലെ ബഹു. ഫാ. ജോൺ വൈപ്പിലിനെ നിശ്ചയിച്ചു. അദ്ദേഹം കേന്ദ്ര കമ്മിറ്റി മീറ്റിംഗുകളുടെ മിനിറ്റ്സ് തയ്യാറാക്കുകയും ചർച്ചകളുടെയും മറ്റു പ്രാധാന്യമുള്ള വിഷയങ്ങളുടെയും രേഖകൾ തയ്യാറാക്കുകയും ചെയ്യുന്നു.

### പ്രതിപാദ്യവിഷയ മാർഗരേഖ(*Lineamenta*)

പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം, മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലിയുടെ പ്രതിപാദ്യ വിഷയത്തിന്റെ വിവിധതലങ്ങൾ വിശദീകരിക്കുന്ന ഒരു പഠനരേഖ തയ്യാറാക്കിയിട്ടുണ്ട്.

### വിദഗ്ദ സമിതി

1. ഈ സമിതി പ്രതിപാദ്യവിഷയമാർഗരേഖ(*Lineamenta*) പഠിച്ച് മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലിയുടെ പ്രവർത്തനരേഖ (Working Paper) തയ്യാറാക്കി കേന്ദ്രകമ്മിറ്റിക്ക് കൈമാറുന്നതാണ്.

2. ഇവ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ പ്രഥമ തലത്തിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

3. കേന്ദ്ര കമ്മിറ്റി നിർദ്ദേശിക്കുന്നപ്രകാരം പ്രഥമ തലത്തിലെ റിപ്പോർട്ടും നിർദ്ദേശങ്ങളും അവർക്ക് സമർപ്പിക്കേണ്ടതാണ്.

4. വിദഗ്ദ സമിതി പ്രഥമതലത്തിലെ നിർദ്ദേശങ്ങൾ പഠിച്ച് മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി പരിഗണനാക്രമമനുസരിച്ചുള്ള ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

## പ്രഥമ തലം: ഭദ്രാസന അസംബ്ലി

ഭദ്രാസനങ്ങളുടെ ചലനാത്മകതയെ ഇതു സൂചിപ്പിക്കുന്നു. ചർച്ചകളുടെയും പൊതുപങ്കുവയ്ക്കലിന്റെയും വിഷയങ്ങൾ പ്രാധാന്യമർഹിക്കുന്നതാണെങ്കിലും സഭാജീവിതത്തിന്റെ ആഘോഷമാണ് ഈ അസംബ്ലിയുടെ ശ്രദ്ധാകേന്ദ്രം. ഇത് വിളിച്ചുകൂട്ടുന്നതും അതിന് അദ്ധ്യക്ഷം വഹിക്കുന്നതും ഭദ്രാസനാദ്ധ്യക്ഷനാണ്. രണ്ടു പ്രവർത്തിദിവസങ്ങൾ

കിട്ടത്തക്കവിധം ഈ അസംബ്ലി വിളിച്ചുകൂട്ടേണ്ടതാണ്. ചർച്ചകളും പ്രഥമതലത്തിലെ മറ്റു പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ ഒരു ജനറൽ സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്.

**അംഗങ്ങൾ**

(കാനോന 238 പ്രകാരം) മുഖ്യവികാരി ജനറാൾ, വികാരി ജനറാളന്മാർ, കോർ എപ്പിസ്ക്കോപ്പാമാർ, റമ്പാച്ചന്മാർ, ചാൻസിലർ, വൈദിക സമിതിയുടെയും അജപാലനസമിതിയുടെയും സെക്രട്ടറിമാർ, ജില്ലാവികാരിമാർ, ഓരോ ഇടവകയിൽ നിന്നും ഒരാൾവീതവും (25 ശതമാനം വനിതകൾ ഉൾപ്പെട്ടിരിക്കണം). പ്രാഥമിക രേഖ അസംബ്ലിയിൽ സംബന്ധിക്കുന്ന എല്ലാ അംഗങ്ങൾക്കും മുൻകൂട്ടി നൽകിയിരിക്കണം.

**ഉദ്ഘാടന സമ്മേളനം**

✡ അദ്ധ്യക്ഷപ്രസംഗവും ഉദ്ഘാടനവും ഭദ്രാസന അദ്ധ്യക്ഷൻ നടത്തേണ്ടതാണ്.

✡ വിദഗ്ദസമിതിയിലെ ഒരാൾ വിഷയാവതരണം നടത്തുകയും ഫലവത്തായ ചർച്ചനടത്താൻ അംഗങ്ങളെ സഹായിക്കുകയും വേണം.

✡ ജനറൽ സെക്രട്ടറി നൽകുന്ന ചോദ്യങ്ങൾ ചർച്ചചെയ്യാവുന്ന തരത്തിൽ പങ്കാളികളെ നിശ്ചിത അംഗങ്ങളുള്ള വിവിധ ഗ്രൂപ്പുകളായി തിരിക്കണം.

✡ ഓരോ ഗ്രൂപ്പിന്റെയും സെക്രട്ടറിമാർ അതാത് ഗ്രൂപ്പിന്റെ റിപ്പോർട്ട് പൊതു സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതാണ്.

✡ പ്രോട്ടോ സിഞ്ചെല്ലൂസോ തത്തുല്യസ്ഥാനീയരോ ആയിരിക്കണം പൊതുസമ്മേളനത്തിന്റെ മോഡറേറ്റർ.

✡ വിശ്വാസികളുടെ പൊതു അഭിവാഞ്ചകളും പ്രശ്നങ്ങളും കേൾക്കുവാനുള്ള ഒരു ശൂന്യവേള അസംബ്ലിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

✡ എല്ലാവരും കൃത്യമായ പെരുമാറ്റക്രമം പാലിക്കേണ്ടതാണ്.

✡ പങ്കുവയ്ക്കലുകൾ മൂന്നു മിനിറ്റിലധികം ദൈർഘിക്കാൻ പാടില്ല. വ്യക്തിപരമായ പരാമർശങ്ങൾ പൂർണമായി ഒഴിവാക്കേണ്ടതാണ്.

**സമാപന സമ്മേളനം**

☞ ഭദ്രാസന അസംബ്ലിയുടെ മുഖ്യവിഷയങ്ങൾ എടുത്തുകാട്ടുന്ന സംക്ഷിപ്തരേഖ തയ്യാറാക്കേണ്ടതാണ്.

☞ ഭദ്രാസന അസംബ്ലി സമാപിച്ചാലുടനെ സമ്മേളനത്തിന്റെ വിശദമായ റിപ്പോർട്ട് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ ജന റൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

☞ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയിൽ അവതരിപ്പിക്കാ നായി ഒരു സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് അവത രിപ്പിക്കാനായി ഒരാളെ നിയോഗിക്കേണ്ടതാണ്.

**ക്രമീകരണങ്ങൾ**

☞ വിവിധ ആവശ്യങ്ങൾക്കായി (ഭക്ഷണം, താമസം, വൈദ്യസഹായം മുതലായവ) നേതാക്കന്മാരെയും വോളണ്ടിയറന്മാരെയും നിയോഗി ക്കേണ്ടതാണ്.

☞ പങ്കെടുക്കുന്ന എല്ലാവരും നെയിം ടാഗ് (സാധിക്കുമെങ്കിൽ ഫോട്ടോ പതിപ്പിച്ചത്) ധരിക്കേണ്ടതാണ്.

☞ എല്ലാവരും ആത്മീകശുശ്രൂഷകളിൽ (യാമപ്രാർത്ഥനകൾ, വി. കുർബാന, ആരാധന മുതലായവ) സംബന്ധിക്കേണ്ടതാണ്.

## ദ്വതീയതലം

## മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭാജീവിതം ആഘോഷിക്കുന്നു. ആയതി നാൽ, ആദ്ധ്യാത്മിക ശുശ്രൂഷകളായ യാമപ്രാർത്ഥനകൾ, വി. കുർബാ ന, ആരാധന മുതലായവ വളരെ പ്രാധാന്യമുള്ളതും എല്ലാവരും അതിൽ പങ്കെടുക്കേണ്ടതുമാണ്. അസംബ്ലിയിൽ പങ്കെടുക്കുന്ന ഓരോരു ത്തർക്കും കുടുംബാന്തരീക്ഷം അനുഭവവേദ്യമാകാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

എപ്പാർക്കിയൽ അസംബ്ലിയിൽ നിന്ന് അയയ്ക്കുന്ന റിപ്പോർട്ടുകൾ വിദഗ്ദ സമിതി പഠിക്കേണ്ടതും മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി പരി ഗണനാക്രമമനുസരിച്ചുള്ള ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. അസം ബ്ലിയിലെ ഗ്രൂപ്പു ചർച്ചകൾക്കുള്ള ചോദ്യങ്ങൾ ഉണ്ടാക്കേണ്ടത് ഈ സമിതിയുടെ ഉത്തരവാദിത്വമാണ്.

പ്രതിപാദ്യ വിഷയത്തെക്കുറിച്ച് ഓരോരുത്തർക്കുമുള്ള ദർശനങ്ങൾ പങ്കുവയ്ക്കാൻ ആവശ്യമായ സമയം നൽകേണ്ടതാണ്. വിരസത ഒഴി

വാക്കാൻ അവതരണങ്ങൾക്ക് സാധ്യമായിടത്തോളം മാധ്യമ സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ടതാണ്.

## അംഗങ്ങൾ

### ഉദ്യോഗവശാൽ അഗംങ്ങളായവർ (Ex-officio Members)

- ❖ ഭദ്രാസന മെത്രാൻമാർ, എക്സാർക്ക്, അപ്പസ്തോലിക സന്ദർശകർ, കൂരിയ മെത്രാൻ, സഹായമെത്രാന്മാർ, വിരമിത മെത്രാന്മാർ.
- ❖ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സന്യാസസമൂഹങ്ങളുടെ സുപ്പീരിയർ ജനറൽമാർ, പ്രോവിഷ്യൽ സുപ്പീരിയേഴ്സ്.
- ❖ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ ചാൻസിലർ, ഫിനാൻസ് ഓഫീസർ, സിനഡൽ കമ്മീഷനുകളുടെ സെക്രട്ടറിമാർ.
- ❖ ഭദ്രാസനങ്ങളിലെയും എക്സാർക്കേറ്റിലെയും പ്രോട്ടോ സിഞ്ചെല്ലൂസുമാർ, ഓരോ ഭദ്രാസനങ്ങളിലെയും ജില്ലാവികാരിമാരുടെ ഒരു പ്രതിനിധി
- ❖ സഭയുടെ ഭദ്രാസനേതര പ്രദേശങ്ങളുടെ എക്ലേസിയാസ്റ്റിക്കൽ കോർഡിനേറ്റേഴ്സ്.
- ❖ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ സെമിനാരിയുടെ റക്ടർ, ദൈവശാസ്ത്ര, തത്വശാസ്ത്ര വിഭാഗങ്ങളുടെ മേധാവികൾ
- ❖ ഭദ്രാസനങ്ങൾ, എക്സാർക്കേറ്റ്, ഭദ്രാസനേതര പ്രദേശങ്ങൾ എന്നിവയുടെ വൈദികസമിതിയുടെ സെക്രട്ടറിമാരും അജപാലന സമിതിയുടെ അൽമായ സെക്രട്ടറിയും
- ❖ സഭയിൽ പ്രത്യേക ബഹുമതികൾ (ഷെവലിയാർ, ബാർ ഈത്തോ കാശീറോ, ബസ് ഈത്തോ കാശീർത്തോ) ലഭിച്ചവരുടെ രണ്ടു പ്രതിനിധികൾ
- ❖ എം.സി.എ., എം.സി.വൈ.എം., എം.സി.സി.എൽ. എന്നിവയുടെ ഡയറക്ടർമാർ
- ❖ എം.സി.എ., എം.സി.വൈ.എം., എം.സി.സി.എൽ. എന്നിവയുടെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ (അവരിലൊരാൾ വനിതയായിരിക്കണം)
- ❖ പരി. കാതോലിക്കാബാവാ നാമനിർദ്ദേശം ചെയ്യുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ദളിത്/സാമൂഹ്യ പിന്നാക്ക സമൂഹങ്ങളിലെ 4 പേർ
- ❖ പരി. കാതോലിക്കാബാവാ നാമനിർദ്ദേശം ചെയ്യുന്നവർ - പരമാവധി 10 പേർ.

### തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ

- ❖ ഭദ്രാസനങ്ങൾ, എക്സാർക്കേറ്റ്, ഭദ്രാസനേതര പ്രദേശങ്ങൾ എന്നിവയിലെ ഇടവക വികാരിമാരുടെ 50 പേർക്ക് ഒരു പ്രതിനിധി വീതം.
- ❖ മറ്റു സഭകളിൽ നിന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന സന്യാസസമൂഹങ്ങളുടെ 5 പ്രതിനിധികൾ. (സന്യാസസമൂഹങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ ചെയർമാൻ ഈ ലിസ്റ്റ് നൽകുന്നതാണ്.)

- ❖ എപ്പാർക്കിയൽ അസംബ്ലികളിൽ നിന്നും താഴെക്കാണുന്ന പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അൽമായർ. അതിൽ ഒന്ന് വനിതയായിരിക്കണം.
- ❖ തിരുവനന്തപുരം - 5, മാർത്താണ്ഡം -4, മറ്റെല്ലാ ഭദ്രാസനങ്ങളിൽ നിന്നും എക്സാർക്കേറ്റിൽ നിന്നും ഭദ്രാസനേതര പ്രദേശങ്ങളിൽ നിന്നും 3 വീതം.

## ഉദ്ഘാടന സമ്മേളനം

- ✡ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാസാണ് അദ്ധ്യക്ഷപദം അലങ്കരിക്കേണ്ടത്.
- ✡ പരി. ബാവാ ഉദ്ഘാടന പ്രസംഗം നടത്തി സമ്മേളനം ആരംഭിച്ചതായി പ്രഖ്യാപിക്കുന്നു.
- ✡ അർത്ഥവത്തായ ഒരു മുഖ്യപ്രഭാഷണം ഉണ്ടായിരിക്കണം.
- ✡ അസംബ്ലിയിൽ സംബന്ധിക്കുന്നവരെ പരിചയപ്പെടുത്തേണ്ടത് കേന്ദ്ര കമ്മിറ്റിയുടെ ചെയർമാനാണ്.

## നിർദ്ദേശങ്ങൾ

- ✡ വിവിധ സമ്മേളനത്തോടെയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ നടപടിക്രമം, മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവായുടെ അംഗീകാരത്തോടെ, കേന്ദ്രകമ്മിറ്റി തയ്യാറാക്കേണ്ടതാണ്.
- ✡ എപ്പാർക്കിയൽ അസംബ്ലിയുടെ പ്രതിനിധികൾ എപ്പാർക്കിയൽ അസംബ്ലിയുടെ സംക്ഷിപ്ത് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. പ്രോട്ടോ സിഞ്ചെല്ലൂസുമാരിലൊരാളോ, മേജർ സുപ്പീരിയേഴ്സിലൊരാളോ ഈ സമ്മേളനം മോഡറേറ്റു ചെയ്യേണ്ടതാണ്.
- ✡ ജനറൽ സെക്രട്ടറി നൽകുന്ന ചോദ്യങ്ങൾ ചർച്ചചെയ്യാവുന്ന തരത്തിൽ പങ്കാളികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കേണ്ടതാണ്.
- ✡ പൊതു സമ്മേളനത്തിൽ ഗ്രൂപ്പു ചർച്ചകളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കേണ്ടതാണ്. അല്മായരിലൊരാൾ ഈ സമ്മേളനം മോഡറേറ്റു ചെയ്യേണ്ടതാണ്.
- ✡ സമ്മേളന വിഷയവുമായി ബന്ധപ്പെട്ട സാംസ്ക്കാരിക പരിപാടികൾ വൈകുന്നേരങ്ങളിൽ അവതരിപ്പിക്കാവുന്നതാണ്.
- ✡ വിശ്വാസികളുടെ പൊതു അഭിവാഞ്ചകളും പ്രശ്നങ്ങളും കേൾക്കുവാനുള്ള ഒരു ശൂന്യവേള അസംബ്ലിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ സമ്മേളനത്തിൽ പ്രസിഡന്റോ വൈസ് പ്രസിഡന്റോ അദ്ധ്യക്ഷപദം വഹിക്കേണ്ടതാണ്.

- ✡ എല്ലാവരും കൃത്യമായ പെരുമാറ്റക്രമം പാലിക്കേണ്ടതാണ്.
- ✡ പങ്കുവയ്ക്കലുകൾ മൂന്നു മിനിറ്റിലധികം ദൈർഘിക്കാൻ പാടില്ല. വ്യക്തി പരമായ പരാമർശങ്ങൾ പൂർണമായി ഒഴിവാക്കേണ്ടതാണ്.

## സമാപന സമ്മേളനം

- ☞ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ മുഖ്യവിഷയങ്ങൾ എടുത്തുകാട്ടുന്ന സംക്ഷിപ്തരേഖ വിദഗ്ദ സമിതി തയ്യാറാക്കേണ്ട തും, അത് സമാപന സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.
- ☞ സമ്മേളനത്തിന്റെ വിശദമായ റിപ്പോർട്ടും സംക്ഷിപ്ത രേഖയും പരി ശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കേണ്ടതാണ്.
- ☞ പരി. സുന്നഹദോസ് ഇത് പഠിക്കുന്നതും, മേജർ ആർക്കി എപ്പി സ്ക്കോപ്പൽ അസംബ്ലിയുടെ രേഖ പരി. സുന്നഹദോസ് പ്രസിഡന്റ് പ്രസിദ്ധപ്പെടുത്തുന്നതുമാണ്.
- ☞ അസംബ്ലിയുടെ നടപടിക്രമങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.
- ☞ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ ഒരു വിലയിരു ത്തൽ ഉണ്ടായിരിക്കുന്നതാണ്.
- ☞ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ സമാപന പ്രസംഗം നടത്തി സമ്മേളനം സമാപിച്ചതായി പ്രഖ്യാപിക്കുന്നു.

**ക്രമീകരണങ്ങൾ**

- ✡ വിവിധ ആവശ്യങ്ങൾക്കായി (ഭക്ഷണം, താമസം, വൈദ്യസഹായം മുതലായവ) നേതാക്കന്മാരെയും വോളണ്ടിയറന്മാരെയും നിയോഗിക്കേ ണ്ടതാണ്.
- ✡ പങ്കെടുക്കുന്ന എല്ലാവരും നെയിം ടാഗ് (സാധിക്കുമെങ്കിൽ ഫോട്ടോ പതിപ്പിച്ചത്) ധരിക്കേണ്ടതാണ്.
- ✡ എല്ലാവരും ആത്മീകശുശ്രൂഷകളിൽ (യാമപ്രാർത്ഥനകൾ, വി. കുർബാന, ആരാധന മുതലായവ) സംബന്ധിക്കേണ്ടതാണ്.

"സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ"



# അനുഭവത്തിൽ നിന്ന് സാക്ഷ്യത്തിലേയ്ക്ക്

**പഠനത്തിനും ചർച്ചയ്ക്കുമായുള്ള മാർഗരേഖ**

ഡോ. എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലിത്താ
*(കോർ - കമ്മിറ്റി കൺവീനർ)*

# ഉള്ളടക്കം


| | പേജ് |
|---|---|
| മുഖമൊഴി | 21 |
| ആമുഖം | 23 |
| **അദ്ധ്യായം ഒന്ന്:** സുവിശേഷവൽക്കരണത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം | 27 |
| 1. "രക്ഷകന്റെ മിഷൻ"- ലെ ചില ദൈവശാസ്ത്ര ചിന്തകൾ | 27 |
| 2. ക്രിസ്തീയ മിഷന്റെ ത്രിതൈ്വക ഘടന | 30 |
| **അദ്ധ്യായം രണ്ട്:** സുവിശേഷവല്ക്കരിക്കാനുള്ള സഭയുടെ കടമ | 32 |
| 1. വചനത്തിന്റെ ത്രിവിധ ശുശ്രൂഷ | 33 |
| 2. ആരാധനക്രമവും സുവിശേഷ പ്രഘോഷണവും | 35 |
| 3. വൈദിക സന്യാസ ദൈവവിളി പ്രോത്സാഹനം | 37 |
| **അദ്ധ്യായം മൂന്ന്:** നവ സുവിശേഷവല്ക്കരണം | 38 |
| 1. എന്താണ് നവ സുവിശേഷവല്ക്കരണം? | 38 |
| 2. നവ സുവിശേഷവല്ക്കരണത്തിലേക്കുള്ള വിളിയെ താഴ്ത്തിമറിച്ച ചില ദൈവശാസ്ത്ര പ്രവണതകൾ | 39 |
| 3. എന്തു സന്ദേശമാണ് പ്രഘോഷിക്കപ്പെടേണ്ടത്? | 41 |
| 4. നവ സുവിശേഷവല്ക്കരണം ഇടവക തലത്തിൽ | 42 |
| **അദ്ധ്യായം നാല്:** നമ്മുടെ മിഷൻ പന്ഥാവ് | 43 |
| 1. സുവിശേഷ സാക്ഷ്യം ജറുസലേമിലും യൂദയായിലും | 43 |
| 2. സുവിശേഷ സാക്ഷ്യം സമരിയായിൽ | 50 |
| 3. സുവിശേഷ സാക്ഷ്യം ഭൂമിയുടെ അതിർത്തികൾവരെ | 53 |
| **അദ്ധ്യായം അഞ്ച്:** സുവിശേഷവല്ക്കരണത്തിനായുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക വിളി | 60 |
| 1. സുവിശേഷവല്ക്കരണത്തിനുള്ള നമ്മുടെ സഭയുടെ സമ്പത്ത് | 60 |
| 2. സുവിശേഷവല്ക്കരത്തിനുള്ള നമ്മുടെ അവകാശങ്ങളും കടമകളും | 61 |
| 3. ഭാരതത്തിലെ നീതിക്കു നിരക്കാത്ത മിഷൻ അന്തരീക്ഷം | 61 |
| 4. എല്ലാ പ്രായത്തിലുള്ളവർക്കും ഏതു തൊഴിൽ ചെയ്യുന്നവർക്കും കർത്താവിനു സാക്ഷ്യം നല്കാം | 61 |
| 5. ദൈവദാസൻ മാർ ഈവാനിയോസിന്റെ പ്രേഷിത ദർശനം | 63 |
| 6. സ്വന്തം രൂപതയുടെ/ സന്യാസ സമൂഹത്തിന്റെ മിഷണറി നേട്ടങ്ങളുടെ റിപ്പോർട്ട് | 65 |
| ഉപസംഹാരം | 65 |
| ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ | 66 |
| ഗ്രന്ഥസൂചിക | 68 |

## മുഖമൊഴി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് 2011 സെപ്തംബർ മാസം നടക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലിയുടെ മാർഗരേഖ തയ്യാറാക്കാൻ എന്നെ ചുമതലപ്പെടുത്തി. അസംബ്ലിയുടെ വിഷയമായി സുവിശേഷവൽക്കരണം തെരഞ്ഞെടുക്കുകയും ചെയ്തു.

ഈ വിഷയത്തെ സംബന്ധിച്ച ഒരു പ്രാഥമിക കൂടിയാലോചന മോൺ. ആന്റണി കാക്കനാട്ടും, സി. നമിത എസ്.ഐ.സി.യും ജോമി തോമസ് കലയപുരവും ഞാനും അടങ്ങുന്ന ചെറിയ സംഘത്തിൽ നടന്നു. 2010 ഡിസംബർ മാസത്തിൽ മാർഗരേഖയുടെ പ്രഥമരൂപരേഖ മലയാളത്തിൽ പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് മുമ്പാകെ അവതരിപ്പിച്ചു. തമിഴ്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ കൂടി തർജ്ജിമ ചെയ്യത്തക്കവിധം ഇംഗ്ലീഷ് ഭാഷയിൽ അടിസ്ഥാന കൃതി തയ്യാറാക്കുവാൻ അഭി. പിതാക്കന്മാർ നിർദ്ദേശിച്ചു. രൂപരേഖ ദൈവശാസ്ത്ര കൃത്യതയ്ക്കും ചിട്ടയായ അവതരണത്തിനുമായി പുനർ ക്രമീകരിക്കേണ്ടിയിരുന്നു.

ഞങ്ങൾ തെരഞ്ഞെടുത്ത അടിസ്ഥാന വേദപുസ്തക ഭാഗം (ഏശയ്യ 6:8) "ഇതാ ഞാൻ എന്നെ അയച്ചാലും" എന്നതായിരുന്നു. "അസംബ്ലിയുടെ വിഷയം സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭാ" എന്നതാണ്. "അനുഭവത്തിൽ നിന്ന് സാക്ഷ്യത്തിലേയ്ക്ക്" എന്നതാണ് അസംബ്ലിയുടെ ആപ്തവാക്യം.

അസംബ്ലിയുടെ വിഷയം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ദൈവജനത്തിന്റെ മുഴുവൻ പ്രാർത്ഥനയ്ക്കും പഠനത്തിനും വിഷയമാക്കണം. അതിന്റെ ആശയം ദൈവജനം മുഴുവൻ സ്വാംശീകരിക്കുകയും അത് അവരുടെ ജീവിതത്തിലേയ്ക്ക് ആഴ്ന്നിറങ്ങുകയും വേണം. ഭദ്രാസനതല അസംബ്ലികളും സഭാതല അസംബ്ലിയും നമ്മെ ലോകം മുഴുവൻ സുവിശേഷ പ്രഘോഷിക്കുകയും ദൈവരാജ്യത്തിനുവേണ്ടി ആത്മാക്കളെ നേടുകയും, സഭയുടെ പ്രേഷിത വളർച്ചയ്ക്ക് പ്രചോദിപ്പിക്കുകയും ചെയ്യണം.

രൂപരേഖ മലയാളത്തിൽ തയ്യാറാക്കാൻ സഹായിച്ച സി. നമിതയെയും ഏതെങ്കിലും വിധത്തിൽ എന്നെ സഹായിച്ചവരെയും നന്ദിയോടെ ഓർക്കുന്നു.

**ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്താ**
കോർ-കമ്മിറ്റി കൺവീനർ
മലങ്കര സുറിയാനി കത്തോലിക്കാസഭ അസംബ്ലി

# ആമുഖം

"ആകയാൽ നിങ്ങൾ പോയി എല്ലാജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കു വിൻ" (മത്താ 28:19-20). ഇത് അപ്പസ്തോല ന്മാരോടും അവരുടെ പിൻഗാമികളോടും മാത്രമല്ല, മാമോദിസായും സ്ഥൈര്യലേപനവും സ്വീകരിച്ചിട്ടുള്ള എല്ലാവരോടുമുള്ള യേശുവിന്റെ കല്പനയാണ്.

പൂർവകാലങ്ങളിൽ കർത്താവിന്റെ ഈ കല്പന വളരെ വിജയപ്രദ മായി നിറവേറ്റുന്നതിന് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു സാധിച്ചിട്ടുണ്ട്. നാലു ലക്ഷത്തോളം വിശ്വാസികളെ പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്കു കൊണ്ടുവരുന്നതിനും, ഒരു ലക്ഷത്തോളം ഇതരമതസ്തരെ ക്രിസ്തീയ വിശ്വാസികളാക്കിത്തീർക്കു ന്നതിനും അവൾക്കു സാധിച്ചിട്ടുണ്ട്. സഭാധികാരികളുടെയും, വൈദിക രുടെയും, സന്യസ്തരുടെയും, അല്മായരുടെയും ഒരുമിച്ചുള്ള പരിശ്രമത്തിന്റെ ഫലമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ എല്ലാ ദേശങ്ങളിലേക്കും, പ്രത്യേകിച്ച് കുടിയേറ്റത്തിലൂടെ പാശ്ചാത്യലോകത്തേക്കും വ്യാപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല, സാങ്കേതിക വിദ്യയു ടെയും വൈദ്യശാസ്ത്രത്തിന്റെയും മേഖലയിലും വലിയ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത് നമ്മുടെ ജനത്തിന്റെ സാമ്പത്തിക നിലവാരം ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ടെങ്കിലും നിർഭാഗ്യവശാൽ ലൗകീക തലങ്ങളിലുള്ള അഭൂതപൂർവമായ വളർച്ചയും, ലക്ഷ്യസാക്ഷാത്കാ രത്തിൽ സഭയിൽ പൊതുവായി സംഭവിച്ച മാന്ദ്യവും മിഷണറി വളർച്ച മന്ദീ ഭവിക്കുന്നതിനിടയായി.

**അസംബ്ലിയുടെ ലക്ഷ്യം**: അടുത്ത അസംബ്ലിവരെയുള്ള അഞ്ചു വർഷക്കാലംകൊണ്ട് സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ശരിയായ അവബോധവും പ്രേഷിത തീഷ്ണതയും സഭാമക്കൾ എല്ലാവരിലും വളർത്തുക എന്ന ലക്ഷ്യമാണ് ഈ സഭാ അസംബ്ലിക്കുള്ളത്. സന്യാസ സമൂഹങ്ങൾ, ഇടവക, ഭക്തസംഘടനകൾ, എം.സി.വൈ.എം, എം.സി.എ, മാതൃവേദി, പിതൃവേദി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും ഈ മിഷണറി അവബോധം അലിഞ്ഞുചേരുകയും അവയെയെല്ലാം പ്രേഷിത

തീഷ്ണതയാൽ ജ്വലിപ്പിക്കുകയും വേണം. നമ്മുടെ വിശ്വാസ പരിശീലനം, വൈദിക സന്യാസ പരിശീലനം തുടങ്ങിയ മേഖലകളെയും ഈ പ്രമേയം ആഴത്തിൽ സ്വാധീനിക്കണം.

പുനരൈക്യ ശ്രമങ്ങളുടെ ആവശ്യകതയും, (ചിലതരത്തിലുള്ള എക്യുമേനിസം പുനരൈക്യത്തെ നിരുത്സാഹപ്പെടുത്തി), മതതീവ്രവാദ ചുറ്റുപാടിലും ഇതരമതസ്തരുടെ ഇടയിലെ സുവിശേഷ പ്രഘോഷണത്തിന്റെ അനിവാര്യതയും അസംബ്ലി ചൂണ്ടിക്കാട്ടേണ്ടതുണ്ട്. ''തീഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ'' (റോമ 12:11) എന്ന പൗലോസ് ശ്ലീഹായുടെ സന്ദേശം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കാകമാനം നല്കാൻ അസംബ്ലി ശ്രദ്ധിക്കേണ്ടതാണ്.

**അസംബ്ലിയുടെ പ്രമേയം:** സഭാസമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾ ശ്രവിച്ചശേഷം ''സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ'' എന്ന വിഷയമാണ് 2011 സെപ്റ്റ 21-23-ന് തിരുവനന്തപുരത്ത് വച്ചു നടക്കുന്ന നമ്മുടെ പ്രഥമ അസംബ്ലിയ്ക്കായി പരി. എപ്പിസേകോപ്പൽ സുന്നഹദോസ് തെരഞ്ഞെടുത്തത്. ഈ വിഷയം ഇടവക തലത്തിലും ജില്ലാ തലത്തിലും അവസാനം രൂപതാ തലത്തിലും, സഭയിലെ എല്ലാ സന്യാസ സമൂഹങ്ങളിലും ചർച്ചചെയ്യപ്പെടണം. രൂപതാ തലത്തിലെയും സന്യാസ സമൂഹങ്ങളിലെയും അസംബ്ലിയിലെ ചർച്ചകളിൽനിന്ന് ഉരുത്തിരിയുന്ന കാര്യങ്ങൾ മാത്രമേ സഭയുടെ പൊതു അസംബ്ലിയിലെ ചർച്ചയ്ക്കായി പരിഗണിക്കുകയുള്ളു.

**നമ്മുടെ സമീപനരീതി:** "എന്തെന്നാൽ രക്ഷ യഹൂദരിൽനിന്നാണ്" (യോഹ 4:22) എന്ന തിരുവചനത്തിൽ പ്രതിഫലിക്കുന്ന ഒരു സമീപന രീതിയാണ് യേശു സ്വീകരിച്ചത്. ''ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കു ന്നത്" (മത്താ 15:24). ''നിങ്ങൾ വിജാതീയരുടെയടുത്തേക്കു പോകരുത്; സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്. പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ" (മത്താ 10:5-6). ഈ അയയ്ക്കപ്പെടലുകളെല്ലാം പിന്നീടു കാണുന്ന സർവ ലോകത്തേക്കുമുള്ള അയയ്ക്കപ്പെടലിന്റെ ഒന്നാം ഘട്ടമായി കണക്കാക്കാവുന്നതാണ്. "എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി രാജ്യത്തിന്റെ ഈ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടും" മത്താ 24:14). തെരഞ്ഞെടുക്കപ്പെട്ട സ്വന്തജനത്തിൽ, യഹൂദരിൽ, ആരംഭിച്ച് അവരിലൂടെ സകലജനത്തോടും സുവിശേഷം അറിയിക്കപ്പെടണം. "ആകയാൽ നിങ്ങൾ പോയി

എല്ലാജനതകളെയും ശിഷ്യപ്പെടുത്തുവിൻ..." (മത്താ 28:19-20). ഇതാണ് പുതിയ ഉടമ്പടി ജനത്തിന് ഉത്ഥിതനായ കർത്താവു നല്കിയ കല്പന. സ്വർഗാരോഹണ ത്തിനു മുമ്പ് കർത്താവ് തന്റെ ശിഷ്യഗണത്തോട് ഇപ്രകാരം അരുളിച്ചെയ്തു: "പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർ ത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അ.പ്ര. 1:8). അതിനാൽ, നമ്മുടെ കർത്താവു കാണിച്ചുതന്നതനുസരിച്ച് ജറുസലേമിൽ ആരംഭിച്ച്, സമരിയായിലൂടെ ലോകത്തിന്റെ അതിർത്തികൾവരെ എത്തുന്ന മൂന്നു പടികളാണ് നമ്മളും സ്വീകരിക്കുന്നത്.

***1. ജറുസലേമിൽ ആരംഭിക്കുക =*** മാതൃസഭ, അതിന്റെ വിശ്വാസ അനുഭവം, ദൈവവചനവും കൂദാശകളും, ആരാധനക്രമ വത്സരത്തിലൂടെയുള്ള ഉത്ഥി തനായ കർത്താവിന്റെ അനുഭവം, ഉപവാസവും പെരുനാളുകളും. വിശ്വാസികളുടെ സമൂഹത്തിലുള്ള കർത്തൃ അനുഭവം: നിങ്ങളുടെ ഇടവക, സന്യാസ സമൂഹം, പ്രാർത്ഥനാ ഗ്രൂപ്പ്, മുതലായവ. സഭയിൽ നവ സുവിശേഷ വല്ക്കരണം ആവശ്യമാണെന്നു ഞങ്ങൾക്കു തോന്നുന്നു.

***2. സമരിയായിലൂടെ പോവുക =*** സമരിയാക്കാർ യഹൂദരായിരുന്നു എങ്കിലും ബാബിലോൺ പ്രവാസകാലത്ത് സമരിയായിൽ അവശേ ഷിച്ചിരുന്നവർ യഹൂദരല്ലാത്തവരുമായി വിവാഹബന്ധത്തി ലേർപ്പെട്ട് അവരുടെ രക്തശുദ്ധി നഷ്ടപ്പെടുത്തി. മോശയുടെ നിയമങ്ങളും പ്രവാചക ഗ്രന്ഥങ്ങളും മാത്രമേ അവർ അംഗീകരിക്കുന്നുള്ളു. ചരിത്ര ഗ്രന്ഥങ്ങളും, സങ്കീർത്തനങ്ങളും കവിതകളും സാങ്കല്പിക ഗ്രന്ഥ ങ്ങളും അവർ സ്വീകരിച്ചില്ല. യഹൂദരും സമരിയാക്കാരും തമ്മിൽ വളരെ വിരളമായ സാമൂഹിക സംസർഗമേ ഉണ്ടായിരുന്നുള്ളു. യഹൂദർ സമരിയാക്കാരെ വിജാതിയരെക്കാൾ മെച്ചമായും തങ്ങളെക്കാൾ താണവരായും കരുതിയിരുന്നു. അവർ ജറുസലേമിനു പകരം ഗരിസിം മലയിലാണ് ആരാധിച്ചിരുന്നത്. എന്നാൽ യേശു അവരെ പലപ്പോഴും പ്രശംസിക്കുകയും (ലൂക്കാ 10:30-37; 17:12-19; യോഹ 4:7-26), തന്നെ തിരസ്കരിച്ച സമരിയാ ഗ്രാമത്തോട് കരുണ കാട്ടുകയും ചെയ്തിട്ടുണ്ട് (ലൂക്കാ 9:51-56).

***3. ഭൂമിയുടെ അതിർത്തികൾവരെ എത്തുക*** = വിജാതീയരുടെയിടയിലെ മിഷൻ (അവിശ്വാസികൾ) സഭയുടെ ആരംഭംമുതൽ സുവിശേഷം ലോകം മുഴുവനും വേണ്ടിയുള്ള സദ്വാർത്ത (ലൂക്കാ 2:10) ആണെന്നുള്ളതിൽ അപ്പസ്തോലന്മാർക്ക് യാതൊരു സംശയവുമില്ലായിരുന്നു. ഉണ്ണിയേശുവിനെ കാണാൻ പൗരസ്ത്യദേശത്തുനിന്നെത്തിയ ജ്ഞാനികൾ ബഹുദേവതാ

വിശ്വാസമുള്ളവർ (വിഗ്രഹാരാധകർ) ആയി രുന്നു. വിജാതിയർക്കുവേണ്ടി യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചു.

സ്വർഗത്തിൽനിന്നുണ്ടായ ദർശനത്തിനുശേഷം (അപ്പ 10) പത്രോസ് പറഞ്ഞു, "ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്ക് കാണിച്ചുതന്നിരിക്കുന്നു" (10:28) "സത്യമായും കർത്താവിനു പക്ഷാപാതമില്ലെന്നും അവിടുത്തെ ഭയപ്പെടുകയും നീതിപ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏതു ജനതയിൽ പെട്ടവനായാലും, അവിടുത്തേക്കു സ്വീകാര്യനാണെന്നും ഞാൻ സത്യമായി അറിയുന്നു" (34-35). ''വിജാതീയരുടെമേൽപോലും പരിശുദ്ധാത്മാവിന്റെ ദാനം വർഷിക്കപ്പെട്ടതിനാൽ പത്രോസിനോടുകൂടെ വന്നിരുന്ന പരിച്ഛേദിതരായ വിശ്വാസികൾ വിസ്മയിച്ചു" (45).

വിജാതീയരുടെയിടയിലെ മിഷനെക്കുറിച്ച് അപ്പസ്തോല കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനം അപ്പ. 13:46 -ൽ കാണാം. "പൗലോസും ബർണബാസും ധൈര്യപൂർവം ഇങ്ങനെ പറഞ്ഞു: ദൈവവചനം ആദ്യം നിങ്ങളോടു പ്രസംഗിക്കുക ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതു തള്ളിക്കളയുന്നതുകൊണ്ടും നിത്യജീവനു നിങ്ങളെത്തന്നെ അയോഗ്യരാക്കിത്തീർത്തിരിക്കുന്നതു കൊണ്ടും ഇതാ, ഞങ്ങൾ വിജാതീയരുടെ അടുക്കലേക്കു തിരിയുന്നു."

### അദ്ധ്യായം ഒന്ന്

# സുവിശേഷവൽക്കരണത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം

രണ്ടാം വത്തിക്കാൻ കൗൺസിലിലെ "പ്രേഷിത പ്രവർത്തനം" എന്ന പ്രമാണരേഖയ്ക്കുശേഷമുള്ള അഞ്ചു പതിറ്റാണ്ടുകൾക്കുള്ളിൽ മാർപ്പാപ്പമാരുടെ *Evangelii Nuntiandi, Redemptoris Missio, Ut Unum Sint,* മുതലായ ചാക്രിയ ലേഖനങ്ങളും *Christifideles Laici* മുതലായ ശ്ലൈഹിക ആഹ്വാനങ്ങളും *Dominus Iesus* എന്ന വിശ്വാസ തിരുസംഘത്തിന്റെ പ്രബോധനവും പ്രസിദ്ധീകരിക്കപ്പെട്ടു. "പ്രഭു യേശു മഹോത്സവം" എന്ന പേരിൽ ബോംബെയിൽ നടത്തപ്പെട്ട (2009) ഇൻഡ്യൻ മിഷൻ കോൺഗ്രസിൽനിന്നും നമ്മൾ പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ട്.

ആധുനീകലോകത്തിൽ സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെ പ്രസക്തിയെക്കുറിച്ച് ലോകത്തിന്റെ എല്ലാ വശത്തുനിന്നും ഉയർന്നുവരുന്ന ചോദ്യങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപ്പാപ്പമാർ. അക്രൈസ്തവരുടെയിടയിലെ മിഷൻ പ്രവർത്തനം ഇന്നും പ്രസക്തമാണോ? അതിനുപകരം ഇന്ന് മതാന്തര സംവാദമല്ലേ? മാനവ പുരോഗതി സഭയുടെ മിഷന്റെ തൃപ്തികരമായ ലക്ഷ്യമല്ലേ? എല്ലാ മതത്തിലും രക്ഷയില്ലേ? എങ്കിൽപ്പിന്നെ എന്തിനാണ് പ്രേഷിത പ്രവർത്തനം? നിരവധി ദൈവശാസ്ത്രജ്ഞന്മാർ ഉയത്തുന്ന ചോദ്യങ്ങളാണിവ.

"മനുഷ്യ മനഃസാക്ഷിയെ ശക്തമായി സ്വാധീനിക്കാൻ കഴിവുള്ള സുവിശേഷത്തിന്റെ നിഗൂഢ ചൈതന്യത്തിന് ഇന്നെന്തു സംഭവിച്ചു? ഈ നൂറ്റാണ്ടിലെ ജനതയെ യഥാർത്ഥത്തിൽ രൂപാന്തരീകരിക്കു ന്നതിന് എന്തുമാത്രം എങ്ങനെയെല്ലാം സുവിശേഷത്തിനു സാധിക്കുന്നു? സുവിശേഷശക്തി അതിന്റെ ഫലമുളവാക്കുന്നതിന് എന്തെല്ലാം മാർഗങ്ങളുപയോഗിക്കാം?" (*EN* 4).

## 1. *Redemptoris Missio* (രക്ഷകന്റെ മിഷൻ)-യിൽ നിന്ന് ഏതാനും ദൈവശാസ്ത്ര ചിന്തകൾ

സഭയുടെ സുവിശേഷവല്ക്കരണ ദൗത്യം നമ്മുടെ വിശ്വാസം നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണത്തിൽനിന്നാരംഭിക്കുന്നു: "ദൈവ ത്തിന്റെ ഏകപുത്രനും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽനിന്നിറങ്ങി, പരിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യക

മറിയാമിൽ നിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായ ഏക കർത്താവായ യേശുമിശിഹായിൽ ഞാൻ വിശ്വസിക്കുന്നു"

## a. "യേശുവിലൂടെയല്ലാതെ ആരും പിതാവിലേക്കു വരുന്നില്ല" (യോഹ 14:6).

മുടന്തനെ സൗഖ്യമാക്കിയതിനെപ്രതി അപ്പസ്തൊലന്മാരെ ചോദ്യംചെയ്ത യഹൂദ മത നേതാക്കന്മാരോട് പത്രോസ് പറഞ്ഞു, "നിങ്ങൾ കുരിശിൽതറച്ചു കൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ സുഖം പ്രാപിച്ചത്. മറ്റാരിലും രക്ഷയില്ല. ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (അ.പ്ര. 4:10, 12). സെൻഹെദ്രിം സംഘത്തിനുമുന്നിൽ നടത്തിയ ഈ പ്രഖ്യാപനത്തിന് സാർവത്രികമായ ഒരു മൂല്യമുണ്ട്, കാരണം സകലർക്കും -യഹൂദർക്കും വിജാതീയർക്കും ഒരുപോലെ- രക്ഷ യേശുക്രിസ്തുവിലൂടെ മാത്രം.

## b. രക്ഷയുടെ സാർവത്രികത

''ദൈവങ്ങൾ എന്നു വിളിക്കപ്പെടുന്നവർ ആകാശത്തിലും ഭൂമിയിലും ഉണ്ടെന്നിരിക്കട്ടെ - അങ്ങനെ പല ദേവന്മാരും നാഥന്മാരും ഉണ്ടെന്നിരിക്കട്ടെ -അങ്ങനെ പല ദേവന്മാരും നാഥന്മാരും ഉണ്ടല്ലോ- എങ്കിലും നമുക്ക് ഒരു ദൈവമേയുള്ളു, ആരാണോ സർവവും സൃഷ്ടിച്ചത്, ആർക്കുവേണ്ടിയാണോ നാം ജീവിക്കുന്നത്, ആ പിതാവ്. ഒരു കർത്താവേ നമുക്കുള്ളു, ആരിലൂടെയാണോ സർവവും ഉളവായത്, ആരിലൂടെയാണോ നാം നിലനില്ക്കുന്നത്, ആ യേശുക്രിസ്തു'' (1 കൊറി 8:5-6). "ഒരു ദൈവവും ഒരു കർത്താവു"മെന്നത് അനേകം ദേവന്മാരും നാഥന്മാരിൽനിന്നും വ്യത്യസ്തമായി എടുത്തുപറഞ്ഞു കൊണ്ട് പൗലോസ് ബഹുദൈവവിശ്വാസത്തോട് തനിക്കുള്ള എതിർപ്പ് പ്രകടിപ്പിക്കുകയും ക്രിസ്തീയ വിശ്വാസത്തിന്റെ സവിശേഷതയായ ഏക ദൈവത്തിലും ഏക കർത്താവിലുമുള്ള വിശ്വാസത്തെ ഊന്നി പ്പറയുകയും ചെയ്യുകയാണിവിടെ.

## c. യേശുവിൽ വെളിപാട് സുനിശ്ചിതമാകുന്നു

യേശുവിലൂടെയുള്ള രക്ഷയുടെ സാർവത്രികത അവന്റെ കൃപയു ടെയും സത്യത്തിന്റെയും വെളിപാടിന്റെയും ദൗത്യത്തിന്റെ എല്ലാ തലങ്ങളെയും ആശ്ലേഷിക്കുന്ന ഒന്നാണ് യോഹന്നാന്റെ സുവിശേഷം. "സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമാണ്" വചനം (യോഹ 1:9). ''ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ

ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്'' (യോഹ 1:18). ദൈവത്തിന്റെ വെളിപാട് യേശുവിൽ സുനിശ്ചിതവും പൂർണവുമായി. ''പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു'' (ഹെബ്ര 1:1-2). യേശുവഴി ദൈവം പൂർണമായി തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തിത്തന്നു. സഭ സ്വഭാവത്താലെ മിഷണറിയാണെന്നു പറയാനുള്ള അടിസ്ഥാന കാരണവും ഇതുതന്നെയാണ്. സുവിശേഷം, അതായത് ദൈവം നമ്മെ അറിയാൻ സഹായിച്ച തന്നെക്കുറിച്ചുള്ള പൂർണസത്യം, പ്രഘോഷിക്കാതിരിക്കാൻ അവൾക്കു കഴിയില്ല.

## d. യേശു ദൈവത്തിനും മനുഷ്യർക്കുമിടയിലെ ഏക മദ്ധ്യസ്ഥൻ

"എന്തെന്നാൽ, ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി ഒരുവനേയുള്ളു- മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നല്കി. അവൻ യഥാകാലം നല്കപ്പെട്ട ഒരു സാക്ഷ്യവുമായിരുന്നു. അതിന്റെ പ്രഘോഷകനായും അപ്പസ്തോലനായും വിശ്വാസത്തിലും സത്യത്തിലും വിജാതീയരുടെ പ്രബോധകനായും ഞാൻ നിയമിക്കപ്പെട്ടു. ഞാൻ വ്യാജമല്ല സത്യമാണു പറയുന്നത് " (1 തിമോ 2:5-7, ഹെബ്രാ 4:14-16). അതിനാൽ യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവുമുഖേനെയല്ലാതെ ആർക്കും ദൈവവുമായുള്ള കൂട്ടായ്മയിലേക്കു പ്രവേശിക്കാനാവില്ല.

## e. നസറായനായ യേശുവിനെയല്ലാതെ മറ്റൊരു മിശിഹായെ നാം കാത്തിരിക്കേണ്ടതില്ല

ക്രിസ്തുവിൽ "ദൈവത്വത്തിന്റെ പൂർണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു" (കൊളോ 2:9), "അവന്റെ പൂർണതയിൽനിന്ന് നാമെല്ലാവരും കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു" (യോഹ 1:16). "പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതൻ" (യോഹ 1:18). "അവിടുത്തെ പ്രിയപുത്രനിലാണല്ലോ നമുക്ക് രക്ഷയും പാപമോചനവും ലഭിച്ചിരിക്കുന്നത്... എന്തെന്നാൽ അവനിൽ സർവസമ്പൂർണതയും നിവസിക്കണമെന്നു ദൈവം തിരുമനസ്സായി. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്നു തന്നോടു അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു" (കൊളോ 1:13-14, 19-20). ക്രിസ്തുവിന്റെ ഈ അതുല്യ സവിശേഷതയാണ് അവന്റെ സാർവത്രികയുടെയും അഖണ്ഡതയുടെയും

അടിസ്ഥാനം. അതുവഴി അവൻ ചരിത്രത്തിലായിരുന്നുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രവും ലക്ഷ്യവുമായി: "ഞാൻ ആൽഫയും ഒമേഗയുമാണ്" (വെളി 22:13). "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും അവനിൽ സമന്വയിപ്പിക്കുവാൻ ദൈവം തിരുമനസ്സായി" (എഫേ 1:10).

## 2. ക്രിസ്തീയ മിഷന്റെ ത്രിത്വൈക ഘടന

ത്രിത്വൈക ഘടന യോഹ 20:21-23 -ൽ ഭംഗിയായി പ്രകടമാകുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവതുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ... "

### a. മിഷന്റെ ഉറവിടമായ പിതാവായദൈവം

സഭയുടെ പ്രേഷിത ശുശ്രൂഷയുടെ അഥവാ മിഷന്റെ ഉറവിടം പിതാവായ ദൈവമാണ്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല പ്രത്യുത അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:16-17). ലോകരക്ഷാർത്ഥം സ്വപുത്രനെ ലോകത്തിലേയ്ക്ക് അയച്ചപ്പോൾ പുത്രന്റെ സന്തതസഹചാരിയായി (കൂട്ടാളിയായി) പരിശുദ്ധ റൂഹാതമ്പുരാനെയും പിതാവ് അയച്ചു (യോഹ 1:32-33). അതായത് ലോകരക്ഷയ്ക്കായി ലോകത്തിലേക്കു നീട്ടിയ പിതാവായ ദൈവത്തിന്റെ രണ്ടു കരങ്ങളാണ് പുത്രനും പരിശുദ്ധ റൂഹായും.

### b. മിഷന്റെ കേന്ദ്രമായ ക്രിസ്തു

ലോകരക്ഷയ്ക്കായി ഈ ഭൂമിയിലേക്ക് അയയ്ക്കപ്പെട്ട അപ്പസ്തോലൻ (ഹെബ്രാ 3:1) ആയ യേശുവിന് സുവിശേഷം പ്രസംഗിക്കുകയെന്നത് തന്റെ ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്വമാണെന്ന ഉറച്ച ബോദ്ധ്യം ഉണ്ടായിരുന്നു. "... മറ്റു പട്ടണങ്ങളിലും ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണല്ലോ ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (ലൂക്കാ 4:43). പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നത് യേശു സ്വഭക്ഷണമാക്കി മാറ്റി. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4:34).

ഈ ദൗത്യനിർവണത്തിനായി മുപ്പതു വർഷം രഹസ്യമായി ഒരുങ്ങിയശേഷം "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മാർ 1:15) എന്ന

ആഹ്വാനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത്. ദൈവരാജ്യത്തിന്റെ സമഗ്രവിമോചനത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് (ലൂക്കാ 14:18–19) സുവിശേഷം തന്നെയായ യേശു യഥാർത്ഥ സുവിശേഷ പ്രഘോഷകനായി മാറി. പരസ്യജീവിതകാലത്ത് തന്റെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും പ്രബോധനങ്ങളിലൂടെയും യേശു സുവിശേഷം അറിയിച്ചു. ഉപമകളിലൂടെയും, അത്ഭുതങ്ങളും അടയാളങ്ങളും വഴിയും, യേശു സുവിശേഷം പ്രഘോഷിച്ചു. എല്ലാറ്റിലുമുപരിയായി തന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ യേശു തന്റെ സുവിശേഷദൗത്യം പൂർത്തിയാക്കി. "എല്ലാം പൂർത്തിയായി" (യോഹ 19:30) എന്നു പറഞ്ഞ് അവിടുന്ന് തന്റെ ഇഹലോക ജീവൻ വെടിഞ്ഞു.

### C. മിഷന്റെ പ്രതിനിധിയായ (agent) പരിശുദ്ധാത്മാവ്

പ്രപഞ്ച സൃഷ്ടിയിൽ പരിശുദ്ധാത്മാവ് സന്നിഹിതനായിരുന്നു. യഥാർത്ഥത്തിൽ സൃഷ്ടിയുടെ ചരിത്രം രക്ഷാചരിത്രമാണ്. പ്രപഞ്ചസൃഷ്ടി മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള വഴിയൊരുക്കലായിരുന്നു. മനുഷ്യരക്ഷയുടെ പൂർത്തീകരണവും പരിശുദ്ധാത്മാവുമുഖേനയാണ്.

വി. കന്യക മറിയത്തിന്റേമേൽ പരിശുദ്ധാത്മാവ് ആവസിച്ചപ്പോൾ വചനം അവളിൽ മാംസം ധരിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിച്ചുകൊണ്ട് യോർദ്ദാനിൽവച്ച് യേശു തന്റെ ശുശ്രൂഷാ ദൗത്യം ആരംഭിച്ചു. അതുപോലെ പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടാണ് യേശു അപ്പസ്തോലന്മാരെയും തങ്ങളുടെ പ്രേഷിത ശുശ്രൂഷയ്ക്കായി നിയോഗിച്ചത് (യോഹ 20:22). "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14:26).

പെന്തക്കൊസ്തി ദിനത്തിൽ "ദൈവത്തിന്റെ കാറ്റ്" (1 രാജാ 19:12) ശക്തമായ കൊടുങ്കാറ്റുപോലെയായിമാറി (അപ്പ പ്ര 2:2). പത്രോസിന്റെ ആത്മനിറവിലുള്ള പ്രസംഗത്തിലൂടെ 3000 പേരെ മാനസാന്തരപ്പെടുത്തി. അപ്പസ്തോലന്മാരിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച പരിശുദ്ധാത്മാവ് സഭയിൽ ഇന്നും സജീവമാണ്. ലോകാവസാനംവരെ, പുത്രൻ തന്റെ രാജ്യം പിതാവിനെ ഭരമേല്പിക്കുന്നതുവരെ, ദൈവത്തിന്റെ നീട്ടപ്പെട്ട കരമായി (മർക്കോ 16:20) ആത്മാവ് പ്രവർത്തിക്കും. അതുവരെ "അരുപിയും മണവാട്ടിയും (സഭ)" ***മാറാനാത്താ*** (നമ്മുടെ കർത്താവ് വരുന്നു)! എന്നു പറഞ്ഞുകൊണ്ടിരിക്കും.

### അദ്ധ്യായം രണ്ട്

## സഭയുടെ സുവിശേഷവല്ക്കരണ ദൗത്യം

യേശുവിന്റെയും പന്ത്രണ്ട് അപ്പസ്തോലന്മാരുടെയും സുവിശേഷ പ്രവർത്തനത്തിൽനിന്നാണ് സഭ രൂപംകൊണ്ടത്. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന കർത്തൃ കല്പനയുടെ പൂർത്തീകരണത്തിന്റെ ആഗ്രഹിക്കത്തക്കതും, ഏറ്റം അടുത്തതും, സ്വാഭാവികവും, പ്രകടവുമായ ഫലമാണവൾ. "അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു... രക്ഷപ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (അപ്പ 2:41, 47). അയയ്ക്കപ്പെടലിൽനിന്നു രൂപംകൊണ്ട സഭ യേശുവിനാൽ അയയ്ക്കപ്പെട്ടവളാണ്. മഹത്വത്തിന്റെ കർത്താവ് പിതാവിലേക്കു തിരികെപ്പോകുമ്പോൾ സഭ ലോകത്തിൽ ആയിരിക്കും. യേശുവിന്റെ ഒരു പുതിയ സാന്നിദ്ധ്യമായി, അവന്റെ വേർപാടിന്റെയും സ്ഥിരമായ സാന്നിദ്ധ്യത്തിന്റെയും അടയാളമായി അവൾ നിലകൊള്ളും. അവൾ അവനെ ദീർഘിപ്പിക്കുകയും തുടരുകയും ചെയ്യും. എല്ലാറ്റിലുമുപരി യായി അവന്റെ മിഷനും സുവിശേഷകനെന്ന അവന്റെ അവസ്ഥയും തുടരാനാണ് അവൾ വിളിക്കപ്പെട്ടിരിക്കുന്നത്.

സുവിശേഷ സന്ദേശം അവതരിപ്പിക്കുക എന്നത് സഭയ്ക്ക് സ്വന്തം താല്പര്യമനുസരിച്ച് തെരഞ്ഞെടുക്കാവുന്ന ഒന്നല്ല. കർത്താവായ യേശുവിന്റെ കല്പനയനുസരിച്ച് അവളിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു ധർമ്മമാണ്, അതുവഴി എല്ലാവരും രക്ഷപ്രാപിക്കാൻ. തീർച്ചയായും ഈ സന്ദേശം അത്യാവശ്യമാണ്. ഇത് അതുല്യമാണ്. ഇത് മാറ്റിവയ്ക്കാവുന്നതല്ല. ഇത് നിസംഗതയോ ഒത്തുതീർപ്പോ അനുവദിക്കുന്നില്ല. ഇത് മനുഷ്യരക്ഷയെ സംബന്ധിച്ച കാര്യമാണ്.

പോൾ ആറാമൻ മാർപ്പാപ്പ *Evangelii Nuntiandi* എന്ന തന്റെ ചാക്രിക ലേഖനത്തിൽ പറയുന്നത് "സുവിശേഷവല്ക്കരിക്കുക എന്നത് സഭയ്ക്കു ലഭിച്ച കൃപയും വിളിയുമാണ്, ആഴത്തിലുള്ള അവളുടെ സ്വഭാവം. അവൾ നിലനില്ക്കുന്നത് സുവിശേഷവല്ക്കരിക്കുവാൻ വേണ്ടിയാണ്" (*EN* 14). അതേ ചാക്രിക ലേഖനത്തിൽ പരി. പിതാവു പറയുന്നു, "സുവിശേഷവല്ക്കരണം ആരുടെയും വ്യക്തിപരമായ പ്രവർത്തിയല്ല,

ആഴത്തിൽ അത് സഭാത്മകമായ പ്രവൃത്തിയാണ്" (*EN* 60). ഈ പ്രസ്താവനകൾ സുവിശേഷവല്ക്കരണം എന്തുമാത്രം സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കുന്നു. (ഈ ഭാഗത്തിന് നാം ആശ്രയിക്കുന്നത് M. Vellanickal, ''The Evangelizing mission of the Syro-Malabar Church'', May 2009)

## 1. വചനത്തിന്റെ ത്രിവിധ ശുശ്രൂഷകൾ

അപ്പ. 2:42-47 -ൽ പറയുന്നതുപോലെ സഭയിൽ വചനത്തിന്റെ ശുശ്രൂഷ പലവിധത്തിൽ നിർവഹിക്കാമെങ്കിലും, വചനം സ്വീകരിക്കുക, വചനം ജീവിക്കുക, വചനം ആഘോഷിക്കുക എന്നീ മൂന്നു പ്രധാന മാർഗങ്ങളാണുള്ളത്. വചനം സ്വീകരിക്കുക എന്നത് പ്രബോധന ശുശ്രൂഷയോടും, വചനം ജീവിക്കുക എന്നത് അജപാലന ശുശ്രൂഷയോടും, വചനം ആഘോഷിക്കുക എന്നത് വിശുദ്ധീകരണ ശുശ്രൂഷയോടും ബന്ധപ്പെട്ടിരിക്കുന്നു.

## a. വചനം സ്വീകരിക്കുക

സഭ വചനം സ്വീകരിച്ച ദൈവജനത്തിന്റെ സമൂഹമാണ് (അപ്പ 2:41), അതായത് വചനമായ യേശുവിൽ വിശ്വസിക്കുകയും, അതിലുള്ള വിശ്വാസം ഏറ്റുപറയുകയും ചെയ്തവർ. ക്രിസ്തീയ കൂട്ടായ്മയെ വിശ്വാസികളുടെ സമൂഹം എന്നാണറിയപ്പെട്ടിരുന്നത് (അപ്പ 2:44; 4:32). വചനം സ്വീകരിച്ചാൽമാത്രം പോരാ, അവർ വചനത്തിൽ നിലനില്ക്കണം. അതിനാൽ സഭയുടെ വചന ശുശ്രൂഷ പ്രബോധന രൂപമെടുത്തു, "അവർ അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ താല്പര്യപൂർവം പങ്കുചേർന്നു" (അപ്പ. 2:42). സഭയെ താങ്ങിനിർത്തുന്ന ഈ അപ്പസോല പ്രബോധനം പ്രസംഗം, പഠിപ്പിക്കൽ, മതബോധനം, ദൈവശാസ്ത്രം എന്നീ രൂപങ്ങൾ കൈക്കൊണ്ടു. യേശുവിന്റെ ശുശ്രൂഷയിൽ പ്രസംഗത്തിന്റെ ഭാഗമായി അടയാളങ്ങളുമുണ്ട്, ''എല്ലാവരിലും ഭീതി ഉളവായി; അപ്പസ്തോലന്മാർവഴി പല അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു" (അപ്പ 2:43).

## b. വചനം ജീവിക്കുക

തങ്ങൾ വിശ്വസിച്ചേറ്റുപറയുന്ന വചനം ജീവിക്കുന്ന വിശ്വാസികളുടെ സമൂഹവുമാണ് സഭ. ഇത് പ്രത്യേകിച്ച് കൂട്ടായ്മയുടെ ഭാവം സ്വീകരിക്കുന്നു. ജീവന്റെ വചന അനുഭവവും അതിന്റെ പങ്കുവയ്ക്കലും കൂട്ടായ്മാ ഭാവത്തിലേക്കു നയിക്കും (1 യോഹ 1: 1-3). ആദിമ ക്രൈസ്തവ സമൂഹം ഇതിന് നല്ല ഉദാഹരണമാണ്, "വിശ്വസിച്ചവർ

എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (അപ്പ. 2:44-45). വചനം അനുദിനജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ ക്രിസ്തീയ ജീവിതം കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും ജീവിതമായി മാറിയേ മതിയാകൂ, അത് ക്രിസ്തുശിഷ്യത്വത്തിന്റെ സവിശേഷമായ അടയാളമാണ് (യോഹ 13:34-35). അജപാലന ശുശ്രൂഷ സമൂഹത്തിൽ ക്രമവും ഐക്യവും സ്ഥാപിക്കാനുള്ള നേതൃത്വ ശുശ്രൂഷയാണ്. ഇത് സഭാംഗങ്ങളുടെ അനുദിന പ്രായോഗികജീവിതം സംബന്ധിച്ചുള്ളതാകയാൽ ഈ അപ്പസ്തോലിക വചന ശുശ്രൂഷ ആദ്ധ്യാത്മികവും അച്ചടക്കപരവുമായ രൂപമെടുക്കുന്നു.

### c. വചനം ആഘോഷിക്കുക

സഭ വചനം ആഘോഷിക്കുന്ന ദൈവജനത്തിന്റെ സമൂഹമാണ്. സഭയുടെ ആരാധനയിൽ വചനം ആനന്ദത്തിലും സ്തുതിയിലും പ്രതിധ്വനിക്കുന്നു. ആദ്യ ക്രൈസ്തവസമൂഹത്തിൽ ഇത് പ്രത്യേകമാംവിധം പ്രകടമാകുന്നു:"അവർ ഏകമനസ്സോടെ താല്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു" (അപ്പ 2:46-47മ). പൗലോസിന്റെയും ബർണബാസിന്റെയും പ്രസംഗത്തിനു ശേഷമുള്ള ജനത്തിന്റെ പ്രതികരണത്തെ ഇപ്രകാരം വിവരിക്കുന്നു: "ഈ വാക്കുകൾ കേട്ടപ്പോൾ വിജാതീയർ സന്തോഷ ഭരിതരായി കർത്താവിന്റെ വചനത്തെ പ്രകീർത്തിച്ചു" (അപ്പ 13:48). ശുദ്ധീകരിക്കുന്ന അപ്പസ്തോലിക ശുശ്രൂഷ ക്രിസ്തീയ കൂട്ടായ്മകളെ ആരാധനാസമൂഹമായി രൂപപ്പെടുത്തി വചനം ആഘോഷിക്കുന്നതിനുവേണ്ടിയാണ്. വചനം ആഘോഷിക്കുന്നത് സഭയുടെ ആരാധനക്രമ രൂപത്തിലാണ്.

**വചന പ്രഘോഷണം**: വചനത്തിന്റെ മുകളിൽപറഞ്ഞ ത്രിവിധ ശുശ്രൂഷയാണ് സഭയെ സഭയാക്കുന്നതും വചന പ്രഘോഷണത്തിനു പ്രാപ്തയാക്കുന്നതും. അപ്പ. 2:47-ൽ നാം ഇപ്രകാരം വായിക്കുന്നു: "രക്ഷപ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു." വചനം സ്വീകരിക്കുകയും, ജീവിക്കുകയും ആഘോഷിക്കുകയും ചെയ്യുക വഴിയാണ് സഭ സുവിശേഷവല്ക്കരിക്കുന്ന സമൂഹമാകുന്നത്. ലിഖിതരൂപത്തിലുള്ള വചനം അഥവാ ബൈബിൾ വചനം സഭയിലാണ്. സഭാജീവിതത്തിൽനിന്ന് വേർപെടുത്തി സ്വതന്ത്രമായി വചനം പ്രഘോഷിക്കുന്ന രീതി സുവിശേഷവല്

ക്കരണമെന്ന ആശയത്തിനെതിരാണ്. ദൈവജനം മുഴുവനുമാണ് വചനത്തെ അഥവാ സുവിശേഷത്തെ സംരക്ഷിക്കുന്നത്.

സഭ ഒരു ശരീരമായി, വചനം അഥവാ യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട സത്യം സ്വീകരിക്കുകയും, ജീവിക്കുകയും, ആഘോഷിക്കുകയും ചെയ്യുന്നു. അതിനാൽ ബൈബിൾ അഥവാ ലിഖിതരൂപത്തിലുള്ള വചനം സഭയുടെ വിശ്വാസം ജീവിക്കുന്ന സമൂഹത്തിലാണ് സ്വീകരിക്കപ്പെടേണ്ടത്.

## 2. ആരാധനക്രമവും വചന പ്രഘോഷണവും

ആരാധനക്രമം അഥവാ വചനത്തിന്റെ ആഘോഷംവഴിയാണ് സഭ ഏറ്റവും വ്യക്തമായി സ്വയം ആവിഷ്കൃതയായിരിക്കുന്നത് (ടഇ 41). "പരിശുദ്ധ കുർബാന സഭയെ സഭയാക്കുന്നു" എന്ന പഴയ ആപ്തവാക്യത്തിൽ നിന്നും ഇതു വ്യക്തമാണ്. ആരാധനക്രമത്തിൽ, പ്രത്യേകിച്ച് പരി. കുർബാനയിലാണ്, സഭ അതിന്റെ പൂർണവും ശുദ്ധവുമായ രൂപത്തിൽ ജീവിക്കുന്നത്. സഭയിൽ ആരാധനക്രമത്തിന്റെ പ്രത്യേക സ്ഥാനത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലും ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നത്; അവളുടെ ശക്തിമുഴുവൻ നിർഗളിക്കുന്നതും അവിടെനിന്നുതന്നെ" (ടഇ 10). എല്ലാ അപ്പസ്തോല ശുശ്രൂഷകളുടെയും ലക്ഷ്യം ആരാധനക്രമ മാണെന്ന് കൗൺസിൽ ഇവിടെത്തന്നെ വ്യക്തമാക്കുന്നു. ആരാധനക്രമം, പ്രത്യേകിച്ച് പരി. കുർബാനയാണ് വചനപ്രഘോഷണ ത്തിന്റെ ഉത്തമരൂപം.

### a. സ്വജീവിതത്തിലൂടെയുള്ള വചനപ്രഘോഷണം

'ഭൂമിയുടെ ഉപ്പും' (മത്താ 5:13) 'ലോകത്തിന്റെ വെളിച്ചവും' (മത്താ 5:14) ആകുവാനുള്ള വിളിയാണ് ഓരോ ക്രൈസ്തവനും ലഭിച്ചിട്ടുള്ളത്. പത്രോസ് ശ്ലീഹാ ക്രിസ്ത്യാനികളെ ഇപ്രകാരം ഉപദേശിക്കുന്നു: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം" (1 പത്രോ 2:9).

### b. ഒരു ആരാധനാ സമൂഹമെന്നനിലയിലെ സാക്ഷ്യം

പോർട്ടുഗീസുകാരുടെ വരവിനുമുമ്പ് ക്രിസ്തീയ വിശ്വാസം ഭാരതത്തിൽ വ്യാപിച്ചിരുന്നെങ്കിൽ അത് മാർത്തോമാ ക്രിസ്ത്യനികളുടെ മിഷണറി പ്രവർത്തനംമൂലമാണ്. ആർഷഭാരത സംസ്കാരത്തിന്റെ സ്വാധീനംമൂലം ഭാരതീയർ മിസ്റ്റിസിസത്തെയും, ആദ്ധ്യാത്മിക

തയെയും, ദൈവാനുഭവത്തെയും പ്രത്യേകം വിലമതിച്ചിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യമനുസരിച്ച് സിറിയായിലെയും ഭാരതസഭയിലെയും സന്യാസികളാണ് ആത്മീയ ജീവിതത്തിനും പ്രേഷിത ശുശ്രൂഷയ്ക്കും വഴിയൊരുക്കിയത്. മലങ്കര സുറിയാനി കത്തോലിക്കാസഭ അവളുടെ പാരമ്പര്യത്തിനനുസരിച്ചുള്ളതും ഭാരതത്തിനു സ്വീകാര്യമായതുമായ ആരാധനാ സമൂഹത്തിന്റെ സാക്ഷ്യ ജീവിതത്തിലധിഷ്ഠിതമായ ഒരു സമീപനരീതിയാണ് പ്രേഷിത ശുശ്രൂഷയ്ക്കായി സ്വീകരിക്കേണ്ടത്.

### c. സ്നേഹിക്കുന്നതും പങ്കുവയ്ക്കുന്നതുമായ ഒരു കൂട്ടായ്മ എന്നനിലയിലുള്ള സാക്ഷ്യം

നമ്മുടെ ഇടവക കൂട്ടായ്മകളെ സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന കൂട്ടായ്മകളായി രൂപപ്പെടുത്തിയാൽ അത് ക്രിസ്തീയ സാക്ഷ്യത്തിനു സഹായകമാകും. നമ്മുടെ ഇടവകകൾക്ക് മറ്റുസഭകളിലും വിശ്വാസത്തിലുമുള്ളവരെ ആകർഷിക്കാൻ സാധിക്കുന്നുണ്ടോ? പരസ്പര ഐക്യവും സഹകരണവും കരുതലും നമ്മുടെ എല്ലാ പ്രവർത്തികളിലും പ്രകടമാകുന്നുണ്ടോ?

### d. ആശ്രമ ആദ്ധ്യാത്മികതയുടെ സാക്ഷ്യം

ആശ്രമജീവിതവും ആദ്ധ്യാത്മികതയും ഭാരത സംസ്കാരത്തിന്റെ പ്രത്യേകതയാണ്. പൗരസ്ത്യ സഭയുടെ പ്രേഷിത ചൈതന്യം പ്രധാനമായും അവരുടെ സഭാപാരമ്പര്യത്തിൽ വളർത്തിയെടുത്തിട്ടുള്ള തപശ്ചര്യയുടെയും സന്യാസത്തിന്റെയും ഫലമാണ്. അതിനാൽ ഈ ചൈതന്യത്തിന്റെ വീണ്ടെടുക്കലിലൂടെ നമ്മുടെ സഭയെ കൂടുതൽ ഫലപ്രദമായ പ്രേഷിത ശുശ്രൂഷയ്ക്കു തയ്യാറാക്കാവുന്നതാണ്.

മാർ ഈവാനിയോസ് പിതാവ് മിശിഹാനുകരണ സന്യാസ സമൂഹത്തിനു രൂപം കൊടുത്തത് ഭാരത സുവിശേഷവല്ക്കരണത്തിനുവേണ്ടിയാണ്. അതുകൊണ്ട് ഭാരതീയമായ ഒരു മനോഭാവവും, ജീവിത ശൈലിയും, ലാളിത്യവുമാണ് പിതാവ് സ്വീകരിച്ചത്. പക്ഷേ ഇന്ന് ലോകത്തിന്റെ ആദർശങ്ങൾ നമ്മുടെ സന്യാസസമൂഹങ്ങളെ സ്വാധീനിക്കുന്നില്ലേ?

ഫ്രാൻസിസ് ആചാര്യയും ബീഡ് ഗ്രിഫിത്ത്സും കൂടെ വാഗമണിൽ സ്ഥാപിച്ച കുരിശുമല ആശ്രമത്തിൽ പാശ്ചാത്യ സംസ്കാരവും ഭാരതീയ സംസ്കാരവും ഒരുമിച്ചു സമ്മേളിക്കുന്നു. പലകാരണങ്ങളാൽ അതിന്റെ പൂർണതയിലെത്തിയില്ലെങ്കിലും ആരാധനക്രമത്തിന്റെയും സന്യാസത്തിന്റെയും സാംസ്കാരിക അനുരൂപണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ പ്രശംസനീയംതന്നെ.

### e. സാംസ്കാരിക കൂട്ടായ്മയുടെ സാക്ഷ്യം

ഭാരതത്തിലെ സാംസ്കാരിക പശ്ചാത്തലത്തിൽ പ്രാദേശിക സാംസ്കാരത്തിനനുസരിച്ച് വിശ്വാസം ജീവിക്കുക എന്നത് സുവിശേഷ വല്ക്കരണത്തിന് അനിവാര്യമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭാഷ, ഭക്ഷണം, വസ്ത്രധാരണം മുതലായവയിലെല്ലാം ഭാരതീയമായ ജീവിത ശൈലിയാണ് സ്വീകരിച്ചത്. സാംസ്കാരിക അനുരൂപണം ജനത്തിന്റെ ജീവിത ശൈലിയാണ്, കുറച്ചു ദൈവശാസ്ത്രജ്ഞരുടെ രൂപഭാവനയല്ല.

### f. സംവാദത്തിലായിരിക്കുന്ന കൂട്ടായ്മയുടെ സാക്ഷ്യം

ഭാരതത്തിന്റെ മതാത്മക വൈവിദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷണറിമാരും സഭാ കൂട്ടായ്മകളും അകത്തോലിക്കരോടും ഇതര മതങ്ങളോടുമുള്ള സംവാദത്തിന് തയ്യാറാകണം. ഇതിന് മറ്റു മതങ്ങളോടുള്ള ആദരവും അവയിലുള്ള സത്യത്തെ അംഗീകരിക്കാനുള്ള തുറവിയും അനി വാര്യമാണ്. ഇത് സ്വന്തം വിശ്വാസത്തെ ശിഥിലമാക്കിക്കൊണ്ടാകരുത്, മറിച്ച് സ്വന്തം വിശ്വാസത്തിന്റെ ആധികാരികതയെ തിരിച്ചറിയുന്നതിന് ഇതു സഹായിക്കണം.

### g. ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ട ഒരു സമൂഹത്തിന്റെ സാക്ഷ്യം

ഭാരതത്തിന്റെ പശ്ചാത്തലത്തിൽ സഭ ശുശ്രൂഷകയാകണം. ക്രിസ്തുവിന്റെ വിമോചന ദൗത്യം അവൾ ഏറ്റെടുക്കണം. വിദ്യാഭ്യാസം, സാമൂഹിക പ്രവർത്തനങ്ങൾ മുതലായവയിലെല്ലാം ക്രിസ്തുവിൽ പ്രകടമായ സ്നേഹശുശ്രൂഷയുടെ ലക്ഷണങ്ങളായ സത്യവും നീതിയും പ്രതിഫലിക്കണം.

## 3. വൈദികരുടെയും സന്യസ്തരുടെയും ദൈവവിളി പ്രോത്സാഹനം

യുവതീയുവാക്കന്മാരെ പ്രോത്സാഹിപ്പിച്ച് വൈദിക ജീവിതത്തിലേക്കും സന്യാസ ജീവിതത്തിലേക്കും നയിക്കുന്നത് ഒരു പ്രേഷിത പ്രവർത്ത നമാണ്, കാരണം ഇത് ഭാവിയിലെ മിഷണറി പ്രവർത്തനങ്ങൾക്ക് വളരെ സഹായമാകും. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ വെറും സാമ്പ ത്തീക നേട്ടങ്ങൾ മാത്രം കണക്കുകൂട്ടി വളർത്തുന്നത് സുവിശേഷവല് ക്കരണത്തിന് വലിയ തടസ്സമാകും.

അദ്ധ്യായം മൂന്ന്

# നവ സുവിശേഷവല്ക്കരണം (New evangelisation)

## 1. എന്താണ് നവ സുവിശേഷവല്ക്കരണം?

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ലിഖിതങ്ങളിലും ശ്ലൈഹിക ആഹ്വാനങ്ങളിലും, പ്രബോധനങ്ങളിലും ആവർത്തിച്ചുപറഞ്ഞിട്ടുള്ള ഒന്നാണ് നവ സുവിശേഷവല്ക്കരണം. സഭയിലെ വിശ്വാസികൾക്ക് ക്രിസ്തുവിനെ എല്ലാവരോടും പ്രഘോഷിക്കാനുള്ള ഒരു പദ്ധതിയാണിത്. ഇത് 'ആഴത്തിൽ വലയിറക്കാനുള്ള' ഒരുപദ്ധതിയാണ്. ഭൗതികതയും വ്യക്തിഗതചിന്താഗതികളും കാരണം ദൈവാവബോധം നഷ്ടപ്പെട്ടതുമൂലം വന്നുപോയ വിടവു നികത്താനായി നിത്യസത്യമായ സുവിശേഷ സന്ദേശം പുനരവതരിപ്പിക്കാനുള്ള നവമായ മാർഗങ്ങൾ സ്വീകരിക്കാനുള്ള പരിശ്രമമാണിത്. ഈ സംസ്കാരത്തിലേക്കു നല്കപ്പെട്ട ജനത്തിന് തങ്ങളുടെ ജീവിതത്തിൽനിന്ന് പാവനബോധം (sense of sacred) നഷ്ടപ്പെട്ടു. (ഈ ഭാഗത്തിനാശ്രയിക്കുന്നത് 'The New Evangelisation" by V.Vallikatt, Detroit)

ആധുനിക സംസ്കാരത്തിന്റെയും, ഭൗതികതയുടെയും പരിണിത ഫലമായി ക്രൈസ്തവവിശ്വാസം തഴച്ചുവളർന്ന് നൂറ്റാണ്ടുകൾ നിലനിന്ന രാഷ്ട്രങ്ങളിൽപ്പോലും വിശ്വാസം മന്ദീഭവിക്കുകയും നഷ്ടപ്പെടുകയും ചെയ്തു. അതോടൊപ്പം രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷമുണ്ടായ, സഭയെയും സഭയുടെ പ്രേഷിതദൗത്യത്തെയും സംബന്ധിച്ച, ചില ദൈവശാസ്ത്രപരമായ പ്രശ്നങ്ങളും വിശ്വാസികളുടെ പ്രേഷിത തീഷ്ണതയിൽ മാന്ദ്യം വരുത്തി. അതിനാൽ സഭ ഈ കാലഘട്ടത്തിന് അനുയോജ്യമായവിധത്തിൽ സുവിശേഷവെളിച്ചം പുനരവതരിപ്പിക്ക ണം. സഭയുടെ മിഷനെതിരെയുള്ള കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കു മറുപടിയായി യേശുക്രിസ്തുവിന്റെ രക്ഷയുടെ സന്ദേശം പുനരവതരിപ്പിക്കുന്നതിനെയാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നവ സുവിശേഷവല്ക്കരണം എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്.

ഭൗതികതയുടെ അന്ധകാരത്തിൽ സത്യം, സ്വാതന്ത്ര്യം, വ്യവസ്ഥകളില്ലാത്ത സ്നേഹം, എന്നിവയുടെ രൂപത്തിൽ ദൈവത്തിനു വേണ്ടിയുള്ള വലിയദാഹം മനുഷ്യഹൃദയങ്ങളിലുണ്ട്. ദൈവത്തിനുവേണ്ടിയുള്ള ഈ ദാഹത്തിനു മറുപടിയായിട്ടാണ് പരി. പിതാവ് ജോൺ

പോൾ രണ്ടാമൻ മാർപ്പാപ്പ നവസുവിശേഷവല്ക്കരണം നിർദ്ദേശിച്ചത്. സഭയുടെ എല്ലാ ഊർജ്ജവും നവസുവിശേഷവല്ക്കരണത്തിനും വിജാതീയരുടെയിടയിലെ സുവിശേഷ പ്രഘോഷണത്തിനുമായി വിനിയോഗിക്കാനുള്ള സമയം സമാഗതമായെന്ന് പരി. പിതാവ് വിശ്വസിച്ചു. ഇന്നത്തെ സമൂഹത്തിലെ മാറ്റങ്ങളും നവസുവിശേഷ വല്ക്കരണം കൂടുതൽ അടിയന്തരമാക്കുന്നു. പാശ്ചാത്യ സംസ്കാര ത്തിന്റെ ഇടിവും ശക്തമായ ക്രിസ്തീയ സമൂഹങ്ങൾ നിലനിന്നിരുന്ന രാജ്യങ്ങളിൽപ്പോലും സംഭവിച്ചിട്ടുള്ള വിശ്വാസമാന്ദ്യവും നവസുവി ശേഷവല്ക്കരണം കൂടുതൽ അനിവാര്യമാക്കുന്നു. നവസുവിശേഷ വല്ക്കരണം പുതിയ സന്ദേശം അറിയിക്കലല്ല. സുവിശേഷത്തിന്റെ ഉള്ളടക്കം എന്നും ഒന്നുതന്നെ. ഇത് എന്നും പ്രസക്തവുമാണ്. യേശുക്രിസ്തുവിലൂടെ നല്കപ്പെട്ട രക്ഷയുടെ സന്ദേശമാണത്. അതിന്റെ ഔത്സുക്യത്തിലും സമീപനരീതിയിലും അവതരണശൈ ലിയിലും പുതിയതാണ്. ഇത് ദൈവജനത്തിന്റെ മുഴുവൻ ചുമതലയാണ്. ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള പുതിയ പരിശ്രമങ്ങളും അർപ്പണവും ഇതിലടങ്ങിയിരിക്കുന്നു. ക്രിസ്തീയ കുടുംബങ്ങളെ നവസുവിശേഷവല്ക്കരണത്തിന്റെ കേന്ദ്രമാക്കാൻ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ആഗ്രഹിക്കുന്നു.

## 2. നവ സുവിശേഷവല്ക്കരണത്തിലേക്കുള്ള വിളിയെ താഴ്ത്തിമറിച്ച ചില ദൈവശാസ്ത്ര പ്രവണതകൾ

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള ചില ദൈവശ്സത്ര പ്രവണതകൾ അനേകരുടെ മനസ്സിൽ രക്ഷയ്ക്ക് സഭയുടെയും സഭയുടെ കൂദാശകളുടെയും അനിവാര്യതയെക്കുറി ച്ചുള്ള ചോദ്യങ്ങളുയർത്തി. അത് രക്ഷണീയവ്യാപാരത്തിലുള്ള യേശുവിന്റെ അതുല്യതയെ ചോദ്യംചെയ്യുന്ന ചില അതിരുവിട്ട ദൈവശാസ്ത്ര ചിന്താഗതികളിലേക്കു നയിച്ചു. ഒന്നിനും പ്രത്യേക പ്രാധാന്യം നല്കാതെ എല്ലാ മതങ്ങളെയും, ബോദ്ധ്യങ്ങളെയും, ധാർമികജീവിത ശൈലികളെയും ഒരേ നിലവാരത്തിൽ കാണുക എന്നതാണ് ഏറ്റവും വലിയ അപകടം (Avery Cardinal Dulles SJ). യേശു മനുഷ്യകുലത്തിന്റെ മുഴുവനും ഏകരക്ഷകനാണെന്ന വിശ്വാസത്തെ (*Dominus Iesus* 13) ഏതു മതത്തിലൂടെയായാലും ഈ രക്ഷയിലേക്കുവരാൻ സാധിക്കു മെന്ന് ചില ദൈവശാസ്ത്രജ്ഞന്മാർ അവതരിപ്പിച്ചു. ഇപ്രകാരം പല മതങ്ങളെ അംഗീകരിക്കുന്ന രീതി മതാന്തരസംവാദത്തെ സുവിശേഷ വല്ക്കരണത്തിനു പകരംവച്ചു. ഇത്, മതാന്തരസംവാദം സുവിശേഷ വല്ക്കരണത്തിനുള്ള ഒരു രീതി മാത്രമാണെന്ന സഭയുടെ പഠിപ്പിക്ക

ലിൽനിന്ന് വളരെ അകലെയാണ്. ഉദാഹരണമായി, യഹൂദരുടെ പൂർവികരോട് ദൈവം നിത്യമായ ഒരുടമ്പടി ചെയ്തിട്ടുള്ളതുകൊണ്ട് അവരുടെയിടയിൽ സുവിശേഷവല്ക്കരണത്തിന്റെ ആവശ്യമില്ലെന്നു വാദിക്കുന്ന ദൈവശാസ്ത്രജ്ഞരുണ്ട്. ഇത് യേശുക്രിസ്തുവിന്റെ ജീവിതത്തിനും മിഷനും, അപ്പസ്തോല കാലംമുതലുള്ള സഭയുടെ സുവിശേഷ വല്ക്കരണ ശുശ്രൂഷയ്ക്കും പൂർണമായും വിരുദ്ധമായ നിലപാടാണ്.

അതുപോലെ, എക്യുമെനിക്കൽ സംവാദത്തിനു നല്കുന്ന പ്രാധാന്യത്തിന്റെ വെളിച്ചത്തിൽ പലരും തിരുസഭയെയും വിവിധ സഭാകൂട്ടായ്മകളെയും ഒരേ നിലവാരത്തിൽ കാണാൻ തുടങ്ങി. സംവാദം വിട്ടുവീഴ്ച്ചയ്ക്കും ഒതിതുതീർപ്പിനുമുള്ള വേദിയാകാതെ സത്യത്തിന്റെ പൂർണത അന്വേഷിക്കുന്നതിനും യോജിപ്പിലെത്തുന്ന തിനുമുള്ള വേദിയാകണം.

വ്യക്തിഗത ഭൗതികത യുഗാന്ത്യോന്മുഖതയ്ക്ക് ആരോഗ്യകരമല്ലാത്ത ഒരു പരിണിതഫലമുണ്ട്. അന്തിമകാര്യങ്ങളെക്കുറിച്ച് പല ക്രിസ്ത്യാനികളുടെയും മനസ്സിൽ പല ചിന്താക്കുഴപ്പങ്ങളും സൃഷ്ടിച്ചു. സ്വർഗം സാർവത്രികമായ മനുഷ്യാവകാശമാണെന്ന ഒരു ധാരണയുളവാക്കി. നരകം ഒരു മദ്ധ്യകാലഘട്ട കെട്ടുകഥയാണ്, സുവിശേഷപ്രബോധനമല്ലെന്നു ചിന്തിക്കുന്ന ദൈവശാസ്ത്രജ്ഞരും അജപാലകരുമുണ്ട്. ഇമ്യറശിമഹ ഊഹഹലം ചിന്തിക്കുന്നത് അവർ പിശാചിന്റെ പണിചെയ്യുന്നെന്നാണ്.

ലക്ഷോപലക്ഷം കുഞ്ഞുങ്ങൾ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ കൊല്ലപ്പെടുമ്പോൾ "മാമോദിസായില്ലാതെ മരിക്കുന്ന കുഞ്ഞുങ്ങൾ രക്ഷിക്കപ്പെട്ടു എന്നു നമുക്ക് ഉറപ്പു പറയാനായില്ലെങ്കിലും അവരുടെ രക്ഷ നമുക്ക് പ്രത്യാശിക്കാം" (International Thological Commission) എന്ന് ദൈവശ്സ്ത്രപരമായി ചിന്തിക്കുന്നത് കാലഘട്ടത്തിന്റെ അരൂപി പ്രകടമാക്കുന്നു, സഭയുടെ പഠിപ്പിക്കലിനെയല്ല. ദൈവശാസത്രജ്ഞരുടെയും അജപാലകരുടെയും ഇപ്രകാരമുള്ള അസ്ഥാനത്തുള്ള കാരുണ്യം ഗുണത്തെക്കാളേറെ ദോഷംചെയ്യും.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ''തിരുസ്സഭ'' എന്ന പ്രമാണരേഖയിലെ 16-ാമത്തെ നമ്പർ പലപ്പോഴും ഭാഗികമായിട്ടാണ് വ്യാഖ്യാനിക്കാറുള്ളത്. രക്ഷയെക്കുറിച്ചുള്ള കൗൺസിലിന്റെ മറ്റു പഠിപ്പിക്കലുകൾ പരിഗണിക്കാതെ രക്ഷയുടെ സാദ്ധ്യതയെക്കുറിച്ച്

പറയുമ്പോൾ, പ്രസ്തുത പ്രബോധനത്തിൽ "ദൈവത്തെക്കുറിച്ചുള്ള സ്പഷ്ടമായ അറിവിലേക്ക് സ്വന്തം കുറ്റത്താലല്ലാതെ വന്നെത്താതിരി

ക്കുകയും..." എന്ന ഒന്നാം ഭാഗത്തിന് അമിതമായ ഊന്നൽ കൊടുക്കുകയും, "ദൈവത്തിന്റെ സത്യത്തെ അസത്യമായി പകർത്തിയും...." എന്ന അവസാനഭാഗം ഉപേക്ഷിച്ചുകളയുകയും ചെയ്യുന്നു.

### 3. എന്ത് സന്ദേശമാണ് പ്രഘോഷിക്കാൻ നമ്മെ ഭരമേല്പിച്ചിരിക്കുന്നത്?

നാം പ്രഘോഷിക്കാനായി ഭരമേല്പിക്കപ്പെട്ട സന്ദേശം യേശുക്രിസ്തുവിൽ സംജാതമായ ദൈവരാജ്യത്തിന്റെ സന്ദേശമാണ്. യേശുക്രിസ്തുവിന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും, പ്രത്യേകിച്ച് കുരിശുമരണം, ഉത്ഥാനം, പരിശുദ്ധാത്മദാനം എന്നിവയിലൂടെ സംജാതമായ രക്ഷയുടെ സന്ദേശം. യേശു ഈ ലോകത്തിലേക്കു വന്നത് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കാനാണ്. സുവിശേഷത്തിന്റെ കേന്ദ്രമായി യേശു പ്രഘോഷിച്ചത് രക്ഷയാണ്. അതുകൊണ്ട് സഭയുടെ മിഷന്റെ കേന്ദ്രം യേശുവിലൂടെയുള്ള രക്ഷയുടെ സന്ദേശം പ്രഘോഷിക്കുക എന്നതാണ്.

ഈ രക്ഷ ഇഹലോകത്തിൽ മാത്രമല്ല, യുഗാന്ത്യോന്മുഖമാണ്. യേശുവിലൂടെയുള്ള പുതിയ ഉടമ്പടി വാഗ്ദാനത്തിലുള്ള പ്രത്യാശയെക്കുറിച്ചുള്ള പ്രഘോഷണമാണിത്. ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെക്കുറിച്ചും, നമുക്ക് ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചും, എല്ലാ മനുഷ്യരോടുമുള്ള സഹോദരതുല്യമായ സ്നേഹത്തെക്കുറിച്ചുമുള്ള പ്രഘോഷണവും ഇതിൽ ഉൾപ്പെടുന്നു. തിന്മയെക്കുറിച്ചുള്ള പ്രഘോഷണവും നന്മയെ സജീവമായി അന്വേഷിക്കാനുള്ള ആഹ്വാനവും ഇതിലുൾപ്പെടുന്നു. പ്രാർത്ഥനയിലൂടെയും സഭയുടെ കൂട്ടായ്മയിലൂടെയും കൂദാശകളിലൂടെ പ്രത്യേകിച്ച് പരി. കുർബാനയിലൂടെയുള്ള കൃപാവരജീവിതവും പ്രത്യേകമാംവിധം ഇതിലുൾപ്പെടുന്നു.

ദൈവത്തിന്റെ കൃപയും കരുണയുമായിട്ടാണ് ദൈവരാജ്യവും രക്ഷയും മനുഷ്യർക്കു നല്കപ്പെടുന്നത്. യേശുക്രിസ്തുവിലൂടെയുള്ള ഈ രക്ഷാകരപ്രവർത്തിക്ക് മനുഷ്യന്റെ വ്യക്തിപരമായ പ്രത്യുത്തരം ആവശ്യമാണ്. മാനസാന്തരത്തി ലൂടെയും വിശ്വാസത്തിലൂടെയും രക്ഷാകരപ്രവൃത്തിയുടെ കൃപ നാം സ്വായത്തമാക്കേണ്ടതാണ്. ദൈവത്തിന്റെ ഈ അമൂല്യദാനം "മനുഷ്യനെ അടിച്ചമർത്തുന്ന എല്ലാറ്റിൽ നിന്നുമുള്ള മോചനമാണ്, എന്നാൽ പാപത്തിൽനിന്നും തിന്മയിൽ നിന്നുമുള്ള മോചനത്തിനുപരിയായി, ദൈവത്തെ അറിയുകയും ദൈവത്താൽ അറിയപ്പെടുകയും, അവനെ കാണുകയും അവനായി വിട്ടുകൊടുക്കുകയും ചെയ്യുന്നതിലുള്ള ആനന്ദമാണ്" (*EN* 9).

ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലാവർക്കും എല്ലാ കാലത്തേക്കുമുള്ളതാണ്. ഇതു സ്വീകരിച്ച് രക്ഷിക്കപ്പെട്ടവരുടെ സമൂഹത്തിൽ ആയിത്തീരുകയും ചെയ്തവർ തങ്ങളുടെ വാക്കിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും ഇത് മറ്റുള്ളവരോടു പ്രഘോഷിക്കണം. അങ്ങനെ സുവിശേഷം സ്വീകരിച്ചവർ സുവിശേഷ പ്രഘോഷകരായി മാറും. സുവിശേഷവല്ക്കരണത്തിൽ പ്രഘോഷണവും, മാനസാന്തരവും, ക്രിസ്തുവിന്റെ ശരീരത്തിലുൾച്ചേരലും, ശുശ്രൂഷയും ഉൾപ്പെടുന്നു.

### 4. എങ്ങനെ നവ സുവിശേഷവല്ക്കരണം ഇടവക തലത്തിൽ ആവിഷ്കരിക്കാം?

ഇടവകതലത്തിലെ സുവിശേഷവല്ക്കരണ പരിപാടികൾ വിശ്വാസികളുടെ സമൂലമായ മാനസാന്തരത്തിനും അതുവഴി ക്രിസ്തുവിന്റെ സുവിശേഷം സകലരോടും പ്രഘോഷിക്കുന്നതിനുള്ള പുതുശക്തിയാർജിക്കുന്നതിനും ഇടയാക്കണം. വ്യക്തികളും കുടുംബങ്ങളും ഇടവക സമൂഹങ്ങളും പുനർ സുവിശേഷവല്ക്കരിക്കപ്പെടുകയും അതുവഴി ആത്മീയനവികരണത്തിനും പ്രേഷിതതീഷ്ണതക്കും ഇടയാവുകയുംവേണം. നിദ്രാവസ്ഥയിൽനിന്നു സമൂഹങ്ങളെ തട്ടിയുണർത്തി, എല്ലാം ഒരുവിധത്തിൽ നിലനിർത്തിക്കൊണ്ടു പോവുക എന്ന അവസ്ഥയിൽനിന്ന് ഉണർന്നെഴുന്നേറ്റ് മിഷനെക്കുറിച്ചുള്ള ഒരു നവമായ അവബോധത്തിലേക്കു വരണം. ഓരോസ്ഥലത്തെയും സാഹചര്യവും സംസ്കാരവുമനുസരിച്ച് പദ്ധതികൾ തയാറാക്കണം.

"ഭാവിയിൽ സുവിശേഷവല്ക്കരണം പ്രധാനമായും ഗാർഹിക സഭയെ ആശ്രയിച്ചിരിക്കും" എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ വാക്കുകൾ മനസ്സിൽ വച്ചുകൊണ്ട് കുടുംബങ്ങളെ സുവിശേഷവല്ക്കരിക്കുന്നതിന് പ്രത്യേക പ്രാധാന്യം നല്കേണ്ടതാണ്. അങ്ങനെ നവസുവിശേഷവല്ക്കരണത്തിൽ കുടുംബങ്ങളുടെ അജപാലന ശുശ്രൂഷയ്ക്ക് പ്രത്യേക ഊന്നൽ ലഭിക്കണം. കുടുംബങ്ങളുടെ നവ സുവിശേഷവല്ക്കരണം ലോകത്തെ സുവിശേഷവല്ക്കരിക്കുന്നതിന് അനിവാര്യമാണ്. കുട്ടികളുടെയും യുവജനങ്ങളുടെയും മതബോധന പരമായ ക്രിസ്തീയ പരിശീലനം വളരെ പ്രാധാന്യമർഹിക്കുന്ന, അജപാലകരുടെയും മതാദ്ധ്യാപകരുടെയും പ്രത്യേക ശ്രദ്ധ അർഹിക്കുന്ന, ഒന്നാണ്. സ്വന്തമെന്നഭാവത്തോടെ ഉണർന്നു പ്രവർത്തിക്കാൻ എല്ലാവരെയും തൊട്ടുണർത്തുന്ന എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ പത്യേകം ശ്രദ്ധിക്കണം. ആരാധനക്രമപരമായ ആഘോഷങ്ങൾ ജനങ്ങളുടെ ജീവിതത്തിൽ കൂടുതൽ അർത്ഥപൂർണവും ആത്മീയ പരിപോഷണ ഉറവയുമാക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

അദ്ധ്യായം നാല്

# നമ്മുടെ മിഷൻ പാത

## 1. സാക്ഷ്യം ജറുസലേമിലും യൂദയായിലും –"ജറുസലേംവിട്ടു പോകരുത്. പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ" (അപ്പ 1:4)

അപ്പ 1:8 –ൽ കർത്താവ് അപ്പസ്തോലന്മാർക്കു നല്കിയ പാതയാണ് നാമും സ്വീകരിക്കുന്നത്. ജറുസലേം യൂദയായുടെ തലസ്ഥാനമെന്ന നിലയിൽ രണ്ടു സ്ഥലങ്ങളും ഒരു ആശയമായി നാം മനസ്സിലാക്കുന്നു.

ജറുസലേമിലെ ആദിമസഭയെ, "സിയോൻ, എല്ലാ സഭകളുടെയും മാതാവ്" (Zion, Mother of all Churches) എന്നാണ് സഭാപിതാക്കന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. സിയോൻ സഭയുടെ പ്രതീകമാണ് (ഹെബ്ര 12:22). നമ്മുടെ ആരാധനക്രമത്തിൽ യഹൂദ മതവും ആചാരങ്ങളും വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒരു യഹൂദന്റെ മനസ്സിൽ ജറുസലേമിന്റെ പങ്കെന്താണ്?

**യഹൂദർക്ക്**

- ജറുസലേം ഭൂമിയുടെ പൊക്കിൾക്കൊടിയാണ്
- ദൈവത്തിന്റെ ഇരിപ്പിടമാണ്, ഭൂമിയിലെ അവന്റെ വാസസ്ഥലം
- ജറുസലേമിൽനിന്നാണ് ദൈവം തന്റെ ജനത്തെ പഠിപ്പിക്കുന്നതും നയിക്കുന്നതും
- അബ്രഹാം ഇസഹാക്കിനെ ബലികഴിക്കുവാൻ കൊണ്ടുപോയ മോറിയാമല ജറുസലേമിലാണ്.
- ആദത്തെയും ഹൗവ്വായെയും അടക്കിയിരിക്കുന്നത് ഇവിടെയാണ്
- ജറുസലേം ദേവാലയം ദൈവജനത്തിന്റെ ഐക്യത്തിന്റെയും അസ്തിത്വത്തിന്റെയും അടയാളമാണ്

**ക്രിസ്ത്യാനികൾക്ക്**

- കർത്താവ് പരി. കുർബാനയും പൗരോഹിത്യവും സ്ഥാപിച്ച സെഹിയോൻ മാളിക ജറുസലേമിലാണ്.
- അവിടെയാണ് മിശിഹാ കർത്താവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും നടന്നത്.

- അവിടെനിന്നാണ് കർത്താവ് സ്വർഗാരോഹണം ചെയ്തത്
- ക്രിസ്തുശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ വർഷിച്ചയിടം
- ക്രൈസ്തവ സഭയുടെ ആരംഭ സ്ഥലം
- ജറുസലേം ദൈവാലയം സ്വർഗത്തിന്റെ സിംഹാസനമാണ്.
- അവിടെയിരുന്നാണ് യേശു പഠിപ്പിച്ചത്.
- അവിടെയാണ് അപ്പസ്തോല നടപടി പുസ്തകത്തിൽ സൂചിപ്പി ക്കുംപോലെ ആദിമ അപ്പസ്തോലിക സഭ ആരംഭംകൊണ്ടത്.
- ജറൂസലേമിൽനിന്നാണ് സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ യെല്ലാം ആരംഭം.
- നമ്മുടെ ആരാധനക്രമത്തിനും, മതപരമായ ആചാരങ്ങൾക്കും ആദ്ധ്യാത്മികതയ്ക്കും ജറുസലേമിലെ യഹൂദസമൂഹത്തോടാണ് നാം കടപ്പെട്ടിരിക്കുന്നത്

അതിനാൽ പ്രതീകാത്മകമായി നമ്മുടെ സഭയാണ്, പ്രത്യേകിച്ച് നമ്മുടെ ഇടവകപ്പള്ളിയാണ്, നമ്മുടെ "ജറുസലേം". ഇവിടെനിന്നാണ് നമ്മുടെ ക്രിസ്തീയ ജീവിതം അനുഭവിക്കുന്നതും പരിപോഷിപ്പിക്ക പ്പെടുന്നതും. നമ്മുടെ ക്രിസ്തീയ ദൗത്യം ആരംഭിക്കുന്ന ഉറവയും ഇതാണ്.

ഇടവക ജീവിതത്തെ നാം എങ്ങനെ വിലമതിക്കുന്നു? വചനത്തി ന്റെയും അരൂപിയുടെയും ശക്തി അനുഭവിക്കുന്നതിന് ഇതു നമ്മെ സഹായിക്കുന്നുണ്ടോ? വചന പ്രഘോഷണവും പരിശുദ്ധ കുർബാന യുടെ ആഘോഷവും സുവിശേഷ പ്രഘോഷണത്തിനു നിങ്ങളെ പ്രേരി പ്പിക്കുന്നുണ്ടോ? നമ്മുടെ ഭക്തസംഘടനകൾ നമ്മുടെ കുഞ്ഞു ങ്ങൾക്കും യുവതലമുറയ്ക്കും പ്രേഷിത പ്രവർത്തനത്തിനുള്ള പ്രചോദനമരുളുന്നുണ്ടോ?

## a. സുവിശേഷവല്ക്കരണം അരൂപിയുടെ പ്രവർത്തി

'അപ്പസ്തോല പ്രവർത്തനത്തെ' 'അരൂപിയുടെ പ്രവർത്തനം' എന്നു പറയാവുന്നതാണ്. അപ്പസ്തോലന്മാരുടെ ആദ്യത്തെ ജറുസലേം സുന്നഹദോസിനുശേഷം അവർ ഇപ്രകാരം പ്രഖ്യാപിച്ചു: "താഴെപ്പറയുന്ന അത്യാവശ്യകാര്യങ്ങളേക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (അപ്പ 15:29). അരൂപിയുടെ പ്രവർത്തനവും അപ്പസ്തോലന്മാരുടെ പ്രവർത്തനവും പരസ്പരം കൈകോർത്തുപോകുന്നു. ദൈവം അരൂപിയിലൂടെ വ്യക്തികളെ തന്നിലേക്കാകർഷിക്കുകയും ധൈര്യപൂർവം സാക്ഷ്യം നല്കാൻ

മിഷണറിമാരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു: "അവർ നിങ്ങളെ ഏല്പിച്ചുകൊടുക്കുമ്പോൾ, എങ്ങനെ പറയണമെന്നോ എന്തു പറയണമെന്നോ നിങ്ങൾ ആകുലപ്പെടേണ്ടാ. നിങ്ങൾ പറയേണ്ടത് ആ സമയത്തു നിങ്ങൾക്കു നല്കപ്പെടും. എന്തെന്നാൽ, നിങ്ങളല്ല, നിങ്ങളിലൂടെ പിതാവിന്റെ ആത്മാവാണു സംസാരിക്കുന്നത്" (മത്താ 10:19-20).

മലങ്കര സുറിയാനി കത്തോലിക്കാ സഭ, അരൂപിയുടെ പ്രവർത്തനത്തെ വ്യക്തിപരമായിട്ടെന്നതിനെക്കാൾ, മണവാട്ടിയായ സഭയ്ക്ക് നല്കപ്പെട്ട മണവാളനായ ക്രിസ്തുവിന്റെ ആത്മാവായിട്ടാണു കാണുന്നത്. ദൈവവചനം അരൂപിയാൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നു. കൂദാശകളും ദൈവാത്മാവിനെ പ്രദാനംചെയ്യുന്നു. ഒരു മലങ്കര കത്തോലിക്കനെ സംബന്ധിച്ച് അവന്റെ ഇടവകപ്പള്ളിയാണ് പരിശുദ്ധാത്മ നവീകരണം പ്രാപിക്കാനുള്ള ഇടം, അല്ലാതെ പുകൾകേട്ട ധ്യാനകേന്ദ്രങ്ങളല്ല.

## b. പ്രേഷിത പ്രവർത്തനം സഭാത്മകമായ പ്രവർത്തി

പ്രേഷിത ശുശ്രൂഷ വ്യക്തിപരമായ ഒന്നല്ല, സഭാത്മകമാണ്. സഭയ്ക്കുള്ളിൽ അപ്പസ്തോലന്മാരോടും അവരുടെ പിൻഗാമികളായ മെത്രാന്മാരോടുമുള്ള കൂട്ടായ്മയിൽവേണം പ്രേഷിത ശുശ്രൂഷ നടത്താൻ. ഒറ്റയ്ക്ക് പ്രേഷിത ശുശ്രൂഷയ്ക്കിറങ്ങിയ പൗലോസ് പിന്നീട് അപ്പസ്തോലന്മാരുടെ കൂട്ടായ്മയിലേക്കു വന്നു. അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു: "ഞാൻ വീണ്ടും ജറുസലേമിലേക്കു പോയി (അപ്പസ്തോല കൂട്ടായ്മയുടെ സിംഹാസനത്തിന്റെ ഇടം)... ഒരു വെളിപാടനുസരിച്ചാണു ഞാൻ പോയത്. അവിടത്തെ പ്രധാനികളുടെ മുമ്പിൽ, ഞാൻ വിജാതീയരുടെയിടയിൽ പ്രസംഗിക്കുന്ന സുവിശേഷം സ്വകാര്യമായി അവതരിപ്പിച്ചു" (ഗലാ 2: 1-2). അങ്ങനെ പൗലോസ് അപ്പസ്തോല കൂട്ടായ്മയുടെ അംഗീകാരത്തോടെ സഭയുടെ പ്രധാനശ്രേണിയിൽ വന്നു.

## c. പ്രേഷിത ദൗത്യം പരി. കുർബാന കേന്ദ്രീകൃതം

യേശുവിലൂടെ സംജാതമായ രക്ഷയുടെ ഫലങ്ങൾ സകലർക്കും സംലഭ്യമാക്കുകയാണ് പ്രേഷിത ശുശ്രൂഷയുടെ ലക്ഷ്യം. പരി. കുർബാന ക്രിസ്തുവിലൂടെയുള്ള പെസഹാ രഹസ്യത്തിന്റെ അനുസ്മരണമെന്ന നിലയിൽ, പൗലോസിനെപ്പോലെ പെസഹാ രഹസ്യം സ്വാനുഭവമാക്കുന്ന ക്രിസ്ത്യാനിക്ക് (ഗലാ 2:20) പ്രേഷിത തീഷ്ണതയോടും ധീരതയോടുംകൂടെ പുറപ്പെടാം.

### d. പ്രേഷിത പ്രവർത്തനം യേശുവിന്റെയും സഭയുടെയും പ്രബോധനങ്ങളിലധിഷ്ഠിതം

പൗലോസ് ഗലാത്തിയർക്കെഴുതി, "...ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽനിന്നു വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾതന്നെയോ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" (ഗലാ 1:8-9). ഇന്ന് സുഭിക്ഷതയുടെ സുവിശേഷം പ്രസംഗിക്കുകയും സഹനത്തിന്റെ ആവശ്യകതയെ നിരാകരിക്കുകയും ചെയ്യുന്ന അനേകരുണ്ട്, ക്രിസ്തുവിന്റെ കാൽപാടുകൾ പിന്തുടരുന്നവർക്കുവേണ്ട വീരോചിത പാതയെക്കുറിച്ചു പറയാതെ മറ്റുള്ളവരെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നവർ. പൗലോസ് 2 തിമോ 4:3-5 -ൽ ഇതിനെക്കുറിച്ച് നേരത്തേ താക്കീതു നല്കിയിട്ടുള്ളതാണ്. : "ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്കുചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യത്തിനുനേരെ ചെവിയടച്ചു കെട്ടുകഥകളിലേക്കു ശ്രദ്ധതിരിക്കും..."

### e. പ്രേഷിത ശുശ്രൂഷയിൽ സഹനത്തിന്റെ അനിവാര്യത

ക്രിസ്തുനാഥന്റെ ജറുസലേമിലേക്കുള്ള യാത്രയുടെയും കുരിശുമരണത്തിന്റെയും പാതയിലൂടെ മാത്രമേ ക്രിസ്തുശിഷ്യർക്ക് യാത്രചെയ്യാനാവൂ. ഈ പാതയിൽ സുവിശേഷവിജയത്തിനും വ്യാപ്തിക്കും സഹനം ഒഴിച്ചുകൂടാനാവാത്തതാണ്. എന്നാൽ സഹനത്തിന്റെ പാത മഹത്വത്തിലേക്കുള്ള പാതയുമാണ്.

മിഷണറിയായ പൗലോസിന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായിരുന്നു സഹനം: "കർത്താവ് അവനോടു പറഞ്ഞു: വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണവൻ. എന്റെ നാമത്തെപ്രതി അവൻ എത്രമാത്രം സഹിക്കേണ്ടിവരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും" (അപ്പ 9:15).

അഗാബോസ് എന്നു പേരുള്ള ഒരു പ്രവാചകൻ പൗലോസിന്റെ അരപ്പട്ടയെടുത്ത് സ്വന്തം കൈകാലുകൾ ബന്ധിച്ചിട്ട് ഇപ്രകാരം പ്രസ്താവിച്ചു: ''പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു, ജറുസലേമിൽവച്ച് ഈ അരപ്പട്ടയുടെ ഉടമസ്ഥനെ ഇതുപോലെ ബന്ധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. ഇതുകേട്ടപ്പോൾ ഞങ്ങളും അവിടെയുണ്ടായിരുന്ന ജനങ്ങളും പൗലോസിനോടു ജറുസലേമിലേക്കു പോകരുതെന്നഭ്യർത്ഥിച്ചു. അപ്പോൾ അവൻ പറഞ്ഞു: നിങ്ങളെന്താണ്

ഈ ചെയ്യുന്നത്? നിലവിളിച്ചുകൊണ്ട് എന്റെ ഹൃദയത്തെ ദുർബല മാക്കുകയാണോ? ജറുസലേമിൽവച്ച് കർത്താവായ യേശുവിന്റെ നാമത്തെപ്രതി ബന്ധനം മാത്രമല്ല മരണംപോലും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്" (അപ്പ 21:11-13).

## f. മിഷണറിമാർക്ക് ആഴമായ ആദ്ധ്യാത്മികത വേണം

അന്ത്യോക്യൻ സഭയിലെ ആദ്യത്തെ മിഷണറിമാർ ബർണബാസും സാവൂളുമായിരുന്നു. അവരുടെ പ്രേഷിത ശുശ്രൂഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "അവർ കർത്താവിനു ശുശ്രൂഷ ചെയ്തും ഉപവസിച്ചും കഴിയവെ, പരിശുദ്ധാത്മാവ് അവരോടു പറഞ്ഞു: ബർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി, എനിക്കുവേണ്ടി മാറ്റി നിർത്തുക. ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം അവർ അവരുടെമേൽ കൈവയ്പു നടത്തി പറഞ്ഞയച്ചു" (അപ്പ 13:2-3). അയയ്ക്കുന്നതിനുമുമ്പ് നടന്ന മൂന്നു കാര്യങ്ങൾ: പ്രാർത്ഥന, ഉപവാസം, അപ്പസ്തോലന്മാരുടെ കൈവയ്പ്.

## g. അനുഭവത്തിൽനിന്ന് സാക്ഷ്യത്തിലേക്ക്

എങ്ങനെ ഒരാൾ അനുഭവത്തിൽനിന്ന് സാക്ഷ്യത്തിലേക്കു പോകണ മെന്നതിനെ വിവരിക്കാൻ രണ്ടുദാഹരണങ്ങൾ താഴെ കൊടുക്കുന്നു. സഭയുടെ ആരാധനക്രമ അനുഭവം, ഉപവാസവും പെരുനാളുകളും, പ്രാർത്ഥനയും പരിശുദ്ധാത്മ അനുഭവവും നമ്മെ ക്രിസ്തുവിന്റെ സാക്ഷികളാക്കണം.

***ഉദാഹരണം 1.*** സഭയുടെ ആരാധനക്രമ അനുഭവത്തിൽനിന്ന് പ്രേഷിത സാക്ഷ്യത്തിലേക്കു വരുന്നതിന് ഏറ്റവും നല്ല ഉദാഹരണം **ഏശയ്യാ 6:1-8** ഏശയ്യായുടെ അനുഭവത്തിൽനിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

- ദൈവത്തെക്കുറിച്ചുള്ള ആഴമായ അവബോധം
- അത്ഭുതാവബോധം ആരാധനയുടെ ആരംഭം
- ദൈവത്തിന്റെ പ്രത്യക്ഷീകരണം
- ഭൂകമ്പവും കാഹളധ്വനിയും ദൈവസാന്നിദ്ധ്യത്തിന്റെ അടയാളം
- അനുതാപവും ഏറ്റുപറച്ചിലും
- ദൈവത്തോടുള്ള സംഭാഷണം
- കർത്താവിന്റെ അൾത്താരയിൽനിന്നു വരുന്ന പാപപരിഹാരം
- തീക്കട്ട, പരിശുദ്ധാത്മാവിന്റെ പ്രതീകം
- ദൈവത്താൽ അയ്ക്കപ്പെടുന്ന അനുഭവം

-വലിയ തീഷ്ണതയോടും, പ്രവാചക ധീരതയോടുംകൂടെ പ്രവാചക ദൗത്യത്തിലേക്ക്

***ഉദാഹരണം 2***

**വി. തോമസ് അപ്പസ്തോലൻ**

- കർത്താവു പ്രത്യക്ഷപ്പെട്ടപ്പോൾ അപ്പസ്തോലന്മാരുടെ കൂട്ടായ്മയിൽ തോമസ് ഇല്ലാതിരുന്നത്
- തോമസിന്റെ ജീവിതത്തിൽ വന്ന യേശുവിന്റെ അഭാവം
- അത് കുറ്റബോധവും ഉത്ഥിതനായ യേശുവിനെ അനുഭവിക്കാനുള്ള പിടിവാശിയും ജനിപ്പിക്കുന്നു
- യേശു ശിഷ്യരുടെ സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നു
- ആണിപ്പഴുതേറ്റ മുറിവുകൾ കാണുകയും കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട തിരുവിലാവിൽ സ്പർശിക്കുകയും ചെയ്തു
- തോമസ് യേശുവിനോടുള്ള അടക്കാനാവാത്ത ആവേശത്താൽ വിളിച്ചു പറഞ്ഞു “എന്റെ കർത്താവും എന്റെ ദൈവവുമേ”
- നമുക്കും അവനോടുകൂടെ പോയി മരിക്കാം (യോഹ 11:16) എന്ന് വാഗ്ദാനം നടത്തിയവൻ യേശു മരിച്ചപ്പോൾ കൂടെയില്ലായിരുന്നു.
- ഇക്കാരണത്താൽ ശ്ലീഹാ ഭാരതത്തിൽ വരികയും, ഉത്ഥിതന് സാക്ഷ്യമായി മരണം കൈവരിക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞ രണ്ടനുഭവങ്ങളും ആരാധനാ സമൂഹത്തിലാണ് സംഭവിച്ചത്, ഈ അനുഭവത്തിനുശേഷം അവർ മിഷണറിമാരായി ത്തീരുകയും ചെയ്തു.

## മാമോദിസായും മൂറോനഭിഷേകവും

മോമോദിസായിലൂടെയും മൂറോനഭിഷേകത്തിലൂടെയുമാണ് ഒരാളെ ക്രിസ്ത്യാനിയായി നാം മനസ്സിലാക്കുക. ഒന്നായിത്തീരുന്ന അനുഭവത്തിൽനിന്നാണ് ദൗത്യബോധം ഉളവാകുക. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൂദാശക്രമങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നതിൽനിന്ന് താഴെപ്പറയുന്ന അനന്യതയും (Identity) ദൗത്യവും (mission) ശ്രദ്ധിക്കുക (കൂദാശക്രമങ്ങൾ)

| Identity | Mission |
|---|---|
| **മാമോദിസാ** | |
| മങ്ങാത്ത പ്രകാശത്താൽ | - വിശ്വാസവെളിച്ചത്താൽ പ്രശോഭിതരായി മറ്റുള്ളവരെ പ്രകാശിപ്പിക്കുക |
| ദൈവപൈതലായി | - ദൈവപിതാവിന് യഥാർത്ഥ മകനായി/ മകളായി മഹത്വം കൊടുക്കുക |

| | |
|---|---|
| നിത്യജീവനിലേക്ക് മുദ്രകുത്തി | - ദൈവത്തെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുക |
| ദൈവഭവനത്തിന്റെ അവകാശി | - ദൈവഭവനത്തിന്റെ മഹത്വം നിലനിർത്തുക |
| ജീവന്റെ പുസ്തകത്തിൽ പേരു ചേർക്കപ്പെടുന്നു | - രക്ഷകനായ ദൈവത്തിലാശ്രയം വച്ച് ധൈര്യപൂർവം ജീവിക്കുക |
| യേശുവിന്റെ ശരീരരക്ത ങ്ങളിൽ പങ്കാളിയാകുന്നു | - യേശുവുമായുള്ള കൂട്ടായ്മ നിലനിർത്തുക |
| ദൈവത്തിന്റെ ഏകജാതന്റെ പ്രകാശം അവന്റെ മുഖത്തു കണ്ടു | - ഈ പ്രകാശം എല്ലായിടത്തും പ്രസരിപ്പിക്കുക |
| വിഗ്രഹാരാധനയിൽനിന്നു മോചിപ്പിക്കുന്നു | - ദൈവത്തിന് എല്ലാറ്റിലും ഉപരിയായ സ്ഥാനം കൊടുക്കുന്നു |
| ദൈവത്തിന്റെ ആലയമായി ത്തീരുന്നു | - ദൈവത്തിന്റെ ആലയം പരിശുദ്ധ മായി കാക്കുന്നു |
| അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിലുറപ്പിക്കുന്നു | - സഭയുടെ വിശ്വാസ സത്യങ്ങളോട് വിശ്വസ്ഥത പുലർത്തുക |
| സഭയാകുന്ന ഉദ്യാനത്തിൽ അതു നടപ്പെട്ടു | - ധാരാളം ഫലമുളവാക്കി ദൈവത്തെ മഹത്വപ്പെടുത്തുക |
| പാപബന്ധനത്തിൽനിന്ന് മോചിക്കപ്പെടുന്നു | - അതേ പാപത്തിൽ വീണ്ടും വീഴരുത്, പാപത്തഴക്കത്തിലാകരുത് |
| സാത്താന്റെ ബന്ധനത്തിൽ നിന്ന് മോചിക്കപ്പെടുന്നു | - ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ ജീവിക്കുക |
| പരിശുദ്ധാത്മാവിന്റെ ദാനങ്ങ ളാൽ പൂരിതരാകുന്നു | - ഈ ദാനങ്ങൾ സഭയുടെ ഉന്നതി ക്കായി ഉപയോഗിക്കുക |
| ജിവന്റെ ശ്വാസം ലഭിച്ചു | - ദൈവികസ്വരൂപവും സാദൃശ്യവും കാത്തുസൂക്ഷിക്കുക |
| നിത്യതയുടെ വസ്ത്രം സ്വീകരിച്ചു | - വിശുദ്ധിയുടെ വസ്ത്രം നഷ്ടമാക്കാതിരിക്കുക |
| ക്രിസ്തുവുമായി കൂട്ടായ്മ യിലാകന്നു | - മുന്തിരിച്ചെടിയോടു ചേർന്നുനിന്ന് ഫലം പുറപ്പെടുവിക്കുക |
| ക്രിസ്തുവിന്റെ പടയാളിയായി | - ക്രിസ്ത്യാനിയുടെ അവകാശത്തിനായി പോരാടുക |

**മൂറോനഭിഷേകം**

| | |
|---|---|
| പരിശുദ്ധാത്മാവിനാൽ മുദ്രിതനാകുന്നു | - പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിക്കുക |
| ക്രിസ്തുവിന്റെ പരിമളത്താൽ നിറയുന്നു | - ക്രിസ്തുവിന്റെ പരിമളം പരത്തുക |

**(കൂദാശയുടെ അവസാനം നല്കുന്ന നിർദ്ദേശങ്ങൾ)**

- സാത്താനെയും അവന്റെ കൂട്ടരെയും ഭയപ്പെടരുത്
- നക്ഷത്രത്തെപോലെ പ്രകാശം പ്രതിഫലിപ്പിക്കുക
- ജീവന്റെ വചനത്തോടു ചേർന്നുനില്ക്കുക
- പഴയമനുഷ്യനെ ഉഴിഞ്ഞുമാറ്റുക
- ജീവിതത്തെ നിത്യജീവനിലേക്കുള്ള ഒരു തീർത്ഥാടനമാക്കുക

ഓരോ കൗദാശിക കൃപാവരത്തിലും ഒരുത്തരവാദിത്വം അഥവാ മിഷൻ അടങ്ങിയിരിക്കുന്നു. മാമോദിസായെക്കുറിച്ചും മൂറോനഭിഷേകത്തെക്കുറിച്ചും പറഞ്ഞതുപോലെ മറ്റു കൂദാശകളെക്കുറിച്ചും പറയാവുന്നതാണ്.

## 2. സുവിശേഷസാക്ഷ്യം സമരിയായിൽ

മുൻ സൂചിപ്പിച്ചതുപോലെ സമരിയാക്കാർ യഹൂദരായിരുന്നു എന്നാൽ പില്ക്കാലത്ത് പല കാരണങ്ങളാൽ അവർ വിഭജിക്കപ്പെടുകയും വ്യത്യസ്തമായ വിശ്വാസ ആചാരങ്ങൾ സ്വീകരിക്കുകയും ചെയ്തു. യേശുവിന്റെ കാലമായപ്പോഴേയ്ക്കും യഹൂദരും സമരിയാക്കാരും തമ്മിൽ യാതൊരു സമ്പർക്കവുമില്ലാതെ ശത്രുതയിലായി എന്നത് സമരിയാക്കാരി സ്ത്രീയുടെ പ്രത്യുത്തരത്തിൽനിന്നു വ്യക്തമാകുന്നു (യോഹ 4:9). യേശുവിനും ശിഷ്യർക്കും സമരിയായിലൂടെ കടന്നു പോയപ്പോൾ തിക്താനുഭവം ഉണ്ടായിട്ടുണ്ട് (ലൂക്കാ 9:54). എങ്കിലും യേശു അവരിലെ നന്മകളെ പുകഴ്ത്തി.

മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം സമരിയാ സൂചിപ്പിക്കുന്നത് ഒരിക്കൽ നമ്മോടുകൂടെയായിരുന്ന, നിർഭാഗ്യവശാൽ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽനിന്നു വേർപെട്ട, മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. അവർ നമ്മുടെ വിരോധികളല്ല. ദൈവ നിശ്ചിത സമയത്ത് അവരെ ദൈവം നമ്മോടു യോജിപ്പിക്കും. അതുവരെ നാം പ്രാർത്ഥനാപൂർവം പ്രത്യാശയോടെ കാത്തിരിക്കും. ദൈവാത്മാവ് ഐക്യത്തിന്റെ ആത്മാവാണ്. "എന്തെന്നാൽ ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്" (1 കൊറി 14:33).

### മ. സഭൈക്യം സുവിശേഷവല്ക്കരണത്തിന് അനിവാര്യം

മലങ്കര സുറിയാനി ഓർത്തഡോക്സ്, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭകൾക്ക് സാധുവായ പൗരോഹിത്യവും കൂദാശകളും ആരാധനാജീവിതവുമുണ്ടെങ്കിലും പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോടും റോമൻ സിംഹാസനത്തോടുമുള്ള പൂർണ കൂട്ടായ്മയില്ല. ഈ ഐക്യം പുനഃസ്ഥാപിക്കുന്നതുവരെ സഭാഗാത്രം മുറിവേറ്റതായി നിലകൊള്ളും. സഭകൾ തമ്മിലുള്ള കൂട്ടായ്മ ദൈവം ആഗ്രഹിക്കുന്നു. മാത്രമല്ല യേശുവിന്റെ പ്രാർത്ഥനയും അതായിരുന്നു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ അങ്ങ് എന്നിലും, ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു ...'' (യോഹ 17:21-22).

ക്രിസ്ത്യാനികൾക്കിടയിലെ ഭിന്നത ലോകത്തിന് ഉതപ്പ് നല്കുന്നതാണ്, അത് സുവിശേഷവല്ക്കരണത്തിനു ഏറ്റവും വലിയ തടസ്സവുമാണ്.

''വിഭജിക്കപ്പെട്ട മനുഷ്യകുലത്തെ യോജിപ്പിക്കുകയെന്നത് ദൈവതിരുമനസ്സാണ്. അതിനുവേണ്ടിയാണ് അവിടുന്നു തന്റെ പുത്രനെ അയച്ചത്... തന്റെ ശിഷ്യഗണം ഒന്നാകണമെന്ന് തന്റെ കുരിശുമരണത്തിനുമുമ്പ് ക്രിസ്തു നാഥൻ പിതാവിനോടു പ്രാർത്ഥിച്ചു. മാമോദിസാ സ്വീകരിച്ച എല്ലാവരുടെയും കടമയാണ് ക്രിസ്തുവിൽ ഒന്നാവുകയെന്നത്. മാമോദിസായിലൂടെ ക്രിസ്തുവിൽ മരിച്ചടക്കപ്പെട്ടവർക്ക് എങ്ങനെ വിഭജിച്ചുനില്ക്കാൻ സാധിക്കും? വിഭജിച്ചുനില്ക്കുന്നത് ക്രിസ്തുവിന്റെ തിരുമനസ്സിന് വിരുദ്ധമാണ്. ഇത് ലോകത്തിനിടർച്ച നല്കുന്നതിനും സുവിശേഷപ്രഘോഷണ ത്തിന്റെ ഫലത്തിനു തടസ്സം സൃഷ്ടിക്കുന്നതിനും കാരണമാകും" (*Ut Unum Sint*, no. 6).

ക്രിസ്തീയ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നത് പ്രേഷിത പ്രവർത്തനം തന്നെയാണ്. ചിതറിപ്പോയ ആടുകളെ ഏക ഇടയനായ ക്രിസ്തുവിന്റെ തൊഴുത്തിൽ ഒന്നിപ്പിക്കുക. അവനുമായി പൂർണ ഐക്യത്തിലാവുകയെന്നതാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനം.

### യ. പുനരൈക്യം എക്യുമേനിസത്തിനെതിരോ?

ഇപ്രകാരമുള്ള ആരോപണങ്ങളുന്നയിക്കുന്ന ചില തല്പര കക്ഷികളുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ''ആടുമോഷ്ടാക്കൾ" എന്ന് ആക്ഷേപിക്കുന്നവരുണ്ട്.

ആരും ഭൗതീക സഹായങ്ങൾ നല്കി മറ്റുള്ളവരെ നിർബന്ധിക്കാൻ പാടില്ല. എന്നാൽ ഓരോരുത്തർക്കും സ്വതന്ത്രമനസ്സോടെ വേണ്ടത്ര പഠനത്തിനും ആലോചനയ്ക്കുംശേഷം സ്വതന്ത്ര തീരുമാനമെടു ക്കാൻ അവകാശമുണ്ട്. ഇത് "*Anglicanorum Coetibus*" എന്ന അപ്പസ്തോലിക പ്രമാണരേഖയിലൂടെ വളരെ വ്യക്തമാകുന്നുണ്ട്. പ്രസ്തുത രേഖയിൽ പറയുന്നതുപോലെ, വേറിട്ടു നില്കുന്ന വ്യക്തികളുടെയും സമൂഹങ്ങളുടെയും പുനരൈക്യം അനുവദനീയമാണെന്നു മാത്രമല്ല, അഭികാമ്യവും ഏറെ പ്രശംസനിയവുമാണ്, കാരണം അവർക്ക് നിത്യരക്ഷക്കുള്ള പൂർണമായ മാർഗം ലഭിക്കുന്നു.

"ഏകവും, പരിശുദ്ധവും, സാർവത്രികവും, ശ്ലൈഹികവുമെന്ന് വിശ്വാസപ്രമാണത്തിൽ നാം സമ്മതിച്ചുപറയുന്ന സഭ, ഉത്ഥാനത്തിനുശേഷം നമ്മുടെ ദിവ്യരക്ഷകൻ മേയിക്കാനായി പത്രോസിനെ ഭരമേല്പിച്ച സഭ, പ്രചരിപ്പിക്കാനും ഭരിക്കാനുംവേണ്ടി വി. പത്രോസിനെയും മറ്റു ശ്ലീഹന്മാരെയും ഏല്പിച്ച സഭ, നിത്യകാലത്തേയ്ക്ക് അവിടുന്നു പടുത്തുയർത്തിയ സഭ - ഇതാണ് ക്രിസ്തുവിന്റെ ഏക സഭ..." (തിരുസ്സഭ 8).

ഈ സഭാദർശനങ്ങളുടെ പിൻബലത്താലാണ് അപ്പസ്തോലിക പ്രമാണരേഖയിലൂടെ ആഗ്ലിക്കൻസഭയിലെ പിതാക്കന്മാരുടെ കൂട്ടായ കത്തോലിക്കാസഭയുമായുള്ള ഐക്യത്തിന് നിയതമായ രൂപവും ഭാവവും നല്കപ്പെട്ടത് (*Anglicanorum Coetibus* Nov. 4, 2009).

അതിനാൽ വേറിട്ടുനില്ക്കുന്ന ക്രൈസ്തവ സഭകളുടെ കത്തോലിക്കാസഭയുമായുള്ള പുനരൈക്യം എക്യുമെനിസത്തിന് എതിരാണെന്നു പറയുന്നതു ശരിയല്ല. യഥാർത്ഥത്തിൽ എക്യുമെനിസത്തിന്റെ പൂർണതയാണ് പുനരൈക്യം.

"സ്നേഹത്തിൽ നിലനില്ക്കാത്തവരും സഭയുടെ മടിത്തട്ടിൽ 'ആന്തരികമായി' നിവസിക്കാതെ 'ബാഹ്യമാത്രമായി' കഴിഞ്ഞുകൂടുന്നവരും സഭയുടെ അംഗങ്ങളായതുകൊണ്ടുമാത്രം രക്ഷപ്രാപിക്കുകയില്ല. തങ്ങളുടെ ഉന്നതമായ ഈ സ്ഥാനത്തിനു കാരണം തങ്ങളുടെ യോഗ്യതയല്ല. പ്രത്യുത ക്രിസ്തുവിന്റെ യോഗ്യതകളാണെന്ന പരമാർത്ഥം സഭയുടെ സന്താനങ്ങൾ ശരിയായി അറിഞ്ഞിരിക്കട്ടെ. ഈ അനുഗ്രഹത്തോട് വിചാരത്താലും, വചനത്താലും, പ്രവൃത്തിയാലും സഹകരിക്കാത്തവർ രക്ഷ പ്രാപിക്കുകയില്ലെന്നു മാത്രമല്ല, കഠിനമായ വിധിക്കു പാത്രമാവുകകൂടി ചെയ്യും" (തിരുസ്സഭ 14).

## 3. സാക്ഷ്യം ഭൂമിയുടെ അതിർത്തികൾവരെ
### (അക്രൈസ്തവരോടുള്ള പ്രഘോഷണം)

അപ്പസ്തോലന്മാർ എവിടെയെല്ലാം പോയോ അവിടെയെല്ലാം യഹൂദ സിനഗോഗ് അവർ അന്വേഷിച്ചതായി അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു. വി. ഗ്രന്ഥത്തിലെ പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണമായി യേശുവിനെ പ്രഘോഷിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ യഹൂദരാണ് അവരെ ഏറ്റവും കൂടുതൽ എതിർത്തതും പീഡിപ്പിച്ചതും. അതിനാൽ അപ്പസ്തോലന്മാർ വേറെ പാത തിരഞ്ഞെടുത്തു. "പൗലോസും ബർണബാസും ധൈര്യപൂർവം ഇങ്ങനെ പറഞ്ഞു: ദൈവവചനം ആദ്യം നിങ്ങളോടു പ്രസംഗിക്കുക ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതു തള്ളിക്കളയുന്നതുകൊണ്ടും നിത്യജീവനു നിങ്ങളെത്തന്നെ അയോഗ്യരാക്കിത്തീർത്തിരിക്കുന്നതുകൊണ്ടും ഇതാ, ഞങ്ങൾ വിജാതീയരുടെ അടുക്കലേക്കു തിരിയുന്നു" (അപ്പ. 13:46).

അന്നുമുതൽ അപ്പസ്തോലന്മാരുടെ പ്രവർത്തനം വിജാതീയരുടെ പക്കലേക്കു തിരിയുന്നതായി നമുക്കു കാണാം. എന്നാൽ യഹൂദരുമായി അവർ ഇടറിമാറിയെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. ലോകത്തിന്റെ അതിർത്തികൾവരെ യേശുവിനെ പ്രഘോഷിക്കുക എന്നത് പൗലോസിന്റെ വലിയ ആഗ്രഹമായിരുന്നു. ഭൂമിയിൽ വസിക്കുന്ന എല്ലാ മനുഷ്യരും യേശുവിൽ വിശ്വസിക്കണമെന്നും അവന്റെ രക്തത്താൽ രക്ഷിക്കപ്പെടണമെന്നും അവൻ ആഗ്രഹിച്ചു. ഈ ആഗ്രഹം പൗലോസിന്റെ ഒരു അടങ്ങാത്ത ആവേശമായി മാറി. അതിനുവേണ്ടി അവൻ ജീവിച്ചു, പ്രവർത്തിച്ചു, സഹിച്ചു, മരിച്ചു.

### മ. അക്രൈസ്തവരുടെ സുവിശേഷവല്ക്കരണം നമ്മുടെ ഒന്നാമത്തെ മുൻഗണന

ദൈവരാജ്യത്തിന്റെ സുവിശേഷം ശ്രവിച്ചിട്ടില്ലാത്തവരോട് പ്രഘോഷിക്കുകയാണ് നമ്മുടെ ഒന്നാമത്തെ മുൻഗണന. എന്നാൽ ഇൻഡ്യയിൽ, പ്രത്യേകിച്ച് ഉത്തരേൻഡ്യൻ സംസ്ഥാനങ്ങളിൽ, ക്രിസ്തീയ വിശ്വാസത്തെ പാശ്ചാത്യ അധിനിവേശ മേധാവിത്വശക്തികളോടും, ആധുനിക മുതലാളിത്തവാദികളോടും ബന്ധപ്പെടുത്തി മുൻവിധിയോടെ കാണുന്നു. ഇൻഡ്യയിലെ മിഷണറിമാർ ഇൻഡ്യൻ സംസ്കാരത്തെയും മൂല്യവ്യവസ്ഥിതിയെയും നശിപ്പിക്കുന്നുവെന്ന ആരോപണവുമുണ്ട്. ക്രിസ്തുമതം എഷ്യയിലാണ് ഉത്ഭവിച്ചത്. ഇൻഡ്യയിലെ അക്രൈസ്തവരോടു സുവിശേഷം പ്രഘോഷിക്കുന്നത് അതിന്റെ പൗരസ്ത്യ സ്വഭാവം നിലനിർത്തിക്കൊണ്ടാകണം. അതിനാൽ

ഇൻഡ്യൻ സംസ്കാരത്തിന് അനുയോജ്യമായത് പൗരസ്ത്യ ആരാധനാ രീതിയും ജീവിതശൈലിയുമാണെന്നു നാം വിശ്വസിക്കുന്നു.

അക്രൈസ്തവരോടു സുവിശേഷം പ്രഘോഷിക്കുന്നതിനെക്കുറിച്ച് ചില കാര്യങ്ങൾ ഇത്തരുണത്തിൽ വ്യക്തമാക്കേണ്ടതുണ്ട്.

## b. മിഷണറി പ്രവർത്തനം എന്തല്ല?

- ക്രിസ്തീയ സാമ്രാജ്യം വ്യാപിപ്പിക്കുകയല്ല
- മറ്റു മതങ്ങളെ പിൻതള്ളുകയും നശിപ്പിക്കുയുമല്ല ലക്ഷ്യം
- ഒരു രാജ്യത്തിലെ ജനതയുടെ സംസ്ക്കാരവും ജീവിത മൂല്യങ്ങളും നശിപ്പിക്കുകയല്ല
- സാമൂഹ്യസേവനം നല്ലതാണെങ്കിലും, മിഷൻ പ്രവർത്തനം അതല്ല

## c. മിഷണറി പ്രവർത്തനങ്ങൾക്കെതിരെ ഉണ്ടാകുന്ന തടസ്സങ്ങൾ

**ബാഹ്യ തടസ്സങ്ങൾ:-**

- നിരീശ്വര പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ ശക്തികൾ, മതപരിവർത്തനത്തിന് എതിരായ ബില്ലുകൾ, മതമൗലീകവാദം, ലൗകീകരണം, ഉപഭോഗ സംസ്ക്കാരം, അജ്ഞത, ദാരിദ്ര്യം, ജാതിവ്യവസ്ഥ മുതലായവ.

**ആന്തരീക തടസ്സങ്ങൾ:-**

- സഭാ ദൗത്യത്തെക്കുറിച്ചുള്ള അജ്ഞത,
- ആത്മീയ പ്രചോദനമില്ലായ്മയും മന്ദോഷ്ണതയും, ചില മത കർമ്മങ്ങൾ അനുഷ്ഠിച്ചാൽ മതിയെന്നുള്ള ചിന്തയും,
- ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്താനുള്ള ലജ്ജയും യോഗ്യതയില്ലെന്നുള്ള അപകർഷതാബോധവും,
- വൈദികരുടെയും സന്ന്യസ്തരുടെയും മാത്രം കടമയെന്ന ചിന്ത
- അത്മായർക്ക് പൊതുവെ ആവശ്യബോധം തോന്നുന്നില്ല,
- ലോകത്തോടുള്ള അമിതമായ പ്രതിപത്തി
- മറ്റു മനുഷ്യരുടെ രക്ഷയെക്കുറിച്ചുള്ള ചിന്തയില്ലായ്മ,
- മാദ്ധ്യമങ്ങൾ സുവിശേഷവത്ക്കരണത്തിന് വേണ്ടത്ര ഉപയോഗിക്കാത്തത്

## d. എന്തുകൊണ്ട് സുവിശേഷവല്ക്കരണം

സുവിശേഷ പ്രഘോഷണത്തിന്റെ അനിവാര്യതയെക്കുറിച്ച് വി. പൗലോസ് ഇപ്രകാരം പറയുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി 9:16). സുവിശേഷം സകലജനത്തെയും അറിയിക്കുവാനുള്ള നമ്മുടെ കടമയെ താഴെപ്പറയുന്ന വിധം സംഗ്രഹിക്കാം.

**1) *ദൈവത്തിന്റെ രക്ഷാകര പദ്ധതി:*** "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എന്തെന്നാൽ ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി ഒരുവനേയുള്ളു - മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നല്കി. അവൻ യഥാകാലം നല്കപ്പെട്ട ഒരു സാക്ഷ്യവുമായിരുന്നു. ... (1 തിമോ 2:4-7).

സുവിശേഷവല്ക്കരണം നമുക്ക് ഐച്ഛികം (optional) അല്ല, അനിവാര്യം (must) ആണ്. വി. പത്രോസ് ശ്ലീഹാ പറയുന്നതുപോലെ, "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്. അതിനാൽ ... നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം" (1 പത്രോ 2:9).

***2) കാണുകയും, കേൾക്കുകയും, സൂക്ഷിച്ചു വീക്ഷിക്കുകയും (1യോഹ 1:1) ചെയ്തവർ സാക്ഷ്യപ്പെടുത്തണം:*** ന്യായാധിപസംഘത്തോട് പത്രോസ് പറഞ്ഞു: " ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല" (അപ്പ പ്ര 4:20). അപ്പസ്തോലന്മാർ ക്രിസ്തുവിനോടുകൂടെ വസിച്ച് അവനെ നേരിട്ട് അനുഭവിച്ചറിഞ്ഞു. യഥാർത്ഥ ക്രിസ്താനുഭവം പങ്കുവയ്ക്കാതെ രഹസ്യമായി സൂക്ഷിക്കുവാൻ ആർക്കും സാധിക്കില്ല.

വി. യോഹന്നാൻ സമരിയാക്കാരി സ്ത്രീയുടെ ആദ്യ മിഷനറി അനുഭവം വിവരിക്കുന്നുണ്ട്. "ആ സ്ത്രീയാകട്ടെ കുടം അവിടെവച്ചിട്ട് പട്ടണത്തിലേക്കുപോയി, ആളുകളോടു പറഞ്ഞു: ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻ തന്നെയായിരിക്കുമോ ക്രിസ്തു? അവർ പട്ടണത്തിൽനിന്നു പുറപ്പെട്ട് അവന്റെ അടുത്തു വന്നു" (യോഹ 4:28-30). ഇവിടെ പട്ടണത്തിലേക്കു പോയി എന്നുപറയുന്നതുകൊണ്ട് തങ്ങളുടെ പുറജാതീയ വിശ്വാസം വെടിഞ്ഞ് യേശുവിലേക്കു വന്നുവെന്നും അവിടുത്തെ ശിഷ്യരായിയെന്നുമാണ്. ഇതുപോലെതന്നെ കത്തോലിക്കാസഭയുടെ പൂർണത അനുഭവിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കരും തങ്ങൾ അനുഭവിക്കുന്ന പൂർണ സന്തോഷം അകത്തോലിക്കരുമായി പങ്കുവയ്ക്കണം. ഇടയന്റെ സന്തോഷം വഴിതെറ്റിയതിനെ തിരികെകൊണ്ടുവരികയെന്നതാണ് (ലൂക്കാ 15:6). "ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" (യോഹ 10:16).

***3) ദൈവത്തോടും വിശ്വാസികളോടുമുള്ള കൂട്ടയ്മ നിത്യസൗഭാഗ്യ ത്തിന് അനിവാര്യം:*** സുവിശേഷവല്ക്കരണത്തിന്റെ ആത്യന്തിക ലക്ഷ്യം കൂട്ടായ്മയാണ്. നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു... ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവി നോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്. ഞങ്ങൾ ഇതെഴുതുന്നത് ഞങ്ങളുടെ സന്തോഷം പൂർണമാകാനാണ്'' (1യോഹ 1:3-4).

***4) കടമ നിർവഹിക്കുന്നില്ലെങ്കിൽ ശിക്ഷയനുഭവിക്കേണ്ടിവരും*** 2 രാജാക്കന്മാർ 7-ാം അദ്ധ്യായം പ്രസക്തമായ ഒരു സംഭവം വിവരിക്കുന്നു: "അവർ പരസ്പരം പറഞ്ഞു: നമ്മൾ ചെയ്യുന്നതു ശരി യല്ല. ഇതു സദ്വാർത്തയുടെ ദിവസമാണ്. നാം പ്രഭാതംവരെമിണ്ടാതി രുന്നാൽ ശിക്ഷയനുഭവിക്കേണ്ടിവരും. അതിനാൽ രാജകൊട്ടാരത്തിൽ വിവരമറിയിക്കാം" (2രാജാ 7:9).

ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഫലം ജനകോടികൾക്കു നഷ്ടമായാൽ നാം ശിക്ഷയനുഭവിക്കേണ്ടിവരും.

***5) യേശുവിനെ അറിയുകയും സ്വന്തമാക്കുകയും ചെയ്യുക എല്ലാ മനുഷ്യരുടെയും അവകാശം:*** ക്രിസ്തുവിനെ സ്വന്തമാക്കാനും അവനാൽ സ്വന്തമാക്കപ്പെടാനും (ഫിലി 3:12), തന്റെ ജനനത്തിന്റെയും ജീവിതത്തിന്റെയും ഉദ്ദേശ്യം അറിയാനുമുള്ള അവകാശം ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ കുഞ്ഞിനുമുണ്ട്. ''ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു'' (യോഹ 12:21) എന്ന് ലോകത്തിലെ അക്രൈസ്തവ സമൂഹം മുഴുവൻ നമ്മോടു പറയുന്നു. "കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്" (യോഹ 6:68) എന്ന് പത്രോസിനെപ്പോലെ അവരും പറയുന്നു. ലോകത്തിൽ അവിശ്വാസികളുടെ സംഖ്യ വർദ്ധിച്ചുവരുന്നത് ഇന്നത്തെ വിശ്വാസികൾക്ക് ലജ്ജാവഹമാണ്. നാം തിടുക്കത്തിൽ പ്രവർത്തിക്കേണ്ടതെന്തുകൊണ്ടാണെന്നും അതു ചൂണ്ടിക്കാട്ടുന്നു.

***6) സുവിശേഷവത്ക്കരണത്തിന്റെ അടിയന്തിരാവസ്ഥ:*** സുവിശേഷം സ്വീക രിക്കാനുള്ള ലോകത്തെ യേശു കൊയ്ത്തിനു പാകമായ വിളഭൂമിയോ ടാണ് ഉപമിച്ചിരിക്കുന്നത്. "നാലു മാസം കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു നിങ്ങൾ കണ്ണു കളുയർത്തി വയലുകളിലേക്കു നോക്കുവിൻ. അവ ഇപ്പോൾത്തന്നെ വിളഞ്ഞു കൊയ്ത്തിനു പാകമായിരിക്കുന്നു" (യോഹ 4:35). വിളഞ്ഞ

നെന്മണി ഉടനടി കൊയ്തെടുക്കന്നില്ലെങ്കിൽ മണികൾ കൊഴിഞ്ഞുപോകുകയും ഉപയോഗശൂന്യമാവുകയും, വിളവിന്റെ നാഥൻ നമ്മെ ശിക്ഷിക്കുകയും ചെയ്യും.

ആത്മാവിൽ ജ്വലിക്കുന്നവരായി യേശുമിശിഹായ്ക്കു സാക്ഷ്യം നല്കുവാൻ സഭാമക്കളെ സജ്ജരാക്കേണ്ടത് ഇന്നിന്റെ വലിയൊരാവശ്യമാണ്. തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ (റോമ 12:11) എന്നാണ് വി. പൗലോസ്ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നത്.

## e. ഒരു നല്ല മിഷണറിക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ

***1) മറ്റുള്ളവരുടെ ജീവിതത്തിലുള്ള താല്പര്യം:*** സുവിശേഷം വായിക്കുമ്പോൾ അനേകം വ്യക്തികളുടെ ജീവിതത്തിലും ജീവിതപ്രശ്നങ്ങളിലും യേശു പ്രവേശിക്കുന്നതായി നമുക്കു കാണാൻ സാധിക്കും. ഉദാഹരണമായി, അന്ത്രയോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ, സമരിയാക്കാരി സ്ത്രീ, വിവിധരോഗങ്ങൾ ബാധിച്ചവർ, പിശാചുബാധിതർ, മുതലായവർ

***2) മനുഷ്യരുടെ ആവശ്യങ്ങൾ തൊട്ടറിയാനുള്ള കഴിവ്:*** യേശു നൽകിയ അനേക രോഗസൗഖ്യങ്ങൾ മനുഷ്യർ ആവശ്യപ്പെട്ടിട്ടല്ല ചെയ്തുകൊടുത്തത്. യേശുവിന്റെ മനുഷ്യരിലുള്ള താല്പര്യവും, മനുഷ്യബന്ധങ്ങളുടെ ചൂടും പല കഥകളിൽ നിന്നും മനസ്സിലാക്കുന്നു: കാനായിലെ കല്യാണവിരുന്ന്, ലാസറിന്റെ കുടുംബവുമായുള്ള സൗഹൃദം, സക്കേവൂസിന്റെയും ശിമയോന്റെയും ഭവനങ്ങളിലെ വിരുന്ന്, ശമറിക്കാരി സ്ത്രീയോടുള്ള സംഭാഷണം.

***3) മനുഷ്യരുടെ പ്രശ്നങ്ങളിൽ ക്രീയാത്മകമായി ഇടപെടാനുള്ള കഴിവ്:*** ഒരു കുടുംബത്തിലെ രോഗം, മരണം, മറ്റ് അടിയന്തിരാവശ്യങ്ങൾ എന്നിവയുടെ നേരത്ത് ആവശ്യപ്പെടാതെതന്നെ, സഹായിക്കുന്നവരെയാണ് മനുഷ്യർ നന്ദിയോടെ ഓർത്തിരിക്കുക. ശാരീരികവും ബാഹ്യവുമായ കാര്യങ്ങളിൽ ആരംഭിച്ചിട്ട്, ആത്മീയ വിഷയങ്ങളിൽ ചെന്നെത്തുക, എന്നതായിരുന്നു യേശുവിന്റെ ശൈലി. കണ്ണുനീർ പൊഴിച്ചുകൊണ്ട് അവിടുന്ന് ലാസറിന്റെ ശവകുടീരത്തിനുമുന്നിൽ നിന്നു, അവന്റെ സഹോദരിമാരുടെ അഭ്യർത്ഥനകേട്ട് അവനെ അവിടുന്ന് ഉയർപ്പിച്ചു. വിശന്നു വലഞ്ഞ ജനതയെ തീറ്റി തൃപ്തിപ്പെടുത്തി, 38 വർഷം തളർവാതരോഗത്താൽ വലഞ്ഞ രോഗിയെ സുഖപ്പെടുത്തി, 18 വർഷം കൂനിയായിരുന്ന സ്ത്രീയുടെ ദയനീയാവസ്ഥകണ്ട് അവളെ സുഖപ്പെടുത്തി.

***4) മനുഷ്യരെ പരസ്പരം കൂട്ടിയിണക്കാനുള്ള കഴിവ്:*** ദൈവരാജ്യത്തെ എല്ലാത്തരം മത്സ്യങ്ങളും പെടുന്ന വലയായും, എല്ലാത്തരം പക്ഷികളും ചേക്കേറുന്ന വൃക്ഷമായിട്ടുമൊക്കെയാണ് കർത്താവ് ഉപമകളിൽ വിവരിച്ചിട്ടുള്ളത്. സാമൂഹ്യവും, സാമ്പത്തികവും, ജാത്യപരവുമായ പല തട്ടുകളിലുള്ളവരെ, ഒരു കുടുംബത്തിലുള്ളവരെപ്പോലെ ഇഴുകിച്ചേർത്ത്, അവരുടെ മനസ്സുകളിലൂടെ സ്നേഹത്തിന്റെ പാലം പണിയുക ഒരു മിഷ്യനറിയുടെ കടമയാണ്. ആദിമസഭയിൽ യഹൂദ ക്രിസ്ത്യാനികളും, യവനക്രിസ്ത്യാനികളും. പുറജാതികളും തമ്മിലുള്ള ബന്ധം ശ്രമകരമായി കോർത്തിണക്കുന്ന അപ്പസ്തോലന്മാരെ നാം ഓർക്കുക.

***5) സുവിശേഷശക്തിയിലേക്ക് ജനത്തെ വെല്ലുവിളിക്കുന്നവനാണ് യഥാർത്ഥ മിഷണറി:*** മനുഷ്യരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതും ദൈവികപാതയിലൂടെ മുന്നോട്ടു നയിക്കുന്നതും വചനത്തിന്റെ അതുല്യ ശക്തിയും ആത്മാവിന്റെ ചൈതന്യവുമാണ്. അതിനാൽ മിഷ്യണറിമാരുടെ സേവനം സാമുഹ്യമായ കാര്യങ്ങളിൽ ഒതുങ്ങാതെ വചനത്തിന്റെയും ആത്മാവിന്റെയും ശക്തിയിലേക്ക് ജനത്തെ വെല്ലുവിളിക്കുന്നതാകണം.

***6) ഒരു മിഷണറി എപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നവനല്ല:*** പുതുതായി രൂപാന്തരപ്പെട്ട ഓരോ ക്രൈസ്തവസമൂഹവും, അതിന്റെ ആന്തരിക ശക്തി കണ്ടെത്തുകയും, സ്വാശ്രയത്തിലേക്ക് വളരുകയും വേണം. ഇതിന് ജനത്തെ സജ്ജമാക്കുവാൻ മിഷണറിക്കു കഴിയണം.

***7) സമൂഹത്തിലെ പാവപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും കരുതുന്നവനാണ് മിഷണറി:*** സഭയുടെ ചരിത്രത്തിൽ എക്കാലവും സമൂഹത്തിലെ സമ്പന്നരും അഭ്യസ്തവിദ്യരും കുലീനരുമല്ല പിന്നെയോ, പാവപ്പെട്ടവരാണ് സുവിശേഷം ആവേശത്തോടെ സ്വീകരിച്ചതും, സന്തോഷത്തോടെ കൈമാറിയതുമെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. അതിനാൽ മിഷണറി ദരിദ്രരെയും അവഗണിക്കപ്പെട്ടവരെയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

***8) മറ്റു മതങ്ങളെയും സംസ്ക്കാരങ്ങളെയും പുച്ഛിക്കുകയോ, വില കുറച്ച് സംസാരിക്കുകയോ ചെയ്യാതെ പരസ്പരം ആദരിക്കുക:*** എല്ലാ പ്രധാന മതങ്ങളിലും ദൈവവചനത്തിന്റെ വിത്ത് ചിതറിക്കിടപ്പുണ്ട്. അവയിൽ പിതാവിന്റെ പ്രകാശത്തിന്റെ കിരണം കാണാൻ സാധിക്കുമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചിട്ടുള്ളത്. മറ്റുമതങ്ങളെ ആദരിക്കുക ഭാരതത്തിന്റെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമാണ്.

***9) ജീവിത സാക്ഷ്യമാണ് ആദർശങ്ങളേക്കാൾ പ്രധാനപ്പെട്ടത്:*** ക്രിസ്തീയ തത്വങ്ങളല്ല, തത്വങ്ങൾ ജീവിതത്തിൽ പകർത്തിയവരുടെ സാക്ഷ്യങ്ങളാണ് മനുഷ്യഹൃദയങ്ങളെ കൂടുതൽ സ്വാധീനിക്കുന്നത്. മാറിക്കൊണ്ടിരിക്കുന്ന ദൈവശാസ്ത്രപരമായ അഭിപ്രായങ്ങൾക്കല്ല, മാറ്റമില്ലാത്ത സുവിശേഷമൂല്യങ്ങൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്.

***10) യേശു ലോകത്തിന്റെ രക്ഷകനാണെന്ന് പറയുന്നതിൽ മിഷണറി ലജ്ജിക്കരുത്:*** സുവിശേഷത്തെക്കുറിച്ചോ, അതിനുവേണ്ടി അനുഭവിക്കുന്ന ബന്ധനങ്ങളെക്കുറിച്ചോ ഞാൻ ലജ്ജിക്കുന്നില്ലായെന്ന് പറഞ്ഞ വി. പൗലോസിന്റെ വാക്കുകൾ സ്മർത്തവ്യമാണ്.

***11) എവിടെ എപ്പോൾ സാക്ഷിക്കണം?:*** ക്രിസ്തുവിന്റെ മിഷണറി "അവസരത്തിലും അനവസരത്തിലും വചനം പ്രഘോഷിക്കണം" അതിനു സ്ഥലമോ കാലമോ പ്രശ്നമില്ല. ഓരോരുത്തരും ആദ്യം സാക്ഷിക്കേണ്ടത് സ്വന്തഭവനത്തിലും, നാട്ടിലുമാണ്, അതിനുശേഷം പുറത്തേക്ക്. കുട്ടികൾ, യുവജനങ്ങൾ, സഹപ്രവർത്തകർ, രോഗികൾ, ജയിൽവാസികൾ, അഭയാർത്ഥികൾ, രക്ഷകനെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ; അത് ജോലിക്കിടയിലോ, സ്വസ്ഥമായ സമയത്തോ, യാത്രയിലോ, ആത്മാവ് നയിക്കുന്നതനുസരിച്ച് ഓരോ വ്യക്തിയോടും സുവിശേഷം അറിയിക്കണം (അപ്പ. പ്രവ. 8:29-38).

***12) മിഷണറി ദൈവവുമായുള്ള കണ്ടുമുട്ടലിൽനിന്ന് ആരംഭിക്കണം:*** രക്ഷാചരിത്രത്തിലെ പ്രധാന വ്യക്തികളെക്കുറിച്ചു ചിന്തിക്കുക: അബ്രഹാം, മോശ, ഏശയ്യാ, ജറമിയാ, മറിയം, പൗലോസ് മുതലായവർ. അവരെല്ലാവരും കർത്താവിന്റെ പ്രത്യക്ഷീകരണ അനുഭവത്തിൽനിന്നാണ് ആരംഭിച്ചത്. അവർക്കു മുതൽക്കൂട്ടായി അവരുടെ ജീവിതത്തിലുള്ള ദൈവസാന്നിദ്ധ്യം, ദൈവവുമായുള്ള കൂട്ടായ്മ, പരിശുദ്ധാത്മ ശക്തി എന്നിവ ഉണ്ടായിരുന്നു.

***13) സുവിശേഷവല്ക്കരണത്തെ പരി. കുർബാനയുമായി താരതമ്യം ചെയ്യാം:*** ഇത് പൗലോസ്ശ്ലീഹയുടെ കാഴ്ച്ചപ്പാടിൽ മാത്രം കാണുന്ന ഒരു ചിന്തയാണ്: "... ദൈവത്തിന്റെ കൃപ എന്നെ വിജാതീയർക്കുവേണ്ടി യേശുക്രിസ്തുവിന്റെ ശുശ്രൂഷകനാക്കിയിരിക്കുകയാണല്ലോ. വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിത ശുശ്രൂഷ ചെയ്യുന്നു" (റോമ 15:15-16)

### അദ്ധ്യായം അഞ്ച്

## മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക വിളി

1. **സുവിശേഷവല്ക്കരണത്തിനായുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സമ്പത്ത്:** വി. കത്തോലിക്കാ സഭയിലെ ഒരു ചെറിയ അജഗണമാണെങ്കിലും കഴിഞ്ഞ എൺപതു വർഷങ്ങളിൽ ഏറ്റവും തീഷ്ണതയോടെ സുവിശേഷ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിഗതസഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. മിഷൻ പ്രവർത്തനം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹ്യ ക്ഷേമ പ്രവർത്തനം തുടങ്ങിയ മേഘലകളിൽ അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയവും സാമൂഹിക വുമായ രംഗങ്ങളിൽ വളരെ സജീവമാണവൾ. പത്രോസിന്റെയും പൗലോസിന്റെയും അപ്പസ്തൊലിക പൈതൃകവും അന്ത്യോക്യായിലെ അതിപുരാതന ക്രിസ്ത്യൻ പാരമ്പര്യവും റോമാ മാർപ്പാപ്പയുടെ പരമാധി കാരവും, ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സംസ്കാരവും മലങ്കര സുറിയാനി കത്തോലിക്കരുടെ സഭാജീവിതത്തിൽ ഒന്നുചേരുന്നു! അതോടൊപ്പം അതിമനോഹരവും അർത്ഥസമ്പുഷ്ടവുമായ ഒരു ആരാധനക്രമം നമുക്കുണ്ട്. സഭാപിതാക്കന്മാരുടെ അർത്ഥസമ്പു ഷ്ടമായ ലിഖിതങ്ങളും വളരെ സമ്പന്നമായ ഒരാദ്ധ്യാത്മികതയും, കൃത്യമായി നിർവചിച്ചിട്ടുള്ള സഭാനിയമങ്ങളും നമുക്കു കൈമുതലാ യിട്ടുണ്ട്. സന്യാസ സമൂഹങ്ങളും, അനേകം വൈദികരും, രാജ്യത്തിന്റെ കെട്ടുപണിയിൽ പങ്കാളികളായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ധാരാളം വിദ്യാസമ്പന്നരായ അല്മായരും നമുക്കുണ്ട്. വിവിധ രാജ്യങ്ങളിൽ മലങ്കരസഭയുടെ അഭിമാനഭാജനങ്ങളായി സാക്ഷ്യത്തിന്റെ ജീവിതം നയിക്കുന്ന അനേകം പേരുണ്ട്. മതപ്രചരണ സ്വാതന്ത്ര്യം നല്കുന്ന ഭരണ ഘടനയും നമുക്കുണ്ട്. സുവിശേഷ ചൈതന്യത്താൽ തങ്ങളുടെ ആത്മീയവും സാംസ്കാരികവുമായ ജീവിതത്തെ രൂപാന്തരീകരിക്കാൻ സഹായിക്കുന്ന മിഷണറിമാർക്കുവേണ്ടി കാത്തിരിക്കുന്ന പട്ടികജാതി പട്ടികവർഗത്തിൽ പെട്ടവരും നിർധന രുമായ അനേകർ ഇന്നും നമ്മുടെ രാജ്യത്തുണ്ട്. ആധുനിക യാത്രാ സൗകര്യങ്ങളും വാർത്താവിനിമയവും സുവിശേഷവല്ക്ക രണത്തിന് സഹായകരമാണ്. ദൈവം ദാനമായി തന്ന ഈ സമ്പത്തുകളെക്കുറിച്ചു

നാം ബോദ്ധ്യമുള്ളവരാണോ? നമ്മുടെ സുവിശേഷ ദൗത്യത്തോടു നാം നീതിപുലർത്തുന്നുണ്ടോ?

## 2. സുവിശേഷവല്ക്കരണത്തിനുള്ള നമ്മുടെ അവകാശങ്ങളും കടമകളും

വചനം പ്രഘോഷിക്കാനുള്ള ദൈവദത്തമായ അവകാശങ്ങളും കടമകളും ഓരോ വ്യക്തിഗത സഭയ്ക്കുമുണ്ട്. ഇത് ഓരോ ക്രിസ്തു വിശ്വാസിയിലും നിക്ഷിപ്തമായിരുക്കുന്ന ധർമ്മമാണ്. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" (1 കൊറി 9:16). നമ്മുടെ കർത്താവിന്റെ നിർദ്ദേശപ്രകാരം മാത്രമല്ല, വചന അനുഭവത്താലുമാണ് സുവിശേഷം പ്രഘോഷിക്കുന്നത്. അപ്പസ്തോല പ്രവർത്തനങ്ങളിൽ പറയുന്നതുപോലെ, ഓരോ വ്യക്തിയും സഭയിൽ തങ്ങൾക്കു ലഭിച്ച അവസരമനുസരിച്ച് വചനം പ്രഘോഷിക്കണം (4:34; 8:4).

## 3. ഭാരതത്തിലെ നീതിക്കു നിരക്കാത്ത മിഷൻ അന്തരീക്ഷം

പൗരസ്ത്യ സഭകളെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ ഡിക്രിയിൽ ഇപ്രകാരം പറയുന്നു: "പ്രാദേശിക സഭകൾതമ്മിൽ, കിഴക്കും പടിഞ്ഞാറുമുള്ളവ തമ്മിൽ... എല്ലാ സഭകൾക്കും തുല്യപദവിയാണുള്ളത്. ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാ സഭകൾക്കും ഒരേ അവകാശങ്ങളും ഉത്തരവാദിത്വവുമാണു ള്ളത്. അതുപോലെ ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുക (മർക്കോ 16:15) എന്നതും റോമാ മാർപ്പാപ്പയുടെ നിർദ്ദേശാനുസരണം എല്ലാ സഭകളുടെയും കടമയാണ്." ഈ സുന്നഹദോസ് റോമൻ സഭകൾക്ക് മറ്റു സഭകളിന്മേലുള്ള മുൻഗണന അംഗീകരിക്കുന്നില്ല. എന്നാൽ ഇതിനു വിപരീതമായി പൗരസ്ത്യ മിഷണറിമാർ മേൽപറഞ്ഞ മേധാവിത്വത്തിനു കീഴ്‌വഴങ്ങേണ്ട സാഹചര്യങ്ങൾ ഇൻഡ്യയിലെ ചില സ്ഥലങ്ങളിലുണ്ട്.

## 4. എല്ലാ പ്രായക്കാർക്കും ഏതു ശുശ്രൂഷയിലായിരിക്കുന്ന വർക്കും മിഷണറിമാരാകാം

**ദമ്പതിമാർ –** പത്രോസും പൗലോസും റോമായിലെത്തുന്നതിനു മുമ്പുള്ള ആദ്യ മിഷണറിമാരാണ് പ്രിസ്കായും അക്വീലായും: "യേശുക്രിസ്തുവിൽ എന്റെ സഹപ്രവർത്തകരായ പ്രിസ്കായ്ക്കും

അക്വീലായ്ക്കും വന്ദനം പറയുവിൻ. അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ ജീവൻ പണയപ്പെടുത്തിയവരാണ്. ഞാൻ മാത്രമല്ല, വിജാതീയരുടെ സകല സഭകളും അവർക്കു നന്ദി പറയുന്നു'' റോമ 16:3).

**സ്ത്രീകൾ** – യേശുവിന്റെ മിഷണറി യാത്രയിൽ അവിടുത്തെ അനുഗമിച്ച ഗലീലിയക്കാരായ സ്ത്രീകൾ തങ്ങളുടെ സമ്പത്തുകൊണ്ട് യേശുവിനെയും അപ്പസ്തോലന്മാരെയും ശുശ്രൂഷിച്ചു: "ഗലീലിയിൽ നിന്ന് യേശുവിനെ അനുഗമിച്ചവരും അവനു ശുശ്രൂഷ ചെയ്തിരുന്ന വരുമായ അനേകം സ്ത്രീകൾ അകലെ ഇക്കാര്യങ്ങൾ നോക്കിക്കൊണ്ടു നിന്നിരുന്നു" (മത്താ 27:55).

**വിധവകൾ** – ലിദിയാ എന്ന വിധവ അപ്പസ്തോലന്മാരെ സ്വഭവനത്തിൽ സ്വീകരിച്ചു. ''ഞങ്ങളുടെ വാക്കുകൾ കേട്ടവരുടെ കൂട്ടത്തിൽ തീയത്തീറാ പട്ടണത്തിൽനിന്നു വന്ന പട്ടുവില്പനക്കാരിയും ദൈവഭക്തയുമായ ലിദിയ എന്ന സ്ത്രീയുമുണ്ടായിരുന്നു. പൗലോസ് പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കാൻ കർത്താവ് അവളുടെ ഹൃദയം തുറന്നു. കുടുംബസമേതം ജ്ഞാനസ്നാനം സ്വീകരിച്ച അവൾ ഞങ്ങളോടു പറഞ്ഞു: കർത്താവിൽ വിശ്വസിക്കുന്നവളായി എന്നെ നിങ്ങൾ ഗണിക്കുന്നെങ്കിൽ ഇന്ന് എന്റെ ഭവനത്തിൽ വന്നു വസിക്കാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു" (അപ്പ 16: 14-16). ഒരു മിഷണറിയെ സഹായിക്കുന്നതും മിഷണറി പ്രവർത്തനമാണ്.

**യുവജനങ്ങൾ** – സ്നാപകയോഹന്നാൻ, യോഹന്നാൻ ശ്ലീഹാ, സാവൂൾ, സ്തേഫാനോസ്, മർക്കോസ്, തിമോത്തി, മുതലായവരെല്ലാം ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചപ്പോൾ ചെറുപ്പക്കാരായിരുന്നു. യുവാക്കളെയും കുട്ടികളെയും മിഷണറി അവബോധത്തോടെ വളരാൻ സഹായിക്കുന്നത് സുവിശേഷവല്ക്കരന ണത്തിന് വലിയ സംഭാവനയായിരിക്കും.

**കുട്ടികൾ** – നാമാൻ സുഖപ്പെടുന്നതിനും "ഭൂമിയിൽ ഇസ്രായേലി ന്റേതല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ ഇപ്പോൾ അറിയുന്നു'' എന്നുപറഞ്ഞ് ഇസ്രായേലിന്റെ ദൈവമായ കർത്താവിൽ വിശ്വസിക്കു ന്നതിനും കാരണമായ ഒരു യഹൂദ പെൺകുട്ടിയെ ക്കുറിച്ച് 2 രാജാ 5:2-4 -ൽ പറയുന്നുണ്ട്.

**രോഗികൾ** – രോഗക്കിടക്കയിൽ കിടന്നുകൊണ്ട് തങ്ങളുടെ സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയും മിഷണറിമാർക്കു ശക്തി പകർന്ന വി. കൊച്ചുത്രേസ്യായെക്കുറിച്ചോ വി. അല്ഫോൺസായെ ക്കുറിച്ചോ ചിന്തിക്കുക.

## 5. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിത ദർശനം

ഭാരതം മുഴുവൻ യേശുവിനായി നേടാൻ സ്വപ്നംകണ്ട ഒരു വലിയ ദാർശനികനാണ് പുനരൈക്യ ശില്പിയായ ആർച്ചുബിഷപ് മാർ ഈവാനിയോസ്. മിഷണറി പ്രവർത്തനങ്ങളൊന്നുമില്ലാതെ നിദ്രാവസ്ഥയിലായിരുന്ന മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ അവസ്ഥകണ്ട് മനംനൊന്ത വന്ദ്യപിതാവ് അവളെ നിദ്രയുടെ ആലസ്യത്തിൽനിന്നുണർത്താൻ തന്റെ പ്രചോദനപരമായ വാക്കു കളിലൂടെയും എഴുത്തുകളിലൂടെയും പരിശ്രമിച്ചു.

### മ. മലങ്കര സഭയുടെ മിഷണറി സമർപ്പണത്തെക്കുറിച്ച്

താനുൾപ്പെടുന്ന സഭാസമൂഹത്തിന്റെ ശിഥിലമായ അവസ്ഥകണ്ടു വിലപിച്ചുകൊണ്ട് അതിന്റെ സുവിശേഷവല്ക്കരണ ദൗത്യത്തെക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് ഗിരിദീപത്തിൽ ഇപ്രകാരം എഴുതി:

“പുണ്യശ്ലോകനായ മാർത്തോമ്മാശ്ലീഹായാൽ സംസ്ഥാപിതമെന്നും പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുവരുന്ന മലങ്കര സുറിയാനി സമുദായം ഇക്കാലത്തിനകം അതിന്റെ കർത്തവ്യ കർമ്മമേതോ ആ വിഷയത്തിൽ ഇതഃപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേ ണ്ടതാണ്... ഭാരതഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരു കാലത്ത് മലങ്കര സുറിയാനി സമുദായം സമാ ധാനം പറയേണ്ടതായിത്തന്നെ വന്നു കൂടും. കർത്തവ്യകർമ്മബോധ ത്തോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്ത്യാസാമ്രാജ്യത്തിനാകവെ ഉണ്ടാകുമായിരുന്ന ആത്മീയാഭിവൃദ്ധിയെ നഷ്ടപ്പെടുത്തിയതിന് അന്നു തക്കതായ ഒരു കാരണവും നമുക്കു പറയുവാനുണ്ടാകില്ല... അതിനാൽ വന്നിട്ടുള്ള അപരാധത്തെപ്പോലും പരിഹരിക്കത്തക്കവിധത്തിൽത്തന്നെ മലങ്കര സുറിയാനി സമൂഹം ഇപ്പോൾ ഉണർന്നു പ്രവർത്തിക്കേണ്ടതാ യിട്ടുണ്ട്.” (ഗിരിദീപം പേജ് 56).

### യ. സുവിശേഷവേലയിൽ ഇടവകവൈദികരുടെ പങ്ക്

“ക്രിസ്തീയ സഭാംഗങ്ങളുടെ ആത്മീയജീവിതവും സുവിശേഷവേ ലയും തമ്മിലുള്ള ബന്ധം എത്രയും ഗാഢമാകുന്നു. അപ്രകാരംതന്നെ സുവിശേഷവേലയിൽ ഒരു സഭയ്ക്കുള്ള ആസക്തിയും താല്പര്യവും സഭയുടെ ഭക്തിയെയും ദൈവസ്നേഹത്തെയും ആശ്രയിച്ചിരിക്കുന്നു. കർത്താവിനെക്കുറിച്ചുള്ള സ്നേഹം തണുത്തുപോവുകയും ലോക ത്തിൽ പാപത്തിന്റെ ശക്തി വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് ഹൃദയപൂർവ

കമായ വേദന തോന്നാതിരിക്കുകയും ചെയ്യുന്ന ഒരു കാലം ക്രിസ്ത്യാനിയ്ക്കുണ്ടാകുമ്പോൾ ആത്മീയമായ അധ:പതനമാണ്. ക്രിസ്തീയ സഭയ്ക്കും ഇങ്ങനെതന്നെ. സഭയ്ക്കു ഭക്തി കുറഞ്ഞുപോവുകയും സഭാംഗങ്ങളോടും അന്യരോടും ക്രിസ്തു മുഖാന്തിരമുള്ള രക്ഷയെ ഉപദേശിക്കുന്നതിൽ താല്പര്യമില്ലാതാകുകയും ചെയ്യുന്ന കാലത്ത് ആ സഭയ്ക്ക് അധോഗതിയാകുന്നു. ആത്മീയകാര്യങ്ങളിൽ ശുഷ്കാന്തിയില്ലാതെ ഉറങ്ങിക്കൊണ്ടിരിക്കുന്ന ഒരു സഭയിൽ ഭക്തി വർദ്ധിപ്പിക്കുകയും സഭാംഗങ്ങൾക്ക് തങ്ങളുടെ ചുമതല മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക എന്നത് ആത്മീയതലവന്മാരുടെ ചുമതലയാകുന്നു. ഇതരജാതികളെയും സമുദായങ്ങളെയും മിശിഹായുടെ രാജ്യത്തിലേക്ക് അധീനപ്പെടുത്തുവാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയ്ക്കു ദിനംപ്രതി ആത്മീയാഭിവൃദ്ധിയും ശ്രേയസ്സും വർദ്ധിച്ചുവരുന്നതിനേ മാർഗ്ഗമുള്ളു. ദൈവഭക്തിമുഖാന്തിരം സുവിശേഷവേലചെയ്യുന്ന ഒരു സഭ സുവിശേഷവേല മുഖാന്തിരം അധികമധികം ഭക്തിയുള്ളതായിത്തീരുന്നു."

"ലോകത്തിന്റെ നാനാഭാഗങ്ങളിലും സുവിശേഷവേല ചെയ്യുന്നതിന് എല്ലാ സഭക്കാർക്കും ഉത്സാഹമുണ്ട്.... ഓരോരുത്തരും അവരവരുടെ ചുമതല നിറവേറ്റുന്ന ഇക്കാലത്തു നമ്മുടെ സഭ അതിനെ വേണ്ടവണ്ണം നിവർത്തിക്കാതിരിക്കുന്നതെന്തുകൊണ്ട്? സഭാനായകന്മാർക്ക് ഇക്കാര്യത്തിലുള്ള ഉത്സാഹക്കുറവുകൊണ്ടോ, സഭാംഗങ്ങളുടെ ഭാഗത്തു ശുഷ്ക്കാന്തി ഇല്ലായ്കയാലോ? എങ്ങനെ ആയിരുന്നാലും ഓരോ ഇടവകയിലുമുള്ള പട്ടക്കാർ ദൈവത്തിന്റെ കയ്യിൽ ആയുധങ്ങളാണെന്ന് അറിയുന്ന പക്ഷം ഈ കുറവിനെ പരിഹരിക്കാവുന്നതാണ്. ജീവിപ്പിക്കുന്നവനായ വിശുദ്ധാത്മാവിന്റെ പ്രവൃത്തി സഭാംഗങ്ങളിൽ ശക്തിയോടു നടക്കത്തക്കവണ്ണം ഇടവപ്പട്ടക്കാർ ഉത്സാഹിക്കുന്ന പക്ഷം ആ പരിശ്രമത്തെ ദൈവം സഫലമാക്കിത്തീർക്കുന്നതാണ്. യഥാർത്ഥദൈവഭക്തിയുള്ള പട്ടക്കാർക്ക് തങ്ങളുടെ ഇടവകയെ ഭക്തിയുള്ളതാക്കാൻ സാധിക്കും. കർത്താവിനെക്കുറിച്ചുള്ള സ്നേഹം നിമിത്തം ആയുസ്സിനെ ദൈവത്തിന്റെ നാമത്തിൽ ബലികഴിക്കുന്നതിന് സന്നദ്ധരായ ആളുകൾ ധാരാളമായിട്ടുണ്ടാകുന്നതുമാണ്" (സുറിയാനി സുവിശേഷകൻ 1085 മേടം ലക്കം).

## ര. സന്യസ്തരും സുവിശേഷവല്ക്കരണവും

"ദൈവസേവനത്തെ ജീവിതപ്രമാണമാക്കിയവരായി, ദൈവഭക്തിയിൽ പരിപോഷിക്കപ്പെടുന്നവരായുള്ളവരെ തിരഞ്ഞെടുത്ത് രൂപീകരിക്കപ്പെടുന്ന ഒരു സ്ഥാപനം കൊണ്ടുമാത്രമേ സുറിയാനി സമുദായത്തിന് യഥാർത്ഥമായ അഭ്യുദയവും സുവിശേഷപ്രചരണവേലയ്ക്കു വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാകുകയുള്ളു. ഉയരത്തിൽ നില്ക്കു

ന്നവനല്ലാതെ കുഴിയിൽ കിടക്കുന്നവനെ രക്ഷപ്പെടുത്താൻ കഴിവുള്ള തല്ല. സുവിശേഷപ്രചരണം വാക്കുകളാലോ വാക്യങ്ങളാലോ മാത്രമല്ല സുകൃത നടപടികളാലും പരോപകാരാർത്ഥമായ സ്നേഹവ്യാപാരങ്ങ ളാലും നിർവഹിക്കപ്പെടേണ്ടതാണ്.... സുകൃതങ്ങൾ സുകൃതരിൽനിന്നു മാത്രമേ സംജാതമാവുകയുള്ളു. പുണ്യപ്രവൃത്തികളേക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യജീവിതത്തിനത്രേ. ലോകരെ ദൈവത്തിലേക്കു തിരിക്കണമെങ്കിൽ യഥാർത്ഥമായ ദൈവഭക്തിയും ദൈവസ്നേഹവു മുള്ള സുവിശേഷകന്മാർ ഉണ്ടായിരിക്കണം.... ദൈവസേവനത്തേക്കാൾ അത്യുത്തമമല്ലയോ ദൈവസമ്പാദനം!" (ഗിരിദീപം പേജ് 60).

## 6. അതാതു രൂപതയുടെ/ജില്ലയുടെ/ഇടവകയുടെ/സന്യാസ സമൂഹത്തിന്റെ ഇതുവരെയുള്ള പ്രവർത്തന നേട്ടങ്ങളുടെ റിപ്പോർട്ട്

**ഉപസംഹാരം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ തങ്ങളുടെ പ്രത്യേക വിളിയെക്കുറിച്ചുള്ള അവബോധമുണർത്തുക എന്നതാണ് ഈ മാർഗരേഖ തയാറാക്കിയതിനുപിന്നിലെ ഉദ്ദേശ്യം. വചനത്തിന്റെ ശക്തിയാലും അരൂപിയുടെ ചൈതന്യത്താലുമാണ് ഈ അവബോധ മുണർത്തേണ്ടത്. നമ്മുടെ സമ്പന്നമായ ആരാധനക്രമവും സഭാപിതാക്കന്മാരുടെ പ്രബോധനവും പ്രേഷിത ദൗത്യത്തിനായി നമ്മെത്തന്നെ അർപ്പണം ചെയ്യാൻ നിരന്തര പ്രേരണ നല്കുന്നു.

നമ്മുടെ ചർച്ചകളിലും ഒരുമിച്ചുള്ള പ്രാർത്ഥനകളിലും നമ്മുടെ സുവിശേഷ ദൗത്യത്തെക്കുറിച്ച് പരിശുദ്ധാത്മാവു നമ്മെ ഓർമ്മിപ്പിക്കും. വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ട് ഈ മാർഗരേഖ നമുക്ക് ഉപസംഹരിക്കാം: "നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരു പ്രതീക്ഷിച്ചിരുന്നതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു" (റോമ 13:11). സുവിശേഷ ശുശ്രൂഷയ്ക്കായുള്ള വിളി ശ്രവിക്കുമ്പോൾ നഷ്ടപ്പെടുത്താൻ നമുക്കു സമയമില്ല, പിന്നെയോ നാം നമ്മുടെ ഊർജത്തെ ഉജ്വലിപ്പിക്കുകയും തീഷ്ണത വർദ്ധിപ്പിക്കുകയും വേണം. സഭാ അസംബ്ലി മലങ്കര കത്തോലിക്കാ സഭയ്ക്കുമുഴുവൻ ഉണർന്നെഴുന്നേ ല്ക്കാനുള്ള ഒരു വിളിയാകട്ടെ!

**ബനഡിക്ട് 16-ാമൻ മാർപ്പാപ്പ:** ''ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലൂടെ സുവിശേഷത്തെപ്പറ്റി വിസ്മയിക്കുന്നതിനേക്കാൾ മനോഹരമായി മറ്റൊന്നുമില്ല. ക്രിസ്തുവിനെ അറിയുകയും അവനുമായുള്ള നമ്മുടെ ആത്മബന്ധത്തെക്കുറിച്ച് മറ്റുള്ളവരോടു പറയുകയും ചെയ്യുന്നതിനേ ക്കാൾ മനോഹരമായി മറ്റൊന്നുമില്ല" (Homily at the inauguration of his Petrine Ministry, AAS 97 (2005), p.711).

## ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:

1. സഭയിൽ ഇന്നു മിഷൻ പ്രവർത്തന മേഖലയിൽ കാണുന്ന മന്ദതയ്ക്കു കാരണം എന്ത്?
2. അകത്തോലിക്കരുടെ പുനരൈക്യം സുവിശേഷവൽക്കരണമായി കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടോ?
3. നമ്മിലെ "ഉപ്പ് ഉറകെട്ടുപോയോ"?
4. മതമൗലികവാദികളും തീവ്രവാദ പ്രസ്ഥാനങ്ങളും നമ്മെ മിഷനറി പ്രവർത്തനത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നുണ്ടോ?
5. നമ്മുടെ ആരാധനാക്രമം മിഷൻ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുന്നതാണോ? സുവിശേഷവൽക്കരണത്തിന് ഉപയോഗ പ്രദമായ ഉപകരണമാകത്തക്കവണ്ണം ഇന്ത്യൻ സംസ്ക്കാരവുമായി അത് താദാമ്യം പ്രാപിച്ചിട്ടുണ്ടോ?
6. നമ്മുടെ സന്യാസ സമൂഹങ്ങൾക്ക് അവരുടെ സ്ഥാപന ഉദ്ദേശ്യം നഷ്ടപ്പെട്ടോ?
7. മാർ ഈവാനിയോസ് പിതാവ് ബഥനി സന്യാസ-സമൂഹങ്ങൾ സ്ഥാപിച്ചപ്പോഴും മേരിമക്കൾ സമൂഹം സ്ഥാപിക്കാനുള്ള പ്രോത്സാഹനവും നയാമിക അംഗീകാരവും നൽകിയപ്പോഴും തിരുമേനിയുടെ മനസ്സിലെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?
8. സന്യസ്തർ അവരുടെ ലക്ഷ്യ ബോധത്തിലും ജീവിത ശൈലിയിലും "ഭൗതീകതയിൽ" ആണ്ടുപോയോ?
9. നമ്മുടെ മതബോധന പാഠ്യപദ്ധതി ഒരു മലങ്കര കത്തോലിക്കാ കുട്ടിയിൽ ഒരു മിഷൻ അവബോധം നിറയ്ക്കാൻ പര്യാപ്തമാണോ?
10. നമ്മുടെ ഭക്തസംഘടനകൾക്ക് മിഷൻ ചൈതന്യം ഉണ്ടോ?
11. നമ്മുടെ ഭദ്രാസന വൈദീകർ "നഷ്ടപ്പെട്ടതിനെ തേടി" പോകുന്ന യഥാർത്ഥ അജപാലകർ ആണോ അതോ അവർ ബുദ്ധിമുട്ടുകളിൽ (പരീക്ഷണങ്ങളിൽ) ആടുകളെ ഉപേക്ഷിച്ചുപോകുന്ന "കൂലിക്കാരായി" പരിണമിച്ചോ?
12. ഭദ്രാസന മെത്രാന്മാർ അക്രൈസ്തവ മിഷനുകൾ പുഷ്ടിപ്പെടുത്തുന്നതിന് എത്രമാത്രം പണം, സമയം, ശ്രദ്ധ ഇവ വയ്ക്കുന്നു?
13. നമ്മുടെ സെമിനാരി വിദ്യാർത്ഥികൾക്ക് ഇന്നത്തേതിൽ നിന്ന്

വ്യത്യസ്ഥമായ ഒരു മിഷൻ പരിചയം ആവശ്യമുണ്ടോ? (ദാരിദ്ര്യ ജീവിത അനുഭവം സെമിനാരിയിലെ എല്ലാം ക്രമീകരിക്കപ്പെട്ടിരിക്കുന്ന തികവാർന്ന അനുഭവത്തിൽ നിന്നും മാറി)

14. മലങ്കര കത്തോലിക്കർ വിദേശരാജ്യങ്ങളിൽ കുടിയേറുന്നതിന് സാമ്പത്തിക സംബന്ധമായ കാരണങ്ങൾ മാത്രമേ ഉള്ളോ? അവർക്ക് ലഭിക്കുന്ന സാഹചര്യങ്ങളെ സുവിശേഷവൽക്കരണത്തിനും ഇന്ത്യയുടെ പ്രത്യേകമായ സാമൂഹ്യ വ്യവസ്ഥതിയുടെയും കുടുംബ ഭദ്രതയുടെയും വിശ്വാസത്തിന്റെയും വേദികളായി അവർ ഉപയോഗിക്കുന്നുണ്ടോ?

15. പ്രവാസികളായി പാർക്കുന്ന രാജ്യങ്ങളിൽ, ആ രാജ്യങ്ങളിലെ സാംസ്ക്കാരിക അനുരണനം നമ്മുടെ ആരാധനാക്രമത്തിൽ എത്രമാത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്?

16. നമ്മുടെ ദേവാലയ സംഗീതം പുതുതലമുറയ്ക്ക് സ്വീകാര്യമാണോ?

17. നമ്മുടെ സഭയ്ക്ക് മറ്റ് ജനതകളുടെ മിഷൻ ദൈവശാസ്ത്രവും, സംസ്ക്കാരങ്ങളും വിവിധ ഭാഷകളും പഠിപ്പിക്കുന്ന ഒരു മിഷനറി പാഠശാല ആവശ്യമോ?

18. വൈദീക സ്ഥാനീയരില്ലാത്ത സഭകളിലെപ്പോലെ "അൽമായ പ്രേഷിതരെ" നമ്മൾ പ്രോത്സാഹിപ്പിക്കണമോ? പ്രേഷിത മേഖലകളിൽ സ്ഥിര ശെമ്മാശൻ (Permanent deacon) മാരുടെ ഭാഗഭാഗിത്വം എന്ത്?

19. മാർ ഈവാനിയോസ് തിരുമേനിയുടെ മിഷൻ ദർശനം എന്ത്?

20. പഴയ കാല പ്രേഷിതർ മലങ്കരസഭയിൽ ഉപയോഗിച്ച പ്രേഷിത ഉപാധികൾ ഏവ?

21. മലങ്കര കത്തോലിക്കാ സഭയ്ക്ക് ഒരു പുനർ-സുവിശേഷവൽക്കരണം ആവശ്യമോ?

22. നമ്മടെ കുടുംബങ്ങൾക്ക് സുവിശേഷവൽക്കരണം സാദ്ധ്യമാക്കുന്ന "ഗാർഹിക സഭകളായി"ത്തീരാൻ സാധിക്കുമോ? ക്രിസ്തുവിന് വേണ്ടി ജീവൻ ത്യജിക്കാൻ നമ്മുടെ കുടുംബങ്ങൾ നമ്മുടെ കുട്ടികൾക്കും യുവാക്കൾക്കും പ്രേരണനൽകുന്നുണ്ടോ?

**BIBLIOGRAPHY**


1. Vatican Council II : Lumen Gentium, Dogmatic Constituion on the Church (1965).
2. Vatican Council II: Gaudium et Spes (1966)
3. Pope Paul VI, Evangelium Nuntiandi, Apostolic Exhortation, (1975).
4. Vatican Council II: Christifideles Laici, Post-Synodal Apostolic Exhortation, (1988).
5. Pope John Paul II, Redemptoris Missio (7 December 1990)
6. Pope John Paul II, Ecclesia in Asia, (6, November 1999)
7. Pope John Paul II, Orientale Lumen, Apostolic Letter, (1995)
8. Pope John Paul II, Ut Unum Sint, Encyclical, (1995)
9. Congregation for Doctrine of Faith, Dominus Jesus, (Roma, 2006)
10. Pope Benedict XVI, Anglicanorum Coetibus, Apostolic Constitution, (2009).
11. John Pellissery, Malankara Katholica Sabha, (Pellisseri Publications, Kottayam, 2000)
12. Vijay Shantiraj (Ed.) Let Your Light Shine, (CBCI Commission for Proclamation, Bangalore, 2010).
13. Reinhard Lettmann, Vom Glauben der Gemeinde getragen, (Butzon & Bercker, 1980)
14. Varghese Vallikatt, “Theology of the New Evangelization” ( Article)
15. Mathew Vellanickal, “The Evangelizing Mission of the Syro-Malabar Church, Article”, (May, 2009)
16. Mathew G. Charthakuzhiyil, Servant Leadership for New Evangelization (Thesis submitted in partial fulfillment of the requirements for the degree of Licentiate in Sacred Theology) Detroit, 2010.

## പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാസഭാഅസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന

ഐക്യത്തിന്റെ അടയാളവും രക്ഷയുടെ മാർഗദീപവുമായി മലങ്കര സുറിയാനി കത്തോലിക്കാസഭയെ വിളിച്ചതിനാൽ സ്വർഗീയ പിതാവേ, ഞങ്ങൾ അങ്ങയുടെ പരിശുദ്ധ നാമത്തെ സ്തുതിക്കുകയും അങ്ങേക്ക് നന്ദി പറയുകയും ചെയ്യുന്നു. "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതിലാണ്" (യോഹ 17:3) നിത്യജീവനെന്ന് സഭയായി ഞങ്ങൾ ഏറ്റുപയുന്നു. നിന്റെ ഏകപുത്രനെ നീ അയച്ചതുപോലെ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന് കല്പിച്ചുകൊണ്ട് നിന്റെ പുത്രൻ ശ്ലീഹന്മാരെ അയച്ചുവല്ലോ. കർത്താവിന്റെ നിരന്തരമായ സാന്നിധ്യവും പരിശുദ്ധാത്മാവിന്റെ ശക്തിയുമാണ് സഭയുടെ പ്രേഷിത ശുശ്രൂഷയുടെ അടിസ്ഥാനമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുകയും വി. മൂറോനാൽ അഭിഷിക്തരാകുകയും ചെയ്ത ഞങ്ങൾ ക്രിസ്തുവിലൂടെ സാധ്യമായ രക്ഷയുടെ സദ്വാർത്ത പ്രഘോഷിച്ച് ലോകത്തിന്റെ അതിർത്തികളോളം ദൈവത്തിന്റെ രക്ഷാകര പദ്ധതിക്ക് സാക്ഷികളായി ജീവിക്കാൻ അയയ്ക്കപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുന്നു. "കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അ.പ്ര.4:20) എന്ന അപ്പസ്തോലന്മാരുടെ പ്രേഷിത തീക്ഷ്ണത ഞങ്ങളിൽ ജ്വലിപ്പിക്കേണമേ.

ഒരു പുതിയ പെന്തക്കോസ്തായിൽ എന്നപോലെ, ഈ സഭാ അസംബ്ലിയിലേയ്ക്ക് അങ്ങയുടെ ആത്മാവിനെ അയയ്ക്കുകയും ഞങ്ങളുടെ സഭാപിതാക്കന്മാരുടെയും, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെയും മറ്റു പ്രേഷിതവര്യരുടെയും പ്രേഷിത തീക്ഷ്ണതകൊണ്ട് ഞങ്ങളെ നിറയ്ക്കുകയും ചെയ്യണമേ. ഞങ്ങളുടെ സഭാഅസംബ്ലിയുടെ കൂടിവരവിനെയും വിചിന്തനങ്ങളെയും അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കണമെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറി പാർക്കുന്ന ഞങ്ങളുടെ സഭാംഗങ്ങൾ എല്ലാവരേയും ഇത് പ്രചോദിപ്പിക്കുകയും കർമ്മനിരതരാക്കുകയും ചെയ്യട്ടെ.

തിരുസഭയുടെ മാതാവായ പരി. മറിയത്തിന്റെയും ഞങ്ങളുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളോട് ചേർത്ത് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലൂടെ ഞങ്ങൾ യാചിക്കുമ്പോൾ, സ്വർഗസ്ഥപിതാവേ, ഞങ്ങളുടെ സഭാഅസംബ്ലി അങ്ങയുടെ തിരുനാമമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും ഇടയായിത്തീരേണമെ. ആമ്മീൻ